# സത്യദൂതൻ

2020 മാർച്ച് | ലക്കം 03

വില ₹ 30



## കേവല നീതിയും ജീവി ലോകവും

## നിസ്വനായ യേശുവിന്റെ പ്രതിപുരുഷന്മാർ സിംഹാസനാരൂഢരായപ്പോൾ

## ആവർത്തിക്കുന്ന റേഡിയോ സ്പന്ദനം: അന്യഗ്രഹ ജീവികളുടേതോ?

# Ahmadiyya Muslim Community

## Apps for mobile devises

Download free apps developed by Ahmadiyya Muslim Community for your iphone,ipode, and Android




**Quran**
Read the Holy Quran in easy Yassarnal Quran Font




**Conditions of Bai'at**
A pocket reference of Shara't-e-Bai'at in 7 languages



**Sermons**
Huzoor's Friday Sermons In 15 languages

**MTA**
Watch MTA Live, view Schedule and much more



**Ahmadiyya News**
Stay up to date with the Latest jama'at news

View these apps at
alislam.org/apps
or scan the QR code below





The Sathyadoothan Monthly

لا إله إلا الله محمد رسول الله

# സത്യദൂതൻ

2020 മാർച്ച്
ഹി.ശ.1400 - അമാൻ
1441 റജബ് - ഷഹബാൻ
പുസ്തകം 92 ലക്കം 03
വില 30 രൂപ

ഒരു നൂറ്റാണ്ടിനോടടുക്കുന്ന മലയാളത്തിലെ ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം



**5** എഡിറ്റോറിയൽ

**6** യുഗശബ്ദം



**7**
ഖുത്ബ സംഗ്രഹം
**സത്യമേവ ജയതേ**
ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു..)
അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു..) 2019 ഫെബ്രുവരി 14ന് ബൈത്തുൽ ഫുതൂഹ് ലണ്ടനിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം.

**11**
**മത സമൂഹങ്ങളുടെ ഐക്യം രോഗങ്ങളും ദുരന്തങ്ങളും അകറ്റും**
ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ)

**12**
അഹ്മദിയ്യാ പ്രസ്ഥാനം - 6
**ഇസ്‌ലാമിലെ ധാർമിക പാഠങ്ങൾ**
ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് (റ)

**18**
**ബാഹ്യരൂപങ്ങളും ആന്തര സത്തയും**
ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് (റ)

**22**
കേവലനീതി, അനുകമ്പ, ബന്ധുത്വം
മൂന്ന് സക്രിയ തത്വങ്ങൾ നിർവ്വചിക്കപ്പെടുന്നു 2
**കേവല നീതിയും ജീവിലോകവും**
ഹദ്റത്ത് മിർസാ താഹിർ അഹ്മദ് (റഹ്)

**27**
ഇസ്‌ലാമും സെക്കുലർ ഡെമോക്രസിയും 3
**നിസ്വനായ യേശുവിന്റെ പ്രതിപുരുഷന്മാർ സിംഹാസനാരൂഢരായപ്പോൾ**
എ.എം. മുഹമ്മദ് സലീം

**32**
ഭാഗം - 6
**ഹദ്റത്ത് മൗലാനാ ഹക്കീം നൂറുദ്ദീൻ സാഹിബ് ഭേരവി**
(ഖലീഫത്തുൽ മസീഹ് അവ്വൽ (റ))
ഇബ്നു വഫാ ബേപ്പൂർ

**39**
കുറിപ്പുകൾ
**ആവർത്തിക്കുന്ന റേഡിയോ സ്പന്ദനം: അന്യഗ്രഹ ജീവികളുടേതോ?**
മുസാഫിർ

**സത്യദൂതൻ**
മസ്ജിദ് ഉമർ, സെന്റ്ബെനഡിക്ട് റോഡ്,
എറണാകുളം നോർത്ത്, കൊച്ചി-682018

ചീഫ് എഡിറ്റർ
**എച്ച്. ശംസുദ്ദീൻ**
**ഫോൺ:** 99460 21252

എഡിറ്റർ
**ഏ. എം. മുഹമ്മദ് സലീം**
**ഫോൺ:** 80755 86837
Email-salimqld@gmail.com

മാനേജർ
**എച്ച്. അഹ്മദ് ഷാഫി**
**ഫോൺ:** 8089574250

Printed & Published by B.B. Ahmad Kabeer, for the Kerala Ahmadiyya Muslim Jama-ath
Printed at Anaswara Offset, Perandoor Jn.,Elamakkara, Ernakulam-682 026.
Published at Masjid Umar, St. Benedict Road, Ernakulam, Kochi-18. Edited by A.M. Muhammed Salim. Design: Mubarak Ahmed, KKD

## വിശുദ്ധ ഖുർആനിൽ നിന്ന്

പറയുക: എന്റെ അടുക്കൽ അല്ലാഹുവിന്റെ ഖജനാവുകൾ ഉണ്ടെന്ന് ഞാൻ നിങ്ങളോട് പറയുന്നില്ല. അദൃശ്യകാര്യങ്ങൾ ഞാനറിയുന്നുമില്ല. ഞാൻ ഒരു മാലാഖയാണെന്നും നിങ്ങളോട് പറയുന്നില്ല. എന്നി ലേക്ക് ദിവ്യബോധനം നൽകപ്പെടുന്നത് പിൻപറ്റുക മാത്രമാണ് ഞാൻ ചെയ്യുന്നത്. പറയുക; അന്ധനും കാഴ്ച്ചയുള്ളവനും ഒരുപോലെ യാകുമോ? അപ്പോൾ നിങ്ങൾ ചിന്തിക്കുന്നില്ലേ? (6: 51)





## നബിവചനം

സൈദുബ്നു ഖാലിദ്(റ) യിൽ നിന്ന് നിവേദനം: റസൂൽ തിരു മേനി(സ) പറഞ്ഞു: അല്ലാഹു പറയുന്നത് ഇതാണ്, എന്റെ ദാസന്മാരുടെ കൂട്ടത്തിൽ എന്നിൽ അവിശ്വസിച്ചവരും എന്നെ നിഷേധിച്ചവരുമുണ്ട്. ദൈവാനുഗ്രഹത്താൽ മഴ വർഷിച്ചു കിട്ടിയെന്ന് പറയുന്നുണ്ടെങ്കിൽ അവൻ എന്നിൽ വിശ്വസിച്ചവനും നക്ഷത്രങ്ങളെ നിഷേധിച്ചവനുമാണ്. ഇന്നിന്ന നക്ഷത്രങ്ങൾ ഉദിച്ചത് കാരണമാണ് ഞങ്ങൾക്ക് മഴ ലഭിച്ചത് എന്ന് പറയുന്നവനാകട്ടെ, എന്നെ നിഷേധിച്ചവനും നക്ഷത്രത്തിൽ വിശ്വസിച്ചവനുമാണ്. (ബുഖാരി)

## വാഗ്ദത്ത മസീഹിന്റെ വചനം

യുക്തിയും സയൻസും ഇസ്‌ലാമുമായി പൊരുത്തപ്പെടുകയില്ലെന്ന വീക്ഷണം അവർ പുലർത്തുന്നതായിട്ടാണ് തോന്നുന്നത്. ഭൗതിക തത്ത്വശാസ്ത്രങ്ങളുടെ ദൗർബല്യങ്ങൾ അവർക്ക് തുറന്ന് കാട്ടാൻ കഴിവില്ലാത്തതുകൊണ്ട് ആധുനിക വിഷയങ്ങൾ പഠിക്കുന്നത് അനുവദനീയമല്ലെന്ന് സിദ്ധാന്തിച്ചു കൊണ്ട് തങ്ങളുടെ വീഴ്ചകളെ മറച്ചു പിടിക്കാൻ അവർ ശ്രമിക്കുകയാണ്........ഭൗതിക തത്ത്വശാസ്ത്ര ങ്ങൾക്ക് മുമ്പിൽ അവരുടെ ആത്മാക്കൾ വിറകൊള്ളുകയാണ്. നവംനവങ്ങളായ കണ്ടു പിടുത്തങ്ങൾക്ക് മുമ്പിൽ അവർ കുമ്പിടുകയും ചെയ്യുന്നു. മതത്തിന്റെ സേവനത്തിന്നും ദൈവവചനങ്ങളെ ഉയർത്തിപ്പിടിക്കുന്നതിനുമെല്ലാം ആധുനിക വിജ്ഞാനങ്ങൾ ഏതു വിധേനയും പഠിക്കുകയും അവ ശ്രദ്ധാപൂർവ്വം ഗ്രഹിച്ചറിയുകയും ചെയ്യേണ്ടത് ആവശ്യമാണ്. ഈ പഠനം ഒരു വശത്തിൽ മാത്രം ഊന്നി കൊണ്ട് തുടർന്ന് വന്നിട്ടുള്ളവരും സ്വാതികരുമായി ബന്ധം സ്ഥാപിക്കാൻ ഇടവന്നിട്ടില്ലാത്തവരും അതിന്ന് മുമ്പിൽ അറച്ച് നിൽക്കുകയും അങ്ങനെ ഇസ്‌ലാമിൽ നിന്ന് വേർപെട്ടു പോകുകയും ചെയ്തതായി എനിക്ക് തന്നെ അനുഭവിച്ചറിയാൻ കഴിഞ്ഞിട്ടുണ്ട്. (മൽഫൂസാത്ത്, ഭാ 65,66)



എഡിറ്റോറിയൽ

# സംഘർഷ ലഘൂകരണത്തിന്ന് സംവാദാത്മക ലോകം സംജാതമായിരിക്കുന്നു

ദൈവ സൃഷ്ടിയായ പ്രപഞ്ചത്തിൽ നിറയെ കാണുന്നത് വൈവിധ്യങ്ങളാണ്. ഒന്ന് പോലെയല്ല മറ്റൊന്ന്. മനുഷ്യന്റെ സൃഷ്ടിപ്പിലും അവന്റെ വിശ്വാസങ്ങളിലും ചിന്തകളിലും വീക്ഷണങ്ങളിലും നിലപാടുകളിലുമെല്ലാം ഈ വൈവിധ്യങ്ങളും ഭിന്നതകളും നിഴലിക്കും എന്നത് സ്വാഭാവികം. അവ സമൂഹത്തിന്ന് വർണ്ണ ശബളിമ നൽകാനുള്ളതാണ്. അത് സംഘർഷങ്ങളിലേക്കും സംഘട്ടനങ്ങളിലേക്കും രക്തചൊരിച്ചിലുകളിലേക്കും പോകാൻ പാടില്ല എന്നത് ഇസ്‌ലാം മതത്തിന്റേയും അത്പോലെ ഉന്നതമായ ജനാധിപത്യ മൂല്യങ്ങളുടേയും താത്പര്യമാണ്. ഭിന്നതകൾ സംഘർഷ രഹിതമായി ഒത്തുതീർപ്പാക്കണം.

മനുഷ്യർക്ക് ഒരു പ്രതിനിധിയെ നിശ്ചയിക്കാൻ പോകുന്നു എന്ന് ദൈവം മലക്കുകളോട് പറഞ്ഞപ്പോൾ **"നീ അവിടെ കുഴപ്പം ഉണ്ടാക്കുകയും രക്തം ചിന്തുകയും ചെയ്യുന്നവരെ അവിടെ നിശ്ചയിക്കുകയാണോ "** എന്ന് പറഞ്ഞ് പരിശുദ്ധ സൃഷ്ടികളായ മാലാഖമാർ അതിനോട് വിയോജിച്ചതായി ഖുർആനിൽ ഒരു പരാമർശമുണ്ട്. **"നിശ്ചയമായും നിങ്ങളറിയാത്തത് എനിക്കറിയാം"** എന്ന് പറഞ്ഞുകൊണ്ട് ദൈവം തന്റെ പ്രതിനിധിയെ ഭൂമിയിൽ നിയോഗിക്കുകയും അറിവുകൾ കൊണ്ട് അദ്ദേഹത്തെ അനുഗ്രഹിക്കുകയും ചെയ്തു. തന്റെ വരേണ്യ സൃഷ്ടിയായ മനുഷ്യനെ സംബന്ധിച്ച് ശുഭാപ്തി വിശ്വാസമാണ് തന്റെ പ്രതിനിധിയുടെ ആദ്യനിയോഗത്തിലൂടെ ദൈവം പ്രകടിപ്പിച്ചത്.

വിയോജിപ്പുകളുടെ പ്രക്ഷോഭങ്ങൾ ഉണ്ടാക്കുന്നത് സമൂഹക്ഷേമത്തിന്നും സുസ്ഥിര സമാധാനത്തിന്നും ഹിതകരമല്ല. ജനാധിപത്യം എന്നത് അനുരഞ്ജനത്തിന്റേയും പൊരുത്തപ്പെടലിന്റേയും രാഷ്ട്രീയ മാർഗ്ഗമാണ്. ഒരു ഭരണ രീതി എന്നതിലുപരി ആധുനിക മനുഷ്യന്റെ ഭൗതിക സാമൂഹിക രാഷ്ട്രീയ മണ്ഡലത്തെ സംബന്ധിച്ച ഒരു ജീവിതവീക്ഷണവും ധാർമിക നിലപാടുമാണ് ജനാധിപത്യം. ആശയ സംവാദങ്ങളും ചർച്ചകളും നടത്താൻ കഴിയുന്ന ധിഷണാ ബോധമുള്ള ജീവി എന്ന നിലക്ക് മനുഷ്യൻ വാദപ്രതിവാദം(Debate) സംവാദം (Dialogue) കൂടിയാലോചന (Deliberative dialouge) എന്നീ പ്രക്രിയകളിലൂടെ അഭിപ്രായ സമന്വയം ഉണ്ടാക്കാൻ ജനാധിപത്യം അവനെ പ്രേരിപ്പിക്കുന്നു. ആധുനിക ശാസ്ത്ര സാങ്കേതിക ലോകം അതിന്ന് സജ്ജമാണ്. സംസ്കാരസമ്പന്നനായ പരിഷ്കൃതമനുഷ്യന്ന് സംവാദാത്മകമായ ചർച്ചയിലൂടെയും കൂടിയാലോചനയിലൂടെയും നന്മതിന്മകൾ വിവേചിച്ചറിഞ്ഞ് അഭിപ്രായ സമന്വയത്തിൽ എത്താൻ സാദ്ധ്യമാണ്. പിന്നെയെന്തിന്ന് പ്രക്ഷോഭത്തിന്റേയും ഹിംസാത്മകമായ പ്രതിഷേധ പ്രകടനങ്ങളുടെയും മാർഗ്ഗം സ്വീകരിക്കണം? സംവാദാത്മക ചർച്ചകളിലൂടെ വിയോജിപ്പുകളും വിരുദ്ധ വീക്ഷണങ്ങളും സമന്വയിപ്പിക്കാനും സംഘർഷ ലഘൂകരണത്തിന്നും സാധിക്കും. പക്ഷേ ഇരുപക്ഷവും സമൂഹവും സമഗ്രമായി ഈ മഹനീയ തത്വം തിരിച്ചറിയുകയും അംഗീകരിക്കുകയും വേണം. മതം എന്ന നിലക്ക് ഇസ്‌ലാമും ഭരണ സമ്പ്രദായം എന്ന നിലക്ക് ജനാധിപത്യവും സംഘർഷലഘൂകരണത്തിന്ന് സംവാദാത്മകമായ ചർച്ചകളും കൂടിയാലോചനകളും ശുപാർശ ചെയ്യുന്നു. ഭാവിലോകത്തിന്റെ മാനവികതയുടെ മാർഗ്ഗം അതാണ്.

ഖുർആൻ പറയുന്നു: **"തങ്ങളുടെ കാര്യങ്ങൾ പരസ്പരം കൂടിയാലോചിച്ച് തീരുമാനിക്കുകയും നാം അവർക്ക് നൽകിയതിൽ നിന്ന് ചെലവഴിക്കുകയും ചെയ്യുന്നവരും" (42: 32) "പ്രധാന കാര്യങ്ങളിൽ അവരുമായി കൂടിയാലോചിക്കുക" (3:160) "തത്വജ്ഞാനവും സദുപദേശവും കൊണ്ട് നിന്റെ മാർഗ്ഗത്തിലേക്ക് നീ ക്ഷണിക്കുക. ഏറ്റവും ഉത്കൃഷ്ടമായ രീതിയിൽ അവരോട് സംവാദം നടത്തുകയും ചെയ്യുക."(16: 126)**



ഹദ്റത്ത് അഹ്മദ് (അ)

# അല്ലാഹുവിൽനിന്നുള്ള ജ്ഞാനവിനിമയം

അല്ലാഹു തന്റെ ദാസന് ആ ദാസന്റെ പ്രാർത്ഥനക്കുള്ള ഉത്തരമായിട്ടോ അഥവാ സ്വയം ഇച്ഛിച്ചോ മറഞ്ഞ ഒരു കാര്യത്തെ പറ്റി അറിയിച്ചു കൊടുക്കുവാൻ ഉദ്ദേശിച്ചാൽ അയാളിൽ അബോധാവസ്ഥയും മയക്കവും ഉണ്ടാക്കുന്നു. അതോടെ പെട്ടെന്ന് ചുറ്റുപാടുമായി ബന്ധമറ്റ നിലയിൽ അയാൾ ആയിത്തീരുന്നു സ്വന്തം വ്യക്തിത്വം തന്നെ നഷ്ടപ്പെട്ട ഒരവസ്ഥയാണ് അയാൾക്കുണ്ടാകുക. ഒരാൾ വെള്ളത്തിൽ മുങ്ങുകയോ നീന്തുകയോ ഒരു മുങ്ങൽക്കാരൻ വെള്ളത്തിന്നടിയിലേക്ക് ഊളിയിട്ട് പോകുകയോ ചെയ്യുന്നത് പോലെ അയാൾ ആത്മ വിസ്മൃതിയുടെ മയക്കത്തിലും അബോധാവസ്ഥയിലും മുങ്ങുമാറാകുന്നു. ആ പ്ലവത്തോട് വളരെയധികം സാമ്യമുള്ള ഈ മയക്കത്തിന്റെ അവസ്ഥയിൽ നിന്നും ആ ദാസൻ പുറത്തുവന്നാൽ ഒരു മണിമുഴക്കം പോലെയുള്ള ആന്തരീയമായ ഒരു അനുഭവം അയാൾക്കുണ്ടാകുന്നു. ഈ മുഴക്കം നേർത്ത് നേർത്ത് വരുന്നതോടെ പെട്ടെന്ന് അയാൾക്ക് തന്നെ ഉള്ളിൽ നിന്നും താളാത്മകവും സൂക്ഷ്മവും ആനന്ദപ്രഥവുമായ ഒരു ഭാഷണം കേൾക്കുമാറാകുന്നു. ഈ മയക്കത്തിന്റെ അഥവാ മുങ്ങലിന്റെ അത്ഭുതത്തെ വാക്കുകളിൽ വിവരിക്കുക അസാദ്ധ്യം. ദിവ്യജ്ഞാനത്തിന്റെ ഒരു നദീപ്രവാഹം അപ്പോൾ മനുഷ്യന് മുമ്പിൽ തുറന്ന് കിട്ടുന്നു. അടിക്കടി പ്രാർത്ഥന നടത്തിക്കൊണ്ടിരിക്കുമ്പോൾ ഈ വിപ്ലവാവസ്ഥയും മയക്കവും തന്റെ ഭക്തദാസനിൽ സൃഷ്ടിച്ചുകൊണ്ട് അവന്റെ എല്ലാ ഓരോ പ്രാർത്ഥനക്കും സൂക്ഷ്മവും സുന്ദരവുമായ ഭാഷണത്തിൽ ദൈവം മറുപടി നൽകുന്നു. ഓരോ അന്വേഷണാവസ്ഥയിലും മനുഷ്യന്റെ കഴിവിനപ്പുറത്തുള്ള അയാഥാർത്ഥ്യങ്ങൾ അയാൾക്കായി തുറക്കപ്പെടുന്നു അപ്പോൾ ഈ കാര്യം അയാളെ സംബന്ധിച്ചിടത്തോളം വർദ്ധമാനമായ ദൈവിക സ്ഥാനസിദ്ധിക്ക് കാരണവും പൂർണ്ണമായ ദിവ്യജ്ഞാന ലബ്ദിക്ക് ഹേതുവും ആയിത്തീരുന്നു. ഭക്തദാസൻ പ്രാർത്ഥന നടത്തുന്നതും ദൈവം അവന്റെ ഉലൂഹിയത്തിന്റെ തേജോവിലാസത്തിലൂടെ ഓരോ പ്രാർത്ഥനക്കും ഉത്തരം നൽകുന്നതും ഈ ലോകത്ത് വെച്ച് തന്നെ ദാസൻ തന്റെ നാഥനെ നേരിട്ട് കാണുന്നത് പോലെയുള്ളതും ഇരുലോകവും വൈരുദ്ധ്യമില്ലാത്ത വിധം ഒരുപോലെയായി അനുഭവപ്പെടുന്നതുമായ ഒരവസ്ഥയുമാകുന്നു. .................

ഇൽഹാമിന്റെ മറ്റൊരു രൂപം ഇതാണ്. മനുഷ്യന്റെ ഹൃദയവുമായി യാതൊരു ബന്ധവുമില്ലാത്ത നിലയിൽ പുറത്തുനിന്നെന്ന പോലെ ഒരു ശബ്ദം വരുന്നു ആ ശബ്ദമൊരു മറയുടെ പിറകിൽനിന്ന് ആരോ സംസാരിക്കുന്നത് പോലെതോന്നും. എന്നാൽ ഈ ശബ്ദം കർണ്ണാനന്ദകരവും അതി മനോഹരവും ഒരളവോളം വേഗത കൂടിയതുമായിരിക്കും. ഹൃദയത്തിന്ന് അതൊരു ആനന്ദ നിർവൃതി നൽകും. മനുഷ്യൻ ഏതോ ലയത്തിലായിരിക്കുമ്പോൾ പെട്ടെന്നുണ്ടായിവരുന്ന ശബ്ദം കേട്ട് അത് ഏത് ഭാഗത്ത് നിന്നാണ് വന്നതെന്നും ആരാണ് തന്നോട് സംസാരിച്ചതെന്നും മനസ്സിലാകാതെ അയാൾ അത്ഭുതപ്പെട്ടുപോകും. വിസ്മയ പരതന്ത്രനായി അയാൾ അങ്ങോട്ടുമിങ്ങോട്ടും നോക്കുകയും ഏതോ മാലാഖയാണ് തന്നോട് സംസാരിച്ചതെന്ന് അപ്പോൾ മനസ്സിലാക്കുകയും ചെയ്യും. ഈ ബാഹ്യശബ്ദം അധികവും മനുഷ്യൻ ഏതെങ്കിലും കാര്യത്തിൽ വളരെയേറെ വിചാരമഗ്നനും ദുഃഖിതനുമായിരുക്കുമ്പോൾ സുവിശേഷമായിട്ടാണ് കേൾക്കുമാറാകുക. (*ബറാഹീനെ അഹ്മദിയ്യാ*)

അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു..) 2020 ഫെബ്രുവരി 14ന് ബൈത്തുൽ ഫുതൂഹ് ലണ്ടനിൽ നിർവഹിച്ച ജുമുഅ ഖുത്‌ബയുടെ സംഗ്രഹം.

# സത്യമേവ ജയതേ




**ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്** (അയ്യദഹു...)

കഅബ് ബിൻ അശ്റഫിന്റെ വധവുമായി ബന്ധപ്പെട്ട് പറഞ്ഞിരുന്ന ഒരു കാര്യമിതാണ്, ഹദ്റത്ത് മുഹമ്മദുബ്നു മസ്‌ലമ അയാളെ ഒരു തന്ത്രം പ്രയോഗിച്ചുകൊണ്ട് വീട്ടിൽനിന്നും അകലെ കൊണ്ടുപോയി വധിച്ചു. അത് (തന്ത്രം) കളവാകില്ലെ? അതുപോലെതന്നെ ചില പണ്ഡിതൻമാരുടെ അഭിപ്രായ പ്രകാരം ഒരു ഹദീസിന്റെ അടിസ്ഥാനത്തിൽ മൂന്ന് അവസരങ്ങളിൽ കളവു പറയൽ അനുവദനീയമാണ് എന്ന കാര്യവും പറഞ്ഞിരുന്നു. വാസ്തവത്തിൽ അത് തെറ്റായ സങ്കല്

പമാണ്. അല്ലെങ്കിൽ ഹദീസിനെ തെറ്റായി വ്യാഖ്യാനിച്ചിരിക്കുകയാണ്. നബി(സ) തിരുമേനി കളവു പറയുന്നതിനും ദീൻ മറച്ചുവെക്കുന്നതിനുമുള്ള അനുവാദം നല്കിയിരിക്കുന്നു എന്ന ഒരു ക്രിസ്ത്യാനിയുടെ ആക്ഷേപത്തിനു മറുപടിയായി ഹദ്റത്ത മസീഹ് മൗഊദ്(അ) ഇപ്രകാരം പറയുന്നു: സത്യത്തെ നിർബന്ധപൂർവം നിലനിർത്താൻ വിശുദ്ധ ഖുർആൻ കല്പിക്കുന്നതിന്റെ പത്തിലൊന്നുപോലും ഇഞ്ചീലിൽ പറഞ്ഞിട്ടുണ്ടെന്നു പറഞ്ഞാൽ ഞാൻ ഒരിക്കലും വിശ്വസിക്കുകയില്ല. വിശുദ്ധ ഖുർആൻ കളവു പറയുന്നത് ബിംബാരാധനക്കു തുല്യമായിട്ടാണ് പറഞ്ഞിരിക്കുന്നത്. അല്ലാഹു പറയുന്നു:

അതായത് ബിംബാരാധനയുടെയും കളവിന്റെയും മാലിന്യങ്ങളിൽനിന്നും വിട്ടു നില്ക്കുക. (അൽ ഹജ്ജ്-31) പിന്നീട് മറ്റൊരു സ്ഥലത്ത് പറഞ്ഞു:

വിശ്വസിച്ചവരേ നിങ്ങൾ സത്യത്തിൽ നിലകൊള്ളുകയും അല്ലാഹുവിനുവേണ്ടി സാക്ഷ്യം വഹിക്കുന്നവരാകുകയും ചെയ്യുവിൻ. നിങ്ങൾക്കു തന്നെയോ നിങ്ങളുടെ മാതാപിതാക്കൾക്കോ ബന്ധുക്കൾക്കോ അതുകൊണ്ടു നഷ്ടമുണ്ടായാൽത്തന്നെയും. (അന്നിസാഅ്-136) അല്ലയോ ദൈവഭയമില്ലാത്തവരേ ഇഞ്ചീൽ തുറന്ന് ഞങ്ങൾക്കൊന്ന് കാണിച്ചു തരിക. ഇത്തരത്തിൽ സത്യത്തിന്റെ മാർഗം സ്വീകരിക്കുവാനുള്ള കല്പന ഇഞ്ചീലിൽ എവിടെയാണുള്ളത?

ഫതഹ് മസീഹ് എന്നു പേരുള്ള അതേ ക്രിസ്ത്യാനിയോടു തന്നെ ഹദ്റത്ത് മസിഹ് മൗഊദ്(അ) ഇപ്രകാരം പറയുന്നു: നബി(സ) തിരുമേനി മൂന്നു സ്ഥലങ്ങളിൽ കളവു പറയുവാനുള്ള അനുവാദം നല്കിയിരിക്കുന്നു എന്ന് താങ്കൾ എഴുതിയിരിക്കുന്നു. ഇത് താങ്കളുടെ അജ്ഞത മൂലമുണ്ടായ തെറ്റാണ്. ഒരു ഹദീസിലും കളവു പറയുവാനുള്ള അനുവാദം ഒരിക്കലും നല്കിയിട്ടില്ല. ഹദീസിലുള്ള പദം اِنْ قُتِلْتَ وَاُحْرِقْتَ അതായത് നീ വധിക്കപ്പെടുകയോ തീയിലെരിക്കപ്പെടുകയോ ചെയ്താലും ഒരിക്കലും സത്യത്തെ ഉപേക്ഷിക്കകരുത്. ആയതിനാൽ നിങ്ങളുടെ ജീവൻ തന്നെ നഷ്ടപ്പെട്ടാലും ശരി സത്യത്തെ ഉപേക്ഷിക്കരുത് എന്നു ഖുർആനും, നിങ്ങൾ വധിക്കപ്പെട്ടാലും തിയിലെരിക്കപ്പെട്ടാലും ശരി സത്യം മാത്രമേ പറയാവൂ എന്നു ഹദീസും പറഞ്ഞിരിക്കെ ഖുർആനും ഹദീസുകൾക്കും എതിരായിട്ടുള്ള ഒരു ഹദീസ് ഉണ്ടങ്കിൽത്തന്നെ അതൊരിക്കലും അംഗീകരിക്കാവതല്ല. വിശുദ്ധ ഖുർആനും സ്വഹീ ഹായ ഹദീസുകൾക്കും എതിരല്ലാത്ത ഹദീസുകൾ മാത്രമേ നാം സ്വീകരിക്കുകയുള്ളൂ.

കളവ് ഇസ്ലാമിൽ നിഷിധമാണ്. മാലിന്യത്തിനും ശിർക്കിനും തുല്യമാണ്. എന്നാൽ ചില അസ്വസ്ഥതയുളവാക്കുന്ന അവസരങ്ങളിൽ ദ്വയാർഥ പദങ്ങൾ പ്രയോഗിക്കുന്നത് അനുവദനീയമാണെന്ന് ചില ഹദീസുകളിലുണ്ട്. എന്നിരുന്നാലും ദ്വയാർഥ പ്രയോഗങ്ങളിൽ നിന്നും വിട്ടുനിൽക്കുന്നവരാണ് ഉത്തമർ എന്നും എഴുതിയിരിക്കുന്നു. ദ്വയാർഥപ്രയോഗം തഖ്വയുടെ ഉന്നത നിലവാരത്തിന് എതിരാണ്. വ്യക്തമായ സത്യം തന്നെയാണ് ഏറ്റവും ഉത്തമമായത്. അതു കാരണമായി വധിക്കപ്പെട്ടാലും തീയ്യിലെരിക്കപ്പെട്ടാലും. ശേഷം ഹുസൂർ പറഞ്ഞു: ഇനി ഞാൻ ഹദ്റത്ത് മുഹമ്മദുബ്നു മസ്ലമയുടെ ജീവിതവുമായി ബന്ധപ്പെട്ട കാര്യങ്ങൾ വിവരിക്കാം. ബനൂനദീർ ഗോത്രക്കാർ നബി(സ) തിരുമേനിയുടെമേൽ ചതിയിൽ ചക്കുകല്ല് വീഴ്ത്തി കൊലപ്പെടുത്താൻ ശ്രമിച്ചപ്പോൾ അല്ലാഹു വെളിപാടു മുഖേന നബി(സ)ക്ക് അതിനെക്കുറിച്ച് വിവരം നൽകിയിരുന്നു. അപ്പോൾത്തന്നെ നബി(സ)തിരുമേനി അവിടെ നിന്നും എന്തോ ആവശ്യത്തിനുവേണ്ടി എഴുന്നേൽക്കുന്നപോലെ എഴുന്നേറ്റു മദീനയിലേക്കു പോയി. നബിതിരുമേനി(സ) പോയിക്കഴിഞ്ഞപ്പോൾ സ്വഹാബാക്കൾ അല്പനേരം കാത്തിരുന്നശേഷം അവരും പിറകെ പോയി മദീനയിലെത്തി. മദീനയിലെത്തിയപ്പോൾ അവർക്കു മനസ്സിലായി നബി(സ)ഹദ്റത്ത് മുഹമ്മദുബ്നു മസ്ലമയെ വിളിപ്പിച്ചിരിക്കുന്നു. ഹദ്റത്ത് അബൂബക്കർ(റ) പറഞ്ഞു: യാ റസൂലല്ലാഹ് അങ്ങ് ഞങ്ങളാരും അറിയാതെ എഴുന്നേറ്റു വന്നു. തിരുമേനി പറഞ്ഞു: യഹൂദികൾ എന്നെ ചതിക്കാൻ ആഗ്രഹിച്ചിരുന്നു. അല്ലാഹു എനിക്ക് അതിനെക്കുറിച്ചുള്ള അറിവു നല്കിയപ്പോൾ ഞാൻ എഴുന്നേറ്റു വന്നതാണ്.

നബി(സ) തിരുമേനി ഹദ്റത്ത് മുഹമ്മദുബ്നു മസ്ലമയെ വിളിപ്പിച്ചുകൊണ്ടു പറഞ്ഞു; ബനൂനദീറിലെ യഹൂദികളുടെ അടുക്കൽ പോയി പറയുക, എന്നെ റസൂലുല്ലാഹി(സ)യാണ് നിങ്ങളുടെയടുക്കേലേക്കയച്ചത്. എന്റെ പട്ടണത്തിൽനിന്നും പോയിക്കൊള്ളുക എന്നു പറയാൻ എന്നെ ഏല്പിച്ചയച്ചതാണ്. അങ്ങനെ അദ്ദേഹം യഹൂദികളുടെയടുക്കൽ പോയി പറഞ്ഞു: നബി(സ) തിരുമേനി എന്നെ ഒരു സന്ദേശവുമായിട്ടാണ് അയച്ചിരിക്കുന്നത്. പക്ഷെ അതിനു മുമ്പായി നിങ്ങൾത്തന്നെ നിങ്ങളുടെ സഭകളിൽ പറഞ്ഞുകൊണ്ടിരുന്ന ഒരു കാര്യം നിങ്ങളെ ഓർമ്മിപ്പിക്കാം. യഹൂദികൾ ചോദിച്ചു: അതെന്താണ്? മുഹമ്മദുബ്നു മസ്ലമ പറഞ്ഞു; ഞാൻ മൂസാക്കിറങ്ങിയ തൗറാത്തിനെ സത്യം ചെയ്തുകൊണ്ടു പറയുകയാണ്, നബി(സ) തിരുമേനിയുടെ ആഗമനത്തിനു മുമ്പ് ഞാൻ നിങ്ങളുടെയടുക്കൽ വന്നിട്ടുണ്ടായിരുന്നു എന്നതോർമ്മയുണ്ടല്ലോ. അപ്പോൾ നിങ്ങൾ തൗറാത്ത് നിങ്ങളുടെ മുന്നിൽ നിവർത്തി വച്ചിട്ടുണ്ടായിരുന്നു. ആ സദസ്സിൽവച്ച് നിങ്ങളെന്നോടു പറഞ്ഞിരുന്നു, അല്ലയോ ഇബ്നു മസ്ലമ നീ ആഹാരം ആവശ്യപ്പെടുന്ന പക്ഷം ഞങ്ങൾ നിനക്ക് ആഹാരം നല്കാം. നീ യഹൂദിയാകാൻ ആഗ്രഹിക്കുകയാണെങ്കിൽ ഞങ്ങൾ നിന്നെ യഹൂദിയാക്കാം. മുഹമ്മദുബ്നു മസ്ലമ പറയുന്നു: ഞാനന്ന് പറയുമായിരുന്നു; നിങ്ങളെനിക്കു ആഹാരം നൽകുക, എന്നെ യഹൂദിയാക്കരുത്. ഞാനൊരി

ക്കലും യഹൂദിയാകുകയില്ല. അപ്പോൾ നിങ്ങളെനിക്ക് ഒരു തളികയിൽ ഭക്ഷണം തന്നു. ശേഷം നിങ്ങൾ പറഞ്ഞു: നിന്റെയടുക്കൽ പുഞ്ചിരിക്കുന്ന മുഖത്തോടുകൂടിയതും യുദ്ധം ചെയ്യുകയും ചെയ്യുന്ന ഒരു മഹാത്മാവ് വരാൻ പോകുന്നു. അദ്ദേഹത്തിന്റെ കണ്ണുകൾ ചുവന്നതാണ്. യമൻ ദേശത്തു നിന്നായിരിക്കും വരിക. അദ്ദേഹം ഒട്ടകപ്പുറത്തു സഞ്ചരിക്കുന്നതാണ്. പുതപ്പ് പുതച്ചിരിക്കും, ഉള്ളതിൽ തൃപ്തനായിരിക്കുന്നതാണ്. അദ്ദേഹത്തിന്റെ വാൾ ചുമലിൽ തൂക്കിയിട്ടിരിക്കും. നിന്റെ അടുത്ത ബന്ധുവാണെന്നു തോന്നുംവിധം വളരെ യുക്തിപൂർവം കാര്യങ്ങൾ സംസാരിക്കുന്നയാളായിരിക്കും. ഇത്രയും കേട്ടപ്പോൾ യഹൂദികൾ പറഞ്ഞു: ഞങ്ങളങ്ങനെയെല്ലാം പറഞ്ഞിരുന്നു. പക്ഷെ ഇത് ആ പറഞ്ഞ നബിയല്ല. അതായത് നബി(സ) അവർ പറഞ്ഞ ആ നബിയല്ല എന്ന്. ഹദ്റത്ത് മുഹമ്മദുബ്നു മസ്ലമ പറഞ്ഞു: നിങ്ങളെ ഏതൊരു കാര്യമാണോ ഓർമ്മിപ്പിക്കുവാൻ ആഗ്രഹിച്ചത്, അതിൽനിന്നും ഞാൻ വിരമിക്കുകയാണ്. തുടർന്ന് പറഞ്ഞു: എന്നെ നബി(സ) തിരുമേനി അയച്ചതാണ്. നിങ്ങൾക്കുവേണ്ടി ഞാൻ ഉണ്ടാക്കിയ ഉടമ്പടി നിങ്ങൾ ലംഘിച്ചിരിക്കുന്നു എന്നും നിങ്ങളെന്നെ ചതിക്കാൻ ശ്രമിച്ചിരിക്കുന്നു എന്നും നബി(സ) തിരുമേനി പറഞ്ഞിരിക്കുന്നു. തിരുമേനിയുടെ മുകളിൽ കല്ലുരുട്ടി വീഴ്ത്താനായി അംറുബിൻ ജഹാശ് മേൽക്കൂരയിൽ കയറിയതും ഓർമ്മിപ്പിച്ചു. അപ്പോൾ അവർക്ക് ഒരു വാക്കുപോലും പറയാൻ കഴിയാതെ നിശ്ശബ്ദരായി. നിങ്ങളോട് നബി(സ) തിരുമേനി പറഞ്ഞിരിക്കുന്നത്, നിങ്ങൾക്ക് പത്തു ദിവസത്തെ കാലാവധി തരാം. എന്റെ പട്ടണത്തിൽനിന്നും പുറത്തു പോകുക എന്നും അതിനുശേഷം ഇവിടെ ആരെയെങ്കിലും കണ്ടുകഴിഞ്ഞാൽ അവന്റെ തല ഞാനെടുക്കുന്നതാണ് എന്നുമാണ്. ഏതാനും ദിവസങ്ങളിൽ യഹൂദികൾ അതിനുള്ള തയ്യാറെടുപ്പിലായിരുന്നു. അവരുടെ യാത്രാമൃഗങ്ങൾ സൂജദർ എന്ന സ്ഥലത്തായിരുന്നു. അശ്ജഅ് ഗോത്രക്കാരിൽനിന്നും ഒട്ടകങ്ങൾ വാടകക്കെടുക്കുകയും യാത്രക്കു സജ്ജമാകുകയും ചെയ്തു.

യഹൂദികളുടെ പെരുമാറ്റ രീതികളെക്കുറിച്ച് വിവരിച്ചുകൊണ്ട് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി(റ) ഇപ്രകാരം എഴുതുന്നു: ബനൂഖുറൈസ കാണിച്ച വിശ്വാസവഞ്ചന തള്ളിക്കളയാൻ പറ്റുന്ന ഒന്നായിരുന്നില്ല. ഖന്ദഖ് യുദ്ധത്തിൽനിന്നും തിരിച്ചെത്തിയ ഉടനെതന്നെ നബി(സ) തിരുമേനി സ്വഹാബാക്കളോടു പറഞ്ഞു: ആരുംതന്നെ വീടുകളിൽ വിശ്രമിക്കരുത്. ഏറ്റവും ആദ്യം ബനൂഖുറൈസയുടെ കോട്ടയിൽ എത്തിച്ചേരുക. ബനൂഖുറൈസയോട് അവർ വിശ്വാസവഞ്ചന കാണിച്ചത് എന്തിനായിരുന്നു എന്നു ചോദിക്കുന്നതിനായി ഹദ്റത്ത് അലി(റ)യെ നബി(സ) തിരുമേനി ബനൂഖുറൈസയിലേക്കയച്ചു. ബനൂഖുറൈസ ലജ്ജിക്കുകയോ മാപ്പു പറയുകയോ ചെയ്യുന്നതിനു പകരം ഹദ്റത്ത് അലിയെയും കൂടെയുണ്ടായിരുന്നവരെയും അനാവശ്യം പറയുകയാണുണ്ടായത്. നബി(സ) തിരുമേനിയെയും കുടുംബത്തിലെ സ്ത്രീകളെയും അസഭ്യം പറയുകയുണ്ടായി. ഹദ്റത്ത് അലി(റ) അവരുടെ ആ മറുപടിയുമായി തിരിച്ചെത്തിയപ്പോഴേക്കും നബി(സ) തിരുമേനി സ്വഹാബാക്കളുമായി ബനൂഖുറൈസയുടെ കോട്ടയിലേക്കു പുറപ്പെട്ടു.

നബി(സ) തിരുമേനി യഹൂദികളുടെ കോട്ടയുടെ സമീപത്തെത്തിയപ്പോൾ അവർ കോട്ടവാതിലുകൾ അടച്ചുകൊണ്ട് മുസ്ലിംകളോടു യുദ്ധം ചെയ്യാൻ തുടങ്ങി. അവരുടെ സ്ത്രീകളും യുദ്ധത്തിൽ പങ്കെടുത്തു. കോട്ടയുടെ താഴെ ഏതാനും മുസ്ലിംകൾ ഇരിക്കുകയായിരുന്നു. ഒരു യഹൂദി സ്ത്രീ മുകളിൽനിന്നും കല്ലെറിഞ്ഞ് ഒരു മുസ്ലിമിനെ വധിച്ചു.

ബനൂഖുറൈസയുടെ തലവൻമാരിൽ ഒരാളായിരുന്ന അംറുബിൻ സുഅദി എന്ന വ്യക്തി തന്റെ സമുദായത്തെ കുറ്റപ്പെടുത്തിക്കൊണ്ടു പറഞ്ഞു: നിങ്ങൾ തികച്ചും വിശ്വാസവഞ്ചനയാണ് കാണിച്ചിരിക്കുന്നത്. ഉടമ്പടി ലംഘിച്ചിരിക്കുന്നു. ഇനി ഒന്നുകിൽ മുസ്ലിംകളായിത്തീരുക അല്ലെങ്കിൽ ജിസ്യ (കപ്പം) കൊടുക്കാൻ തയ്യാറാകുക. യഹൂദികൾ പറഞ്ഞു: ഞങ്ങൾ മുസ്ലിംകളാകുകയുമില്ല ജിസ്യ നല്കുകയുമില്ല. അതിലും ഭേദം വധിക്കപ്പെടുന്നതാണ്. ആ വ്യക്തി പറഞ്ഞു: ഞാൻ നിങ്ങളിൽനിന്നും സ്വതന്ത്രനാകുകയാണ്. ഇതും പറഞ്ഞുകൊണ്ട് അയാൾ കോട്ടയുടെ പുറത്തുവന്നു. അയാൾ കോട്ടയിൽനിന്നും പുറത്തിറങ്ങുമ്പോൾ മുഹമ്മദുബ്നു മസ്ലമയുടെ നേതൃത്വത്തിലുള്ള മുസ്ലിംകളുടെ ഒരു സംഘം ചോദിച്ചു: അതാരാണ്. അയാൾ പറഞ്ഞു: ഞാൻ ഇന്നയാളാകുന്നു. മുഹമ്മദുബ്നു മസ്ലമ പറഞ്ഞു: താങ്കൾ സമാധാനത്തോടെ പോയിക്കൊള്ളുക. ശേഷം അല്ലാഹുവിനോട് ദുആ ചെയ്തു, അല്ലാഹുവേ മാന്യരായ മനുഷ്യരുടെ കുറവുകൾ മറച്ചുവെക്കുന്ന നന്മയിൽനിന്നും നീ എന്നെ ഒരിക്കലും തടയുരുതേ. നബി(സ)തിരുമേനിക്ക് ഈ സംഭവത്തെക്കുറിച്ചുള്ള വിവരം ലഭിച്ചപ്പോൾ മുഹമ്മദുബ്നു മസ്ലമയെ ചോദ്യം ചെയ്തില്ല. മറിച്ച് തലയാട്ടി സമ്മതിക്കുകയും പ്രശംസിക്കുകയും ചെയ്തു. മുസ്ലിംകൾ നബി(സ) തിരുമേനിയുടെ ശിക്ഷണ പ്രകാരം എപ്പോഴും നീതിപൂർവമാണ് പെരുമാറിയിരുന്നത്.

ഖൈബർ വാസികളുടെ പരാക്രമത്തെക്കുറിച്ചും അബൂറാഫിഅ് യഹൂദിയുടെ വധത്തെക്കുറിച്ചുള്ള സംഭവത്തെക്കുറിച്ചും വിവരിച്ചുകൊണ്ട് ഹുസൂർ ഇപ്രകാരം പറഞ്ഞു: അബൂറാഫിഇനെ വധിക്കുന്നവരിൽ ഹദ്റത്ത് മുഹമ്മദുബ്നു മസ്ലമയും ഉൾപ്പെട്ടിരുന്നു. ഹദ്റത്ത് മീർസാ ബശീർ അഹ്മദ് സാഹിബ് ഈ സംഭവത്തെക്കുറിച്ചുള്ള വിശദീകരണം ഇപ്രകാരം നല്കുന്നു: ഏതെല്ലാം യഹൂദി നേതാക്ക

ളുടെ ധിക്കാരപരവും പ്രകോപനപരവുമായ പ്രവർത്തനങ്ങൾക്കൊണ്ടോണോ ഹിജ്റ അഞ്ചാം വർഷത്തിന്റെ അവസാനത്തിൽ മുസ്ലിംകൾക്കെതിരായി അഹ്സാബിലെ കൊടും ഫിത്നയുണ്ടായത് അതിൽ ഹുയ്യീബിന് അഖ്ത്വബ് ബനൂഖുറൈസയുമായി ചേർന്നു പ്രവർത്തിച്ചു. തന്റെ ചെയ്തികൾക്ക് ശിക്ഷ ലഭിക്കേണ്ട ഘട്ടത്തിലെത്തിക്കഴിഞ്ഞിരുന്നു. എന്നാൽ അബൂറാഫിഅ് എന്ന് വിളിപ്പേരുള്ള സലാം ബിൻ അബി ഹുഖൈഖ് അപ്പോഴും ഖൈബറിൽ സ്വതന്ത്രമായി കുഴപ്പങ്ങൾ സൃഷ്ടിക്കുന്നതിൽ മുഴുകിയിരിക്കുകയായിരുന്നു. നജ്ദിലെ കാടന്മാരും യുദ്ധക്കൊതിയൻമാരുമായ ഗോത്രങ്ങളെ മുസ്ലിംകൾക്കെതിരായി പ്രകോപിപ്പിച്ചുകൊണ്ടിരുന്നു. നബി(സ) തിരുമേനിയോടുള്ള ശത്രുതയിൽ തികച്ചും കഅബ് ബിൻ അശ്റഫിന് സമാനമായിരുന്നു. തിരുനബി(സ)യെ ആക്രമിക്കുന്നതിനായി ഗത്ഫാൻ ഗോത്രത്തിന് കണക്കറ്റ ധനം നൽകി സഹായിച്ചു. എന്നിട്ടും അബൂറാഫിഅ് തൃപ്തനായില്ല അയാൾ വിദ്വേഷത്തിന്റെ എരിച്ചിലിൽ മുസ്ലിംകളുടെ രക്തദാഹിയായി. നബിതിരുമേനിയുടെ അസ്തിത്വം അയാളുടെ കണ്ണിൽ മുള്ളുപോലെ തറച്ചു. തുടർന്ന് അയാൾ അഹ്സാബ് യുദ്ധത്തിലെ പോലെ തന്നെ നജ്ദിലെ ഗത്ഫാൻ ഗോത്രത്തിലും മറ്റു ഗോത്രങ്ങളിലും ചുറ്റിക്കറങ്ങിക്കൊണ്ടിരുന്നു. മുസ്ലിംകൾക്കെതിരിൽ അവരെ ഒരു വൻസൈന്യത്തിന്റെ രൂപത്തിൽ സജ്ജമാക്കി. കാര്യങ്ങൾ ഇത്രത്തോളമെത്തിയപ്പോൾ മുസ്ലിംകളുടെ കൺമുന്നിൽ അഹ്സാബിന്റെ ചിത്രം തെളിഞ്ഞുവന്നു. അപ്പോൾ ഖദ്റജ് ഗോത്രത്തിലെ ഏതാനും അൻസ്വാറുകൾ നബി(സ) തിരുമേനിയുടെ മുന്നിൽ ഹാജരായിക്കൊണ്ടു പറഞ്ഞു: ഈ ഫിത്നകളുടെയെല്ലാം കാരണക്കാരനായ അബൂറാഫിഇനെ ഇല്ലായ്മ ചെയ്യുക എന്നതല്ലാതെ മറ്റൊരു പ്രതിവിധിയുമില്ല. നബി(സ) ആലോചിച്ചു ഈ രാജ്യത്ത് വ്യാപകമായ രക്തച്ചൊരിച്ചിലുകൾ ഉണ്ടാകുന്നതിനേക്കാൾ എത്രയോ നല്ലത് കുഴപ്പവും ഫിത്നയും ഉണ്ടാക്കുന്ന ഒരാളെ വധിക്കുന്നതാണ്. അങ്ങനെ സ്വഹാബാക്കൾക്ക് അതിനുള്ള അനുമതി നൽകി. അബ്ദുല്ലാഹ് ബ്നു അതീഖ് അൻസ്വാരിയുടെ നേതൃത്വത്തിൽ ഹദ്റത്ത് മുഹമ്മദുബ്നു മസ്ലമ(റ) ഉൾപ്പെടുന്ന നാല് ഖദ്റജി സ്വഹാബിമാരെ അബൂറാഫിഇന്റെ അടുക്കലേക്കയച്ചു. പോകുമ്പോൾ അവർക്ക് ശക്തമായ നിർദേശം നൽകി: സ്ത്രീകളെയും കുട്ടികളെയും ഒരു കാരണവശാലും വധിക്കരുത്. അങ്ങനെ 6 ഹിജ് രിയിലെ റമദാൻ മാസത്തിൽ ഈ സംഘം പുറപ്പെട്ടു. വളരെ കൗശലപൂർവം അവരുടെ കൃത്യം നിർവഹിച്ചു തിരിച്ചെത്തി. അങ്ങനെ ആപത്തിന്റെ ആ കാർമേഘം മദീനയുടെ അന്തരീക്ഷത്തിൽനിന്നും നിങ്ങിക്കിട്ടി.

സീറത്തു ഖാത്തമുന്നബിയ്യീനിൽ എഴുതിയിരിക്കു ന്നു: അബൂറാഫിഇനെ വധിക്കുവാൻ അനുവാദം നല്കി യതുമായി ബന്ധപ്പെട്ട ചർച്ചയുടെ പ്രത്യേകം ആവശ്യമില്ല കാരണം അബൂറാഫിഇന്റെ രക്തദാഹിയായിക്കൊണ്ടുള്ള ചെയ്തികൾ ചരിത്രത്തിലെ തുറന്ന ഏടുകളാണ്.

ആ സമയത്ത് മുസ്ലിംകൾ നാനാഭാഗത്തുനിന്നും ആപത്തു നേരിട്ടുകൊണ്ടിരുന്ന അവസ്ഥയിലായിരുന്നു. രാജ്യം ഒന്നടങ്കം മുസ്ലിംകളെ തുടച്ചു നീക്കാൻ തുനിഞ്ഞിരുന്നു. ഇത്തരം സങ്കീർണമായ അവസ്ഥയിൽ അബൂറാഫിഅ് അറബ് ഗോത്രങ്ങളെ ഇസ്ലാമിനെതിരായി വളർത്തിക്കൊണ്ടു വരികയായിരുന്നു. ഒരിക്കൽക്കൂടി അഹ്സാബ് യുദ്ധത്തിലേക്ക് അറേബ്യയിലെ കാടന്മാരായ ഗോത്രങ്ങളെ തിരിച്ചുവിട്ടുകൊണ്ട് മദീനയുടെമേൽ ആക്രമണം നടത്താൻ പ്രേരിപ്പിക്കുകയായിരുന്നു. അറേബ്യയിൽ അന്ന് നിതി ലഭ്യമാകുന്നതിനായി യാതൊരു ഭരണകൂടവും നിലവിലുണ്ടായിരുന്നില്ല. ഓരോ ഗോത്രവും സ്വതന്ത്രരും സ്വയം ഭരണാവകാശമുള്ളതുമായിരുന്നു. തങ്ങളുടെ മാത്രം സുരക്ഷയ്ക്കായുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുമെന്നല്ലാതെ മറ്റൊന്നും ചെയ്തിരുന്നില്ല. നിലവിലുണ്ടായിരുന്ന ഭരണകൂടം നബി(സ) തിരുമേനിയുടെ സ്വന്തം ഭരണകൂടമായിരുന്നു. ഏതായിരുന്നാലും അത്തരം അവസ്ഥയിൽ സ്വഹാബാക്കൾ ചെയ്തത് തികച്ചും ഉചിതവും ന്യായമായതുമായിരുന്നു. യുദ്ധാവസരത്തിൽ ഒരു സമൂഹം മരണത്തെ മുഖാമുഖം കാണുമ്പോൾ ഇത്തരം തന്ത്രങ്ങൾ പ്രയോഗിക്കുക എന്നത് തികച്ചും അനുവദനീയമായി കണക്കാക്കപ്പെടുന്നു.

ഹദ്റത്ത് ഉസ്മാൻ(റ)ന്റെ ശഹാദത്തിനുശേഷം ഹദ് റത്ത് മുഹമ്മദുബ്നു മസ്ലമ ഏകാന്തവാസം സ്വീകരിച്ചു. ഒരു മരത്തിന്റെ വാൾ ഉണ്ടാക്കി. ഹദ്റത്ത് മുഹമ്മദുബ്നു മസ്ലമ പറയുന്നു: നബി(സ) തിരുമേനി എനിക്കൊരു വാൾ ഉപഹാരമായി നല്കിയിരുന്നു. എന്നിട്ടു പറഞ്ഞു: ഇതുകൊണ്ട് നീ മുശ്രികീങ്ങളുമായി അവർ നിന്നോട് യുദ്ധം ചെയ്തുകൊണ്ടിരിക്കുന്നതുവരെ ജിഹാദ് ചെയ്യുക. എന്നാൽ മുസ്ലിംകൾ പരസ്പരം കൊല്ലാൻ തുടങ്ങുന്നതു നീ കാണുമ്പോൾ ഈ വാൾ ഏതെങ്കിലും കല്ലിൽ അടിച്ച് പൊട്ടിക്കുക. അതിനുശേഷം നീ മരണംവരെ വീടിനകത്തിരിക്കുക. ആയതിനാൽ അദ്ദേഹം അങ്ങനെ തന്നെ ചെയ്തു. കുഴപ്പങ്ങളിൽ നിന്നും അകന്നുനിന്നു. ജമൽ യുദ്ധത്തിലും സ്വിഫ്ഫീ ൻ യുദ്ധത്തിലും അദ്ദേഹം പങ്കെടുത്തില്ല.

അദ്ദേഹത്തിന്റെ വഫാത്തിനെ സംബന്ധിച്ച് അഭിപ്രായ വ്യത്യാസങ്ങളുണ്ട്. വ്യത്യസ്ത നിവേദനങ്ങളിലായി 43, 46, 47 ഹിജ്രിയിൽ മദീനയിൽ വഫാത്തായി എന്നു കാണാം. ആസമയത്ത് അദ്ദേഹത്തിന് 77 വയസ്സ് പ്രായമായിരുന്നു. ആ സമയത്ത് മദീനയുടെ അമീർ ആയിരുന്ന മിർവാനുബ്നു ഹകം ആണ് അദ്ദേഹത്തിന്റെ ജനാസ നമസ്കരിപ്പിച്ചത്. അദ്ദേഹത്തെ ആരോ ശഹീദാക്കിയതാണെന്നും ചില നിവേദനങ്ങളിലുണ്ട്.

# മത സമൂഹങ്ങളുടെ ഐക്യം രോഗങ്ങളും ദുരന്തങ്ങളും അകറ്റും

ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ)

പ്രിയ സുഹൃത്തുക്കളെ, പരലോകകാര്യം മിക്ക ജനങ്ങൾക്കും ഗോപ്യമായിരിക്കുന്ന ഒരു വിഷയമാണ്. അതിന്റെ രഹസ്യം, സർവോപരി മഹത്ത്വമേറിയ ആ സത്തക്കുവേണ്ടി ആത്മസമർപ്പണം ചെയ്യുകയും മരണം വരുന്നതിനും മുമ്പേ മരണത്തെ വരിക്കുകയും ചെയ്യുന്നവർക്ക് മാത്രം വെളിപ്പെടുമാറാകുന്നു. എന്നാൽ ഐഹിക ജീവിതത്തെ സംബന്ധിച്ച് ഗുണമോ ദോഷമോ ആയ കാര്യങ്ങൾ സൂക്ഷ്മദൃക്കുകൾക്ക് കണ്ടറിയാൻ സാധിക്കുന്നതാണ്.............ഐക്യത്തിന്റെ അനുഗൃഹീത ഫലങ്ങളിൽ നിന്നും നാം നമ്മെ അകറ്റിക്കളയുന്നത് ഒരിക്കലും ബുദ്ധിപൂർവകമായിരിക്കില്ല. ഈ രാഷ്ട്രത്തിലെ അവിഭാജ്യ ഘടകങ്ങളായ രണ്ടു സമുദായങ്ങളാകുന്നു ഹിന്ദുക്കളും മുസ്‌ലിംങ്ങളും. ഇവരിൽ ഏതെങ്കിലും ഒരു കൂട്ടർ എപ്പോഴെങ്കിലും ഒരുമിച്ചു കൂടി മറ്റവരെ അതായത് ഹിന്ദുക്കൾ ഒന്നുചേർന്ന് മുസ്‌ലിംകളെയോ മുസ്‌ലിംകൾ ഒന്നുചേർന്ന് ഹിന്ദുക്കളെയോ രാജ്യത്തിൽ നിന്ന് പുറത്താക്കിക്കളയാമെന്ന് വിചാരിക്കുന്നത് ഒരു മിഥ്യാവിചാരമാകുന്നു. മറിച്ച് ഈ രണ്ടു കൂട്ടരെയും ഇണക്കി നിർത്തുന്ന ബന്ധം അപരിച്ഛേദ്യമാംവിധം ശക്തിയേറിയതാണ് താനും. ഇവയിൽ ഒരുകൂട്ടർക്ക് പൊതു നിലയിലുള്ള ഒരു ആപത്ത് സംഭവിക്കുന്ന പക്ഷം മറ്റവർക്കും അതിന്റെ ബാധയേൽക്കാതെ അകന്നിരിക്കാൻ സാദ്ധ്യമല്ല........ ..അതിനാലുണ്ടാകുന്ന കഷ്ടപ്പാടിൽ നിന്ന് അവരും പങ്ക് അനുഭവിക്കേണ്ടിവരും. ഒരു കൂട്ടർ അഹംഭാവപൂർവം മറ്റവരെ നിന്ദിക്കുകയും അവഹേളിക്കുകയും ചെയ്യാൻ ശ്രമിക്കുന്നപക്ഷം അവരും അതേ വിധത്തിൽ നിന്ദനത്തിന് ലക്ഷീഭവിക്കും. ഒരു കൂട്ടർ മറ്റവരുടെ നേരെ അനുകമ്പ ഭാവിക്കുന്നില്ലെങ്കിൽ അവർക്ക് ഇവരുടെയും അനുകമ്പ ലഭിക്കുന്നതല്ല. ഈ രണ്ടു സമുദായങ്ങളിലെ ഏതെങ്കിലും ഒരു വ്യക്തി മറ്റേ സമുദായത്തിന് നാശം വരുത്താൻ നോക്കുന്ന പക്ഷം, അവൻ താനിരിക്കുന്ന വൃക്ഷശാഖ കൈകൊണ്ട് വെട്ടി മുറിക്കുന്ന ഒരുവനെ പോലെയാകുന്നു. മിത്രങ്ങളേ! ദൈവാനുഗ്രഹത്താൽ നിങ്ങൾ ഇപ്പോൾ വിദ്യാസമ്പന്നരാണല്ലോ. ഈ ഘട്ടത്തിൽ നിങ്ങൾ എല്ലാതരം പകയും വിരോധവും നിങ്ങളുടെ ഹൃദയത്തിൽ നിന്ന് അകറ്റിക്കളയുകയും നിങ്ങൾ പരസ്പരം മൈത്രിയിലും ക്ഷേമകാംക്ഷയിലും മുന്നോട്ട് ഗമിക്കുകയും ചെയ്യേണ്ടതാവശ്യമാകുന്നു........... നിങ്ങൾ ഇരുകൂട്ടർക്കും സമാധാനം എത്രയും അത്യാവശ്യമായിരിക്കുന്ന ഒരു കാലഘട്ടത്തിലാണ് ഞാൻ യോജിപ്പിനായ്ക്കൊണ്ട് നിങ്ങളെ ക്ഷണിക്കുന്നത്. ലോകത്ത് പല തരത്തിലുള്ള ആപത്തുകൾ ഉണ്ടായിക്കൊണ്ടിരിക്കുന്നു. ഭൂകമ്പങ്ങളും ക്ഷാമങ്ങളും വന്നുകൊണ്ടിരിക്കുന്നു. പ്ലേഗ് നമ്മെ ഇനിയും വിട്ടുമാറിയിട്ടില്ല. ദൈവം എന്നെ അറിയിച്ചിരിക്കുന്നു. മനുഷ്യർ അവരുടെ ദുർവൃത്തിയിൽ നിന്നും വിരമിക്കുകയും അവർ തങ്ങളുടെ അകൃത്യങ്ങളെക്കുറിച്ച് പശ്ചാത്തപിച്ച് ദൈവത്തോട് മാപ്പ് അപേക്ഷിക്കുകയും ചെയ്യാതിരിക്കുന്നുവെങ്കിൽ, ലോകത്തിന് ഭയങ്കരമായുള്ള വിപത്തുകളും നാശങ്ങളും സംഭവിക്കും. ഒരു വിപത്ത് ഒഴിഞ്ഞു പോകുന്നതിന് മുമ്പ് മറ്റൊരുഭയങ്കര നാശം തുടർന്ന് ഉണ്ടാകുന്നതാണ്. ഒടുക്കം മനുഷ്യർ ഈ വിപത്തുകളാൽ സംഭ്രമചിത്തരായി അഹോ ഇനി എന്തു സംഭവിക്കാൻ പോകുന്നു? എന്നു ചോദിച്ചു തുടങ്ങും. അനേകർ വിവിധങ്ങളായ ആപത്തുകളിൽ പെട്ട് ഭ്രാന്ത് പിടിപെട്ടവനെപ്പോലെയായി ഭവിക്കും. അതിനാൽ അല്ലയോ നാട്ടുകാരായ സഹോദരരേ! ആ നാളുകൾ വരുന്നതിന് മുമ്പായി നിങ്ങൾ ജാഗരൂഗരാകുവീൻ! ഹിന്ദുക്കളും മുസ്‌ലിംകളും തമ്മിൽ സന്ധിചെയ്യട്ടെ. ഐക്യത്തിന് തടസ്സമായി തീരത്തക്കവിധം അന്യായം പ്രവർത്തിച്ചിരിക്കുന്ന സമുദായം ആ അന്യായത്തെ ഉപേക്ഷിക്കട്ടെ. അല്ലാത്തപക്ഷം അന്യോന്യമുള്ള സ്പർധക്കും വൈരൃത്തിനും ആ സമുദായം ഉത്തരവാദിയാകുന്നതാണ്.

(മൈത്രീ സന്ദേശം)

അഹ്മദിയ്യാ പ്രസ്ഥാനം- 6

# ഇസ്‌ലാമിലെ ധാർമിക പാഠങ്ങൾ

1924ൽ ലണ്ടനിലെ വെംബ്ലി എക്സിബിഷൻ ഓർഗനൈസേഷന്റെ ആഭിമുഖ്യത്തിൽ നടന്ന മതസമ്മേളനത്തിൽ അഹ്മദിയ്യാ ജമാഅത്തിന്റെ രണ്ടാം ഖലീഫ ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ്(റ) അവതരിപ്പിച്ചതും സർ മുഹമ്മദ് സഫറുല്ലാഹ് ഖാൻ ഇംഗ്ലീഷിൽ വായിച്ചു കേൾപ്പിച്ചതുമായ പ്രബന്ധമാണ് Ahmadiyya Movement അഥവാ അഹ്മദിയ്യാ പ്രസ്ഥാനം എന്ന ഈ ലഘുകൃതി. ഇംഗ്ലീഷിൽ നിന്ന് വിവർത്തനം: ആരിഫ് മുഹമ്മദ് ബി.എം.

## ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് (റ)

### വിവാഹ മോചനം ഇസ്‌ലാമിൽ

അതുപോലെത്തന്നെ, വിവാഹ മോചന തത്ത്വത്തെക്കുറിച്ച് വിമർശകർ തിരിച്ചറിയാതെ പോകുന്ന ഒരു കാര്യമുണ്ട്. ഭാര്യാഭർത്താക്കന്മാരുടെ പ്രകൃതങ്ങൾ തമ്മിൽ ചില കേസുകളിൽ വളരെയേറെ പൊരുത്തക്കേടുകൾ ഉണ്ടായിരിക്കും. എത്രത്തോളമെന്നാൽ ഒരുമിച്ചു ജീവിക്കുക തീയും വെള്ളവും ഒരുമിച്ചു ചേരുന്നതിനു സമാനമായിരിക്കും. അതവർ രണ്ടുപേരുടെയും നാശത്തിലേ കലാശിക്കൂ. എന്തെന്നാൽ, ഈ രണ്ടു പദാർഥങ്ങളും കൂട്ടിച്ചേർക്കപ്പെട്ടാൽ തീ അണഞ്ഞുപോവുകയും വെള്ളം ബാഷ്പീകരിക്കപ്പെടുകയും ചെയ്യുന്നതാണ്. പിന്നെ നനഞ്ഞ ചാരം മാത്രമായിരിക്കും അവശേഷിക്കുക. ഇതേപോലെ, ഈ ദമ്പതികളെ ഒരുമിച്ച് ജീവിപ്പിക്കാൻ നിർബന്ധിക്കുകയാണെങ്കിൽ ഒന്നുകിൽ അവർ അവരുടെ ജീവിതങ്ങൾ പരിപൂർണമായും തകർത്ത് തരിപ്പണമാക്കുകയോ ധാർമികതയുടെ അതിർ വരമ്പുകൾ ലംഘിക്കുകവഴി സമൂഹത്തിന് ഭീഷണിയായിത്തീരുകയോ ചെയ്യുന്നതാണ്. അവരുടെ സ്വഭാവം തലാഖിനെ എതിർക്കുന്നവരുടെ വാദങ്ങൾക്ക് ലജ്ജാകരമായ വിശദീകരണമാവുകയും ചെയ്യും. ഇതും ഇതുപോലെ ഇസ്‌ലാമിക പാഠങ്ങൾക്കെതിരെയുള്ള മറ്റ് ആരോപണങ്ങളും അറിവില്ലായ്മയുടെയും ധാരണാരാഹിത്യത്തിന്റെയും ഫലമായാണ് ഉണ്ടായിട്ടുള്ളത്. എന്തെന്നാൽ ഇസ്‌ലാമിക പാഠങ്ങൾ ഇതരമതങ്ങളെ അപേക്ഷിച്ച് ദയയുടെയും യുക്തിയുടെയും മാനങ്ങളെ അടിസ്ഥാനപ്പെടുത്തി യുള്ളവയാണ്. അവ എല്ലാ കാലത്തെയും ആവശ്യങ്ങൾക്കും പ്രശ്നങ്ങൾക്കുമുള്ള സമ്പൂർണവും പരിപൂർണവുമായ പരിഹാരങ്ങൾ നല്കുന്നു.

### ധാർമിക പാഠങ്ങൾ

ദൈവത്തെയും അവന്റെ വെളിപാടുകളെയും സംബന്ധിച്ച് പ്രബലമായിരുന്ന തെറ്റിദ്ധാരണകളെ ഹദ്റത്ത് അഹ്മദ്(അ) വിപാടനം ചെയ്തതിന്റെയും ഈ ചോദ്യങ്ങൾക്ക് അദ്ദേഹം വിശദീകരിച്ച സമുന്നത പാഠങ്ങളുടെയും ചില ഉദാഹരണങ്ങൾ മുന്നിൽ വെച്ചു കഴിഞ്ഞതിനാൽ ഇനി ഞാൻ വളരെ ചുരുങ്ങിയ നിലയിൽ മനുഷ്യ ജീവിതത്തിന്റെ മറ്റുചില വശങ്ങളുമായി ബന്ധപ്പെട്ട അദ്ദേഹത്തിന്റെ ഉപദേശങ്ങളുടെ ഭാഗങ്ങളിലേക്ക് ശ്രദ്ധകൊണ്ടുവരാം.

മാനുഷിക ധാർമിക മൂല്യങ്ങളെക്കുറിച്ചുള്ള പൂർണമായ പാഠങ്ങൾ ഉൾക്കൊള്ളുന്നതുവരെ ഒരു മതത്തിനും അതു പരിപൂർണമാണെന്ന് വാദിക്കാൻ കഴിയുകയില്ല. ധാർമിക ഗുണങ്ങൾ ആത്മീയതയുടെ ഭാഗമല്ലെങ്കിലും അവ ധാർമികതയിലേക്കുള്ള ആദ്യ ചുവടുകൾ തന്നെയാണ്. പരിപൂർണമായ ധാർമിക മൂല്യങ്ങൾ കൂടാതെ ഒരു മനുഷ്യന് ആത്മീയതയിൽ പൂർണത കൈവരിക്കാൻ

മാനുഷിക ധാർമിക മൂല്യങ്ങളെക്കുറിച്ചുള്ള പൂർണമായ പാഠങ്ങൾ ഉൾക്കൊള്ളുന്നതുവരെ ഒരു മതത്തിനും അതു പരിപൂർണമാണെന്ന് വാദിക്കാൻ കഴിയുകയില്ല. ധാർമിക ഗുണങ്ങൾ ആത്മീയത യുടെ ഭാഗമല്ലെങ്കിലും അവ ധാർമികതയിലേക്കുള്ള ആദ്യ ചുവടുകൾ തന്നെയാണ്. പരിപൂർണമായ ധാർമിക മൂല്യങ്ങൾ കൂടാതെ ഒരു മനുഷ്യന് ആത്മീയതയിൽ പൂർണത കൈവരിക്കാൻ കഴിയില്ല. ധാർമികതയെക്കുറിച്ച് വാഗ്ദത്ത മസീഹ് ഹദ്റത്ത്(അ) അതിശയകരമായ തത്ത്വങ്ങളാണ് നല്കിയിരിക്കുന്നത്. അവയുടെ പഠനം ധാർമിക പാഠങ്ങൾ അന്വേഷിച്ച് ലോകം അന്നേവരെ ഇരുട്ടിൽ തപ്പുക മാത്രമായിരുന്നെന്ന് ഒരു ഞെട്ടലോടെ അംഗീകരിപ്പിക്കുന്നു.

കഴിയില്ല. ധാർമികതയെക്കുറിച്ച് വാഗ്ദത്ത മസീഹ് ഹദ്റത്ത്(അ) അതിശയകരമായ തത്ത്വങ്ങളാണ് നല്കിയിരിക്കുന്നത്. അവയുടെ പഠനം ധാർമിക പാഠങ്ങൾ അന്വേഷിച്ച് ലോകം അന്നേവരെ ഇരുട്ടിൽ തപ്പുക മാത്രമായിരുന്നെന്ന് ഒരു ഞെട്ടലോടെ അംഗീകരിപ്പി ക്കുന്നു. ഈ ചെറു ലേഖനത്തിന്റെ പരിധിയിൽ നിന്നുകൊണ്ടു മുഴുവ ൻ പ്രശ്നത്തിന്റെയും സമഗ്ര വിശകലനം സാധ്യമല്ലാത്തതിനാൽ ഈ തത്ത്വങ്ങളുടെ ചില കാര്യങ്ങളി ലേക്ക് മാത്രം സംക്ഷേപമായ വിവരണം നല്കുന്നതാണ്.

ആദ്യത്തെ കാര്യം ധാർമിക ഗുണങ്ങളുടെ നിർവചനവുമായി ബന്ധപ്പെട്ടതാണ്.

ധാർമിക ഗുണങ്ങളുടെ സ്വഭാവത്തെ തെറ്റായാണ് മനസ്സി ലാക്കിയിരുന്നതെന്നും ഇതു മനുഷ്യകുലത്തെ ഗൗരവപരമായ അബദ്ധത്തിലേക്ക് നയിച്ചിരിക്കുക യാണെന്നും മത ഗ്രന്ഥങ്ങളിൽ സുദീർഘമായ വ്യർഥസംവാദങ്ങ ൾക്ക് കാരണമായിരിക്കുകയുമാ ണെന്ന കാര്യത്തിലേക്ക് അദ്ദേഹ മാണ് ആദ്യമായി ലോകശ്രദ്ധയെ തിരിച്ചത്. മൃഗീയതയ്ക്കും ധാർമി കതയ്ക്കും മധ്യേ ഒരു ഘട്ടമുണ്ടെ ന്നുള്ളത് ജനങ്ങൾ തിച്ചറിയാതെ പോകുന്നു. മൃഗീയത എന്നത് ശിക്ഷണത്തിലെ പിഴവുകൾ, അസുഖം, ശീലം, അജ്ഞത, ദുഷിച്ച നിയ്യത്ത് എന്നിവ കാരണ ത്താൽ തികച്ചും സ്വാർഥ ലക്ഷ്യങ്ങ ളോടെ സ്വാർഥ താത്പര്യങ്ങൾ ക്കായി മറ്റുള്ളവരുടെ വികാരങ്ങൾ ക്ക് ഒരു വിലയും നല്കാതെ ചെയ്യുന്ന മാനുഷികാവസ്ഥയെ കുറിക്കുന്നതാണ്. എന്നാൽ ഇത് മനുഷ്യന്റെ നൈസർഗികമായ അവസ്ഥയല്ല, കാരണം മറ്റുള്ളവർ ക്ക് നന്മ ചെയ്യാൻ പ്രേരിപ്പിക്കുന്ന പല സ്വാഭാവിക വികാരങ്ങളും മനുഷ്യനിൽ നിക്ഷിപ്തമാണ്. ഇതിനെ ജനങ്ങൾ നല്ല ധാർമിക മൂല്യങ്ങളായി തെറ്റിദ്ധരിച്ചിരിക്കു ന്നു. ഉദാഹരണത്തിന്, മറ്റുള്ളവരു ടെ ദൗർഭാഗ്യങ്ങളിൽ പ്രകൃത്യാ മനുഷ്യൻ വേദനിക്കുന്നു. അവന് സദ്പെരുമാറ്റത്തിലേക്കും സത്യ ത്തിലേക്കും ചായ്‌വുണ്ട്. എന്തെ ന്നാൽ, മനുഷ്യൻ ഒരു സാമൂഹിക ജീവിയായാണ് സൃഷ്ടിക്കപ്പെട്ടിരി ക്കുന്നത്. ഈ വികാരങ്ങളെല്ലാം തന്നെ ഒരു സമൂഹത്തിൽ അംഗങ്ങ ളായിരിക്കുന്നതിന് അനിവാര്യമാണ്. പൂർണമായ ഏകാന്തതയിൽ ഒരുവിധ ശിക്ഷണവും നല്കപ്പെടാ ത്ത ഒരു കുഞ്ഞു പോലും പെരുമാറ്റത്തിൽ ഈ വികാരങ്ങൾ പ്രകടിപ്പിക്കുന്നുവെന്നത് ഈ വികാരങ്ങൾ നൈസർഗിക വാസന കൾ മാത്രമാണെന്നും ധാർമികത യിൽ നിന്ന് വിഭിന്നമാണെന്നും വ്യക്തമാക്കുന്നു. ഉദാഹണമായി, പ്രീതിയും അപ്രീതിയും ഒരു പോലെ സഹജവികാരങ്ങളാണ്. രണ്ടിനെയും നല്ലതെന്നോ ചീത്തതെ ന്നോ പറയാൻ കഴിയില്ല. എന്തെന്നാ ൽ ഒന്ന് നല്ലതും മറ്റേത് ചീത്തയുമാ ണെന്ന് പറയുന്ന പക്ഷം ദൈവം നമ്മുടെ പ്രകൃതത്തിൽ തി യും സഹജമാക്കിയിരിക്കുന്നെന്ന് സമ്മതിക്കേണ്ടിവരും. അതാ കട്ടെ, ദൈവനിന്ദയുമാണ്. മാത്രവുമല്ല നമ്മുടെ അനുഭവവും ഈ തത്ത്വം തെറ്റാണെന്ന് കാണിക്കുന്നു. എന്തെന്നാൽ, അക്രമം, തിന്മ തുടങ്ങിയ കാര്യങ്ങളോടുള്ള വെറുപ്പ് അങ്ങേയറ്റം ശ്ലാഘനീയമാ ണ്. വെറുപ്പിന്റെ എല്ലാ വികാരവും തിന്മയാണെന്ന് കരുതുന്നതായാൽ തെറ്റ് ചെയ്യുന്നതിനോടുള്ള വെറു പ്പും ഒരു തിന്മയായി കരുതേണ്ടി വരുന്ന ബുദ്ധി ശൂന്യതയിലേ ക്കാണെത്തുക.

അതിനാൽ ഹദ്റത്ത് അഹ്മദ് (അ) ദയ, ക്ഷമ, സ്നേഹം, സഹായം, ലാളിത്യം എന്നീ ഗുണങ്ങളെ ഉപദേശിക്കുന്ന മതം നൈസർഗിക വികാരങ്ങളെ നിരത്തിപ്പറയുകമാത്രമാണെന്നും ഇത് ഒരു വിധത്തിലും ധാർമികാനു ശാസനകളാകുന്നില്ലെന്നും വിശദീ കരിക്കുകയുണ്ടായി. ഈ സഹജ വികാരങ്ങളെ നിയന്ത്രിക്കാനും അതിനെ ശരിയായി ഉപയോഗി ക്കാനുള്ള നിർദേശങ്ങളും കൃത്യ മായ നിയമങ്ങളും വിസ്തരിക്കുന്ന ഒരു മതത്തിന് മാത്രമേ ധാർമിക അനുശാസനകൾ നല്കുന്നതായി അവകാശപ്പെടാനാവൂ. അതായത് ചില സഹജവാസനകളെ പ്രയോഗ വല്ക്കരിക്കലും മറ്റുള്ളവയെ

അടിച്ചമർത്തുന്നതും ധാർമികത യല്ല. ധാർമികത എന്നാൽ ബോധ പൂർവം ഉദ്ദിഷ്ട ലക്ഷ്യത്തോടെയും ശരിയായ അവസരങ്ങളിൽ ഈ വികാരങ്ങളെ ഉപയുക്തമാക്കുക യും അനഭിലഷണീയമായ ഓരോ സാഹചര്യത്തിലും നിയന്ത്രിക്കലു മാണ്. മനുഷ്യ മനസ്സിനെ പ്രകൃതി ചോദനകൾ ആവസിക്കുന്ന ഒരു ദേശമായിക്കണ്ടാൽ ഇത് വ്യക്ത മാക്കാനാകും. ഇനി ധാർമികാനു ശാസനങ്ങളുടെ ധർമം എന്നത് അവയിൽ ചിലതിനെ തൂക്കിലേറ്റു കയും മറ്റു ചിലതിനെ തോന്നിയതു പോലെ ചെയ്യാൻ കയറൂരി വിടലുമല്ല. എന്തെന്നാൽ, അത് ഭരണമല്ല അരാജകത്വമാണ്. നേരെ മറിച്ച്, അതിന്റെ ചുമതല ഓരോന്നി ന്റെ പ്രവർത്തനത്തിനും പരിധി നിശ്ചയിക്കലും ഒന്നിനെയും പരിധി ലംഘിക്കാൻ അനുവദിക്കാതിരിക്ക ലുമാണ്. ഇക്കാരണത്താലാണ് മനുഷ്യ പ്രവൃത്തികളെ ധാർമി കമെന്നു വിശേഷിപ്പിക്കുകയും മൃഗങ്ങളുടെ സമാന പ്രവൃത്തി കളെ അത്തരത്തിൽ വിശേഷിപ്പി ക്കാതിരിക്കുകയും ചെയ്യുന്നത്. മൃഗം പലപ്പോഴും ദയ കാണിക്കു ന്നു എന്നാൽ അത് സഹജബോധ ത്താൽ പ്രേരിതമായതിനാൽ അതിനെ ആരും ധാർമികതയെന്ന് വിളിക്കാറില്ല. ഏതെങ്കിലുമൊരു പ്രകൃതിചോദനയെപ്പോലും അടിച്ച മർത്തുന്ന മതം തിന്മയെ തടഞ്ഞു ധാർമികത പ്രചോദിപ്പിക്കുകയല്ല, മറിച്ച് ധാർമികത തകർത്ത് സമൂഹത്തെ നശിപ്പിക്കുകയാണ്. ഓരോ സഹജവികാരത്തെയും ഉപയുക്തമാക്കേണ്ട ശരിയായ സമയവും സന്ദർഭവും ചൂണ്ടിക്കാട്ടു ന്ന മതത്തിന് മാത്രമാണ് യഥാർഥ ധാർമികത സ്ഥാപിക്കാൻ കഴിയുക.

മതത്തിന്റെ ധാർമികാനുശാ സനങ്ങളെ കുറിച്ച് അദ്ദേഹം നല് കുന്ന രണ്ടാമത്തെ തത്ത്വം ഇതാകു ന്നു: ഓരോ ധാർമികഗുണവും പാലിക്കേണ്ട സമയ സന്ദർഭങ്ങൾ കാണിച്ചു തരുന്നതു കൂടാതെ ഒരു മതം ഓരോ പ്രകൃതി ചോദനയുടെ യും ശരിയായതോ തെറ്റായതോ ആയ പ്രയോഗം മൂലം ഉണ്ടാകാൻ സാധ്യതയുള്ള നല്ലതും ചീത്തയു മായ വിവിധ ധാർമിക അവസ്ഥ കളെ കുറിച്ച് വിശദീകരിക്കുകയും വേണം. അല്ലാത്ത പക്ഷം ജനങ്ങൾ ആശയകുഴപ്പത്തിലാവുകയും തുടക്കത്തിൽ തന്നെ ശ്രമം ഉപേക്ഷിച്ച് കളയുകയോ ഒരിക്കലും ലക്ഷ്യത്തിലേക്കെത്താൻ സാധ്യത യില്ലാത്ത പാത പിന്തുടരുകയോ ചെയ്യുന്നു. അത് ഇംഗ്ലീഷ് പഠിക്കാനാഗ്രഹിക്കുന്ന വിദ്യാർത്ഥി ഓക്സ്ഫേഡ് നിഘണ്ടു ഹൃദിസ്ഥ മാക്കാൻ മുതിരുന്നത് പോലെയായി ത്തീരും. അവർ സമയവും പ്രയത്ന വും അതിനായി ചിലവഴിക്കും. എന്നാൽ ഒരു ഫലവുമുണ്ടാവുകയി ല്ല. അതിനാൽ പുരോഗതിയുടെ ഏത് പടിയിലുള്ള മനുഷ്യർക്കും ഉപദേശങ്ങളിൽ നിന്ന് ഫലമെടു ക്കാൻ ഉതകുന്ന രീതിയിൽ ധാർമി ക ഗുണങ്ങളുടെ വിവിധ അവസ്ഥ കൾ വ്യക്തമാക്കേണ്ട ചുമതല മതത്തിനുണ്ട്.

മതം വ്യക്തമാക്കേണ്ട മൂന്നാ മത്തെ തത്ത്വമായി അദ്ദേഹം സ്ഥാപിച്ചിരിക്കുന്നത് ഓരോ ധാർമികാനുശാസനവും ഏതടി സ്ഥാനത്തിലാണെന്ന് വിശദീകരിക്ക ലാണ്. എന്തെന്നാൽ ഈയൊരറി വിന്റെ അഭാവത്തിൽ ഉന്നത ധാർമിക നിലവാരം കരസ്ഥമാക്കാ നാവശ്യമായ സ്ഥിരപരിശ്രമത്തിനു ള്ള ഉത്സാഹം മനുഷ്യന് അനുഭവ പ്പെടുകയില്ല. നാലാമതായി അദ്ദേ ഹം ഉപദേശിക്കുന്നത് മതം എല്ലാ നല്ലതും ചീത്തയുമായ പ്രവണത കളുടെ സ്രോതസ്സ് ചൂണ്ടിക്കാട്ടണ മെന്നും തിന്മയുടെ വഴികളെ അടച്ചുകളയാനും നന്മയുടെതിനെ വിശാലമാക്കാനും പഠിപ്പിക്കണ മെന്നുമാണ്. എന്തെന്നാൽ, ദുഷ്പ്രവണതകളെ തടയുന്നത് വരെ തിന്മയെ നശിപ്പിക്കാൻ കഴിയില്ല. ഈ പ്രശ്നത്തെ അഭിമുഖീകരിക്കാത്ത മതത്തിന്റെ ധാർമിക പാഠങ്ങൾ അപൂർണമാണ്. പ്രായോഗിക പ്രവർത്തനം വിശദീ കരിക്കാത്തിടത്തോളം അമൂർത്ത സിദ്ധാന്തങ്ങൾക്കൊണ്ട് ഒരു പ്രയോജനവുമില്ല. ഹദ്റത്ത്അഹ്മദ് (അ) ധാർമികോപദേശങ്ങൾ സംബന്ധിച്ച ഈ തത്ത്വങ്ങൾ ചൂണ്ടിക്കാട്ടുക മാത്രമല്ല വിശുദ്ധ ഖുർആൻ വിശദമായി പ്രതിപാദി ക്കുന്നുണ്ടെന്നും മനുഷ്യന്റെ ധാർമിക ഉദ്ഗ്രഥനത്തിന്റെ ഈ എല്ലാ വശങ്ങളും സ്പഷ്ടമാക്കു ന്നുണ്ടെന്നും വിശദീകരിച്ചു. അങ്ങനെ ഇസ്ലാമിന് മാത്രമേ മനുഷ്യകുലത്തിന് യഥാർഥ ധാർമിക മാർഗനിർദേശം നല്കാൻ കഴിയൂവെന്നും സ്ഥാപിച്ചു.

സമ്പൂർണ മതത്തിന്റെ മറ്റൊരു ധർമം മനുഷ്യ ജീവിത ത്തിന്റെ സാമൂഹികവശങ്ങളെ നിയന്ത്രിക്കുന്ന തത്ത്വങ്ങൾ നിർദേ ശിക്കലാണ്. ഇവ പാലിക്കുകവഴി രാഷ്ട്രീയവും സാംസ്കാരികതയും സമ്പൂർണമാകുകയും ലോകത്ത് ശാന്തിയും ന്യായവും സ്ഥാപിക്ക പ്പെടുകയും ചെയ്യുന്നു. ഹദ്റത്ത് അഹ്മദ് (അ) ഇസ്ലാമികാധ്യാ പനങ്ങളുടെ ഈ വശങ്ങളെ വിശദീകരിക്കുകയും അതിലടങ്ങി യിരിക്കുന്ന മനോഹര സത്യങ്ങൾ ലോകത്തിന് കാണിച്ചുകൊടുക്കു കയും ഈ പാഠങ്ങളെ കുറിച്ച് അന്ന് നിലവിലിരുന്ന തെറ്റിദ്ധാരണകൾ നീക്കം ചെയ്യുകയുമുണ്ടായി. പുനരുദ്ധരിക്കപ്പെട്ടതും ശരിയായ രീതിയിൽ വാർത്തെടുക്കപ്പെട്ടതു മായ സമൂഹത്തിൽ മാത്രമേ ഒരു വ്യക്തിക്ക് തന്റെ ധാർമികഗുണങ്ങൾ ഏറ്റവും നല്ല രീതിയിൽ പ്രകടമാ ക്കാൻ കഴിയൂ എന്ന് അല്പമൊന്നു ചിന്തിച്ചാൽ മനസ്സിലാക്കാം. കാരണം ഒരു സാധാരണ മനുഷ്യന് ഒരു പരിധിവരെയുള്ള ത്യാഗങ്ങൾ മാത്രമേ ചെയ്യാൻ കഴിയൂ. അതിനപ്പുറം അയാൾക്ക് പോവാൻ കഴിയില്ല. അതിൽ കൂടുതൽ അയാളിൽ നിന്ന് പ്രതീക്ഷിക്കുന്നത് കൂടുതൽ ഭാരം ചുമത്തലും ക്ഷമ പരീക്ഷിക്കലുമാണ്. ഇതിന്റെ ഫലം, ആദ്യം അയാളെ പരിഭ്രമിപ്പിക്കലും അവസാനത്തിൽ പൂർണമായും

ആത്മ നിയന്ത്രണം നഷ്ടപ്പെടുത്തിക്കലുമാകും. അതിനാൽ ഒരു വ്യക്തിയുടെ ധാർമിക ഗുണങ്ങളുടെ പുരോഗമനത്തിന് ഒരു സമൃദ്ധരിച്ച സംവിധാനം അത്യാവശ്യമാണ്. അല്ലാത്ത പക്ഷം ഉയർന്ന ധാർമിക ഗുണങ്ങൾ ചുരുക്കം ചില വ്യക്തികളിൽ മാത്രം ഒതുങ്ങിപ്പോകും.

മനുഷ്യജീവിതത്തിന്റെ ഈ അവസ്ഥയെക്കുറിച്ച് ഇസ്‌ലാം വിശദമായിത്തന്നെ പ്രതിപാദിക്കുന്നു. ഹദ്റത്ത് അഹ്മദ് (അ) ഈ ഇസ്‌ലാമിക പാഠങ്ങളെ വളരെയധികം വിശദീകരിച്ചിട്ടുണ്ട്. എന്നാൽ ഈ ലേഖനത്തിന്റെ പരിധിയിൽ നിന്ന് ചുരുങ്ങിയ രീതിയിലേ ഇതിനെ കുറിച്ച് സംസാരിക്കാനാകൂ എന്നത് വ്യക്തമാണല്ലോ. ഭരണാധികാരിയുടെയും പ്രജകളുടെയും അവകാശങ്ങളും കടമകളും സ്വതന്ത്രമായ നീതിന്യായവ്യവസ്ഥ, മനുഷ്യാവ കാശങ്ങളുടെ പാലനം, യജമാനനും ഭൃത്യനും തമ്മിലുള്ള ബന്ധം, അവർക്കിടയിൽ ഉയരുന്ന പ്രശ്നപരിഹാര നടപടികൾ, ഒരു മുസ്‌ലിം പൗരന്റെ ധർമങ്ങൾ, ദരിദ്രരുടെ അവകാശങ്ങൾ, വിവിധ മതങ്ങളും വിവിധ ഭരണകൂടങ്ങളും തമ്മിലുള്ള ബന്ധങ്ങൾ എന്നിവയെക്കുറിച്ച് ഇസ്‌ലാം വളരെ വിശാലമായി പ്രതിപാദിച്ചിട്ടുണ്ട്. മാത്രമല്ല, ഈ കാര്യത്തിൽ ഇസ്‌ലാം മറ്റെല്ലാ മതങ്ങളിൽ നിന്നും വ്യതിരിക്തമായി നിലകൊള്ളുന്നുവെന്ന് ഒരാൾക്ക് സമ്മതിക്കേണ്ടിവരും ഈ വശത്തെക്കുറിച്ച് ഞാൻ അഹ്മദിയ്യത്ത് അഥവാ യഥാർത്ഥ ഇസ്‌ലാം എന്ന ഗ്രന്ഥത്തിൽ വിശദമായി കൈകാര്യം ചെയ്തിട്ടുണ്ട്. എന്നാൽ ഇവിടെ ഇതുമായി ബന്ധപ്പെട്ട് ഹദ്റത്ത് അഹ്മദ് (അ) വിശദീകരിച്ച തത്ത്വങ്ങൾ ചുരുക്കത്തിൽ പ്രതിപാദിക്കുന്നതാണ്. അധികാരിയും പ്രജയും തമ്മിലുള്ള ബന്ധത്തെ കുറിച്ച് അദ്ദേഹം ചൂണ്ടിക്കാട്ടുന്നു. ഒന്നാമതായി സർക്കാർ പൊതുജനത്തിന്റെ സേവകരാണ്. എപ്പോഴും സ്വയം അങ്ങനെത്തന്നെ കണക്കാക്കണം. വാഗ്ദത്ത മസീഹ് (അ) ആത്മീയ സ്ഥാനങ്ങൾക്ക് ഉടമയാണ് എന്നിട്ടും തന്നെക്കുറിച്ച് പറയുന്നു.

നിങ്ങളെനിക്കായി ഇരിപ്പിടം നീക്കിയിടരുത്. കാരണം ഞാൻ സേവനം ചെയ്യാനാണ് നിയോഗിതനായിരിക്കുന്നത്. ഈ ചുരുങ്ങിയ വാക്കുകളിലൂടെ ഭരണാധികാരിയുടെ രണ്ട് മഹാതത്ത്വങ്ങളാണ് അദ്ദേഹം കാട്ടിത്തന്നിരിക്കുന്നത്. സർക്കാർ പൊതു ജനത്തിന്റെ സേവകരാണ്. അവർക്ക് വിശ്രമമില്ല. അധികാരം ചുമതലപ്പെട്ടവർ എപ്പോഴും നിർബന്ധമായും ചുമതലകൾക്കായി സ്വന്തം സുഖങ്ങൾ ത്യാഗം ചെയ്യുകയും ജനഹിതത്തിനായി മുഴുവൻ സമയവും ചെലവഴിക്കുകയും ചെയ്യേണ്ടതാണ്. അദ്ദേഹം പലപ്പോഴും ഈ അറബി പഴഞ്ചൊല്ല് ഉരുവിടാറുണ്ടായിരുന്നു.

ഒരു രാജ്യത്തിന്റെ അധിപൻ അതിന്റെ സേവകനാണ്. സ്വന്തം സുഖങ്ങൾ ത്യാഗം ചെയ്യലും മറ്റുള്ളവരുടെ സുഖത്തിനായി പ്രവർത്തിക്കലും അദ്ദേഹത്തിന്റെ കടമയാണ്. ഒരവസരത്തിൽ ഹദ്റത്ത് അഹ്മദി(അ)നെ കാണാനായി ചിലയാളുകൾ വന്നു. എന്നിട്ട് ആചാരപ്രകാരം വിനയത്തോടെ അദ്ദേഹം ഇരുന്ന പായയിൽ നിന്ന് അല്പം ദൂരത്തിരുന്നു. ഇതിൽ അതൃപ്തി പ്രകടിപ്പിച്ച് അദ്ദേഹം അരുളി "ഈ ആളുകളെ കുറിച്ച് അദ്ഭുതം തോന്നുന്നു; മസീഹ് അവതീർണനായി എന്നിട്ടും അവർ പഴയ സമ്പ്രദായങ്ങൾ കൈവിടുന്നില്ല. വന്ന് എന്റെ അരികിലിരിക്കുക."

രണ്ടാമതായി, ഇസ്‌ലാമിക രീതിയനുസരിച്ച് ഒരു രാജ്യത്തിന്റെ ഭരണം ജനങ്ങളുടെ നിർദേശങ്ങൾക്കനുസരിച്ചാണ് നടത്തേണ്ടത്. ഹദ്റത്ത് അഹ്മദ് (അ) എല്ലാ കാര്യത്തിലും സഹാബാക്കളോട് നിർദേശം ആരായുകയും ഏതൊരാൾക്കും അഭിപ്രായം പറയാൻ അവസരം നല്കുകയും കൂടിയാലോചനയുടെ പ്രാധാന്യം വ്യക്തമാക്കാനായി ചിലപ്പോഴൊക്കെ വ്യത്യസ്തമായ അഭിപ്രായമുണ്ടായിരുന്നാലും സഹാബാക്കളുടെ നിർദേശങ്ങൾക്കനുസരിച്ച് പ്രവർത്തിക്കുകയും ചെയ്തിരുന്നു. അങ്ങനെ ലോകത്ത് ഇസ്‌ലാം ആദ്യമായി നിലവിൽ കൊണ്ട് വന്ന യഥാർഥ ജനാധിപത്യ ആത്മാവിനെ പുനരുജ്ജീവിപ്പിക്കുകയും ചെയ്തു.

മൂന്നാമതായി, കലഹങ്ങളിലേക്ക് നയിക്കാനും പൊതുസമാ ധാനം നശിപ്പിക്കാനും സാധ്യതയുള്ള സാമുദായിക കലഹങ്ങൾ പരിഹരിക്കലും സർക്കാറിന്റെ ഉത്തരവാദിത്വമാണെന്ന് പറഞ്ഞു വെച്ചു. സാമുദായിക കലഹങ്ങളിലേക്ക് അദ്ദേഹം പലപ്പോഴും സർക്കാറിന്റെ ശ്രദ്ധ ക്ഷണിക്കുകയും മധ്യസ്ഥം വഹിച്ച് കുഴപ്പങ്ങളിൽ പരിഹാരം നടത്തി സമൂഹത്തിൽ ശാന്തിയും സമാധാനവും നിലവിൽ വരുത്തണമെന്ന നിർദേശം വെക്കുകയും ചെയ്തു. എന്നാൽ അഭിപ്രായ സ്വാതന്ത്ര്യത്തിലോ വ്യക്തികളുടെ അവകാശത്തിലോ കൈകടത്തുന്നതിനെ അദ്ദേഹം ഒരിക്കലും അംഗീകരിച്ചില്ല. തീർച്ചയായും ഇസ്‌ലാം വ്യക്തികളുടെ അവകാശം സംരക്ഷിക്കണമെന്ന പാഠം നല്കുന്നു. എത്രത്തോളമെന്നാൽ, ഓരോ തൊഴിലാളിക്കും അവന്റെ അധ്വാനത്തിന്റെ മുഴുവൻ മൂല്യവും ഉറപ്പുവരുത്തേണ്ടത് സർക്കാറിന്റെ ചുമതലയായാണ് ഇസ്‌ലാം കാണുന്നത്. ഓരോ ഭരണകൂടവും മുഴു സമൂഹത്തെയും ബാധിക്കാനിടയുള്ള എല്ലാ പ്രശ്നത്തിലും ശ്രദ്ധിക്കാൻ നിർബന്ധിതമാണ്. എന്നാൽ ആദ്യകാല ഇസ്‌ലാമിക ചരിത്രം പരിശോധിക്കുകയാണെങ്കിൽ ചിലപ്പോൾ തൊഴിലാളികൾ ഒറ്റക്ക് അവർക്ക് മുഴുവൻ വേതനവും ലഭിക്കുന്നില്ലെന്ന പരാതിയുമായി സർക്കാറിനെ സമീപിച്ചതായും സർക്കാർ എപ്പോഴും അവരുടെ പ്രശ്നങ്ങളിൽ ശ്രദ്ധിച്ചിരുന്ന

തായും കാണാം.

ഒരു വശത്ത് ഹദ്റത്ത് അഹ്മദ്(അ) പാവപ്പെട്ടവരുടെ അവകാശങ്ങൾക്ക് പ്രത്യേക ഊന്നൽ നല്കുമ്പോൾ മറുവശത്ത് ഒരു മനുഷ്യൻ സ്വന്തം കഴിവുകളാൽ ആർജിച്ചത് അവനിൽ നിന്ന് തട്ടിമാറ്റരുതെന്നും പഠിപ്പിച്ചു. ലോകത്തിന്റെ പുരോഗതിക്ക് കഴിവുകളും നൈപുണ്യവും ഉപയോഗപ്പെടുത്തിയുള്ള മത്സരം ആവശ്യമാണെന്ന് അദ്ദേഹം കരുതുന്നു. എന്നാൽ രാജ്യത്തിന്റെ സമ്പത്ത് കയ്യിലുള്ളവർ ഇസ്‌ലാം തിട്ടപ്പെടുത്തിയ നിശ്ചിത വിഹിതം പാവപ്പെട്ടവരുടെ നന്മക്കായി ചിലവഴിക്കുകയും വ്യക്തിപരമായ ആഗ്രഹങ്ങൾക്കല്ലാതെ പൊതു നന്മക്കായി ഉപയോഗിക്കുകയും ചെയ്യണം. അതായത്, സ്വത്ത് സമ്പാദിച്ച് കൂട്ടി വെക്കുന്നതിലല്ല, വിതരണം ചെയ്യുന്നതിലാണ് ആനന്ദം കണ്ടെത്തേണ്ടത്. ഈ കാര്യത്തിൽ ഇസ്‌ലാമിക പാഠങ്ങൾ അനുപമമായി നിലകൊള്ളുന്നു. സ്വകാര്യസ്വത്തുക്കളെക്കുറിച്ചുള്ള തത്ത്വങ്ങൾ ഇസ്‌ലാം അംഗീകരിക്കുകയും ഉയർത്തിപ്പിടിക്കുകയും ചെയ്യുന്നു. അതേ സമയം മറ്റുള്ളവരുടെ അധ്വാനത്തിന്റെ സംഭാവനകളില്ലാതെ ഒരാൾക്ക് സമ്പന്നനാവാൻ കഴിയില്ലെന്നും അത് തിരിച്ചറിയുന്നുണ്ട്. നിശ്ചയമായും സ്വത്തിന്റെ ഒരു ഭാഗം നീക്കി വെച്ച് സർക്കാരിലൂടെ അത് സ്വത്ത് സമ്പാദനത്തിലുള്ള പാവപ്പെട്ടവരുടെ സംഭാവനകൾക്ക് പകരമായി കൊടുക്കുകയും വേണം. എല്ലാ ജനങ്ങൾക്കും ജീവിത വിഭവങ്ങൾ ഉറപ്പു വരുത്തൽ ഒരു ഭരണകൂടത്തിന്റെ ചുമതലയാണെന്നുള്ള നിർദേശവും അതു മുന്നോട്ട് വെയ്ക്കുന്നു.

അന്തർദേശീയ ബന്ധങ്ങളെ സംബന്ധിച്ചിടത്തോളം വ്യക്തികൾ ധാർമികതയുടെ ആധിപത്യത്തിൽ ബന്ധിതരായതുപോലെ ത്തന്നെ ദേശങ്ങളും ഭരണകൂടങ്ങളും ധാർമിക കല്പനകൾക്ക് വിധേയരാണെന്ന് മനസ്സിലാക്കുന്നത് വരെ ഈ ബന്ധങ്ങൾ തൃപ്തികരമായി മാറുകയില്ല എന്നദ്ദേഹം വ്യക്തമാക്കി. മിക്കവാറും എല്ലാ അന്താരാഷ്ട്ര കലഹങ്ങളും വ്യക്തികൾ പാലിക്കേണ്ടുന്ന ധാർമിക നിലവാരം ഭരണകൂടങ്ങൾക്ക് ബാധകമല്ലെന്ന തെറ്റായ സിദ്ധാന്തത്തിന്റെ ഫലങ്ങളാണ്.

ലോക സമാധാനത്തിനായി ഓരോ രാജ്യത്തെ പ്രജയും താന്താങ്ങളുടെ സർക്കാരുമായി സഹകരിക്കലും പ്രധാനമാണെന്നദ്ദേഹം അരുളി. അവരുടെ അവകാശങ്ങൾ നേടാനും സംരക്ഷിക്കാനുമുള്ള നടപടികൾ കൈകൊള്ളുന്നതിന് ഒരു തടസ്സവുമില്ല. എന്നാൽ അതിനായി പൊതുസമാധാനമോ സർക്കാറിന്റെ അധികാരം വിഘ്നപ്പെടുത്തുന്നതോ ധാർമികമായി മോശപ്പെട്ടതോ ആയ രീതികൾ അവലംബിക്കാൻ പാടില്ല. അതുപോലെത്തന്നെ ആത്മാർത്ഥമായി ഏതെങ്കിലും മതങ്ങളിൽ വിശ്വസിക്കുന്ന ജനങ്ങളുള്ളിടത്തോളം ആചാരവേളകളിൽ മതത്തിന്റെ മേലങ്കി അണിയുന്നവരാൽ മാത്രമല്ലല്ലോ ഈ ലോകം നിർമിക്കപ്പെട്ടിരിക്കുന്നത്. മതപരമായ വ്യത്യാസങ്ങൾ ഉടലെടുത്തു കൊണ്ടേയിരിക്കുമെന്നും യഥാർഥ ഐക്യം ലോകത്തിലെ മിക്കവാറും ജനങ്ങൾ ഒരൊറ്റ വിശ്വാസത്തിൽ ബന്ധിപ്പിക്കപ്പെടുമ്പോൾ മാത്രമേ നിലവിൽ വരൂ എന്നും അദ്ദേഹം വിശ്വസിച്ചു. ആയതിനാൽ പ്രപഞ്ചത്തിൽ സമാധാനം സ്ഥാപിക്കാനായി ദൈവം തന്നെ അയച്ചുവെന്നും തന്നിലൂടെ ഒരു വിശ്വാസത്തിലേക്ക് മനുഷ്യർ സംഘടിതരാകുമെന്നും അങ്ങനെ ആന്തരികവും ബാഹ്യവുമായ ശാന്തി നിലവിൽ വരുമെന്നും അവകാശപ്പെടുന്നു.

ഇന്നത്തെ അവസ്ഥയിൽ നിന്ന് പുരോഗമനമുണ്ടാക്കാനായി താഴെപ്പറയുന്ന നിർദേശങ്ങൾ മുന്നോട്ട് വച്ചു.

1. അനുയായികളുടെ ഹൃദയം വ്രണപ്പെടുന്ന രീതിയിൽ മതസ്ഥാപകരെയും മതനേതാക്കളെയും പരാമർശിക്കരുത്.

2. മതപ്രചാരണത്തിൽ മിഷണറിമാർ തങ്ങളുടെ മതത്തിന്റെ സൗന്ദര്യം വിശദീകരിക്കുന്നതിൽ പരിമിതപ്പെടുകയും മറ്റു മതങ്ങളെ ആക്രമിക്കാതിരിക്കുകയും ചെയ്യേണ്ടതാണ്. മറ്റു മതത്തിന്റെ പാളിച്ചകൾ കണ്ടുപിടിക്കുന്നത് ഒരു വിധത്തിലും സ്വന്തം മതത്തിന്റെ സത്യത വെളിപ്പെടുത്തില്ല. അവരവരുടെ പാഠങ്ങളുടെ ഔന്നത്യം കാണിക്കുന്നതിലൂടെ മാത്രമേ മതത്തിന്റെ സത്യം സ്ഥാപിക്കാൻ കഴിയൂ; അല്ലാതെ മറ്റു മതങ്ങളുടെ കുറവുകൾ പരാമർശിച്ചല്ല.

3. തങ്ങളുടെ വിശുദ്ധ ഗ്രന്ഥങ്ങളിൽ നിന്ന് നേരിട്ടുദ്ധരിക്കാൻ കഴിയാത്ത ഒരു സിദ്ധാന്തവും ഒരു മതാനുയായികളും തങ്ങളുടെ തത്ത്വസംഹിതയായി മുന്നോട്ട് വെക്കരുത്. തത്ത്വവും അതിന്റെ തെളിവും വെളിപാടു ഗ്രന്ഥത്തിൽ നിന്ന് തന്നെ എടുത്തുകാട്ടണം. ഈ ഒരു സിദ്ധാന്തം പൂർണമായി പാലിക്കാത്തിടത്തോളം മതത്തിന്റെ സത്യത്തിൽ തീരുമാനമെടുക്കാൻ കഴിയില്ല. എന്തെന്നാൽ അത്തരം നിബന്ധനയുടെ അഭാവത്തിൽ ഒരു പ്രത്യേക മതത്തിന്റേതെന്ന് അവകാശപ്പെടുന്ന അധ്യാപനങ്ങൾ ആ മതത്തിന്റെ ഗ്രന്ഥത്തിലുള്ളത് തന്നെയോ അതോ ഇതര മതപഠനത്തിൽ നിന്ന് ഉരുത്തിരിഞ്ഞ് വന്നതോ അതോ കാലത്തിന്റെ ചിന്താധാരയിൽ നിന്ന് ഉയർന്നതോ എന്ന് മനസ്സിലാക്കാൻ കഴിയില്ല. ഓരോ മതത്തിന്റെ വക്താവും അവരുടെ വെളിപാടു ഗ്രന്ഥങ്ങളിൽ നിന്ന് മാത്രം അധ്യാപനങ്ങളും വാദങ്ങളും എടുത്തു കാണിക്കുന്നതായാൽ പൊതുജനത്തിന് തീരുമാനമെടുക്കാൻ എളുപ്പമാവുകയും സത്യം എളുപ്പത്തിൽ പ്രകടമാവുകയും ചെയ്യും. ദൈവം നമ്മുടെ മാർഗനിർദേശത്തിനായി ഇറക്കിയ മതത്തിൽ തന്നെ ആവശ്യമായ എല്ലാ പാഠങ്ങളും ഉണ്ടാവണമെന്നതും നിർബ

ന്ധമാണ്. അല്ലാത്തപക്ഷം ആ മതം നമ്മെ സഹായിക്കുന്നതിന് പകരം അതിന്റെ സത്യം വെളിപ്പെടുത്താനായി നമ്മുടെ സഹായം ആവശ്യമായി വരുമെന്നതിൽ ഒരു സംശയവുമില്ല.

4. വിവിധ മതങ്ങളെ കുറിച്ച് വാദിക്കുന്നവർ അവരവരുടെ മതപാഠങ്ങളെക്കുറിച്ച് വെറുതെ വിശദീകരിക്കുന്നതിന് പകരം ആ പാഠങ്ങൾ പ്രവൃത്തിയിൽ കൊണ്ടുവരുന്നതിന്റെ ഫലങ്ങൾ കാണിച്ചുകൊടുക്കുക വഴി ജനങ്ങൾക്ക് ഈ പാഠങ്ങൾക്കൊണ്ട് എന്തെങ്കിലും ഫലമുണ്ടോയെന്ന് തീരുമാനിക്കാൻ കഴിയും. ഒരു മരുന്നിന്റെ ഫലം അത് ഒരു രോഗം ചികിത്സിക്കുന്നതിലൂടെ വ്യക്തമാക്കാമെങ്കിൽ എന്തുകൊണ്ട് മതാധ്യാപനങ്ങൾ ദൈവവും മനുഷ്യനും തമ്മിലുള്ള ബന്ധം സ്ഥാപിക്കുന്നതിൽ വിജയിക്കുന്നതിലൂടെ തെളിയിച്ചുകൂടാ?

ശാന്തിയും സൗഹാർദവും വർദ്ധിപ്പിക്കാനുള്ള ഇസ്‌ലാമിക പാഠങ്ങളുടെ ചില ഉദാഹരണങ്ങൾ മാത്രമാണ് ഞാൻ ഇവിടെ സൂചിപ്പിച്ചിരിക്കുന്നത്. എന്നാൽ ഞാൻ മുമ്പേ സൂചിപ്പിച്ചത് പോലെ അഹ്മദിയ്യത്ത് അഥവാ യഥാർഥ ഇസ്‌ലാം എന്ന എന്റെ ഗ്രന്ഥത്തിൽ മനുഷ്യ ജീവിതത്തിന്റെ ഈ ഒരു വശവുമായി ബന്ധപ്പെട്ടു കൊണ്ട് ഇസ്‌ലാം വിശദമായ അധ്യാപനങ്ങൾ നല്കുന്നതായി വ്യക്തമാക്കിയിട്ടുണ്ട്. അത് ഒരു അന്തർദേശീയ കൗൺസിൽ പോലും വരച്ചു കാട്ടുകയും അത് ഏത് തത്ത്വങ്ങളുടെ അടിസ്ഥാനത്തിലായിരിക്കണമെന്ന് പറഞ്ഞു വെക്കുകയും ചെയ്യുന്നു. ഈ തത്ത്വങ്ങൾ ഇന്നത്തെ ലീഗ് ഓഫ് നേഷൻസ് നിലകൊള്ളുന്നവയിൽ നിന്നും വ്യത്യസ്തമാണെങ്കിലും ഈ തത്വങ്ങൾ പരിശോധിച്ചാൽ അവ കൂടാതെ ഒരു അന്തർദേശീയ കൗൺസിലിനും നില നില്ക്കാൻ കഴിയില്ലെന്ന നിഗമനത്തിലായിരിക്കും എല്ലാവരും എത്തിച്ചേരുക.

## മരണാനന്തര ജീവിതം

മരണത്തിനു ശേഷം ഒരു ജീവിതം ഉണ്ടെന്നുള്ളത് മനുഷ്യൻ സൃഷ്ടിക്കപ്പെട്ടതുമുതൽ വിശ്വസിച്ചു വരുന്ന ഒന്നാണ്. എല്ലാ മതങ്ങളും മനുഷ്യന് അത്തരമൊരു ജീവിതത്തിന്റെ പ്രതീക്ഷ നല്കുന്നുമുണ്ട്. മരണാനന്തര ജീവിതത്തെക്കുറിച്ച് പൊതുവെ സമൂഹത്തിൽ പ്രചരിച്ച വിശ്വാസങ്ങളിൽ ഹദ്റത്ത് അഹമദ്(അ) ഉളവാക്കിയ സ്വാധീനം പരാമർശിക്കാതിരുന്നാൽ എന്റെ വിഷയം അപൂർണമായി ത്തീരുന്നതാണ്. എന്നാൽ ഇതൊരു ഗഹനമായ വിഷയമായതു കൊണ്ട് ഒരു നീണ്ട വിശദീകരണം ആവശ്യപ്പെടുന്നുണ്ട്. എങ്കിലും വിശദാംശങ്ങളിലേക്ക് കടക്കാതെ മരണാനന്തര ജീവിതവുമായി ബന്ധപ്പെട്ട ചില വിഷയങ്ങളെ ചുരുങ്ങിയ നിലയിൽ ഞാൻ പ്രതിപാദിച്ചു കൊള്ളാം. കൂട്ടത്തിൽ ഈ വിഷയത്തിൽ ഹദ്റത്ത് അഹ്മദി(അ)ന്റെ കാഴ്ചപ്പാടും അദ്ദേഹം നിർദേശിച്ച പരിഹാര മാർഗവും പ്രതിപാദിക്കുന്നതാണ്.

ഇതുസംബന്ധമായി ഉയർന്നു വരുന്ന ആദ്യത്തെ ചോദ്യം മരണാനന്തര ജീവിതം സംഭവിക്കുന്നതെങ്ങനെ എന്നുള്ളതാണ്. മരണാനന്തര ജീവിതം എന്നത് ഇഹലോകത്ത് ജീവിക്കുന്ന ഭൗതിക ശരീരത്തിന്റെ ജീവിതമല്ല. അത് ശരീരത്തിന്റെ ഉയിർത്തെഴുന്നേൽപ്പ് ആയിരിക്കുകയില്ല; ആത്മാവിന്റെ ഉയിർത്തെഴുന്നേൽപ്പ് ആയിരിക്കും. ഭൗതിക ശരീരം ഇഹലോകത്തേക്ക് വേണ്ടിയുള്ളതും ഇവിടെത്തന്നെ അവസാനിക്കുന്നതുമാണ്. പരലോകത്ത് ആത്മാവിന് ആത്മീയ സുഖദു:ഖങ്ങൾ അനുഭവവേദ്യമാകുന്നതിന് ആത്മീയ ശരീരം നല്കപ്പെടുന്നതായിരിക്കും.

മരണാനന്തര ജീവിതം ആരംഭിക്കുന്നതെപ്പോൾ എന്നതാണ് രണ്ടാമത്തെ ചോദ്യം. മരണത്തിനു ശേഷം ഉടനെത്തന്നെ മരണാനന്തര ജീവിതം ആരംഭിക്കുന്നുവെന്നാണ് ഹദ്റത്ത് അഹ്മദ്(അ) പറഞ്ഞിട്ടുള്ളത്. ആയിരക്കണക്കിനു വർഷങ്ങൾക്കു ശേഷമുള്ള ഇടവേളയിലെ സവിശേഷ സമയത്ത് നടക്കുന്നതല്ല ഇത്. ഈ ജീവിതത്തെ മൂന്നു ഘട്ടങ്ങളിലായി തരംതിരിക്കാം. ഖബറിലെ ജീവിതമാണ് ഒന്നാമത്തെ ഘട്ടം. അതിനെ മനുഷ്യന്റെ ഭ്രൂണാവസ്ഥയുമായി സാദൃശ്യപ്പെടുത്താവുന്നതാണ്. ആ ഘട്ടത്തിൽ മനുഷ്യാത്മാവ് പലവിധത്തിലുള്ള പരിവർത്തനങ്ങൾക്ക് വിധേയമാവുകയും പുതിയ ശക്തികളും കഴിവുകളും വികസിക്കാൻ തുടങ്ങുകയും ചെയ്യുന്നു. ഭ്രൂണാവസ്ഥകളിലെ ഒരു ഘട്ടത്തിൽ ആത്മാവ് അതിൽ ഉദ്ഭൂതമാകുന്നതു പോലെ മനുഷ്യാത്മാവ് മറ്റൊരാത്മാവിനെ ഉത്ഭൂതമാക്കുകയും മനുഷ്യാത്മാവ് ശരീരമായി വർത്തിക്കുകയും ചെയ്യുന്നു. മറ്റു വാക്കുകളിൽ പറഞ്ഞാൽ ആത്മാവ് ഒരു പുതുജന്മം അനുഭവിക്കുമാറാകുന്നു. അനന്തരം രണ്ടാം ഘട്ടം ആരംഭിക്കുന്നു. അതിനെ ഉയിർത്തെഴുന്നേൽപ്പ്എന്ന് വിളിക്കാം. ഇതിനെ ശിശുവിന്റെ ജനനത്തോട് സാദൃശ്യപ്പെടുത്താവുന്നതാണ്. ഈ ഘട്ടത്തിൽ മനുഷ്യാത്മാവ് രണ്ടാം ജീവിതത്തിലെ അവസ്ഥകൾ അനുഭവിക്കുമെങ്കിലും ഒരു ശിശുവിനെപ്പോലെ അപൂർണമായിട്ടായിരിക്കും ആ അവസ്ഥകളെ അതു തിരിച്ചറിയുന്നത്. ഈ ഘട്ടത്തിനു ശേഷമാണ് മൂന്നാം ഘട്ടം ആരംഭിക്കുന്നത്. അതിനെ പക്വതയാർന്ന യുവാവിനോട് സാദൃശ്യപ്പെടുത്താവുന്നതാണ്. ഈ ഘട്ടത്തിൽ ആത്മാവ് മരണാനന്തര അവസ്ഥകളെ പൂർണമായി തിരിച്ചറിയുകയും സ്വർഗവാസിയോ നരകവാസിയോ ആയിത്തീരുകയും ചെയ്യുന്നു. (തുടരും)

www.alislam.org

# ബാഹ്യരൂപങ്ങളും ആന്തര സത്തയും

## ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് (റ)

ദൈവവുമായുള്ള ബന്ധം പ്രകടിപ്പിക്കാൻ മനുഷ്യന്ന് എന്തൊക്കെ വഴികളാണുള്ളത്? മറ്റൊരു വിധത്തിൽ പറഞ്ഞാൽ ദൈവം മനുഷ്യന്റേമേൽ എന്തൊക്കെ കടമകളാണ് വിധിച്ചിട്ടുള്ളത്.?

ഒരോ മതവും വ്യത്യസ്ത രൂപത്തിലാണ് ഈ ചോദ്യത്തിന്ന് ഉത്തരം നൽകിയിട്ടുള്ളത്. മറ്റു ചോദ്യങ്ങളെ അപേക്ഷിച്ചിടത്തോളം ഈ ചോദ്യത്തിന്നുള്ള മറുപടിയുടെ കാര്യത്തിൽ വിവിധ മതങ്ങളുടെ വിയോജിപ്പുകൾ ഏറെയാണെന്ന് ഞാൻ കരുതുന്നു. മനുഷ്യൻ ദൈവത്തിന്റെ സൃഷ്ടി എന്ന നിലക്ക് ആ ഉദ്ദേശ്യം പൂർത്തികരിക്കേണ്ടതാണ് എന്നതാണ് ഇസ്‌ലം നൽകുന്ന മറുപടി. എന്നു വെച്ചാൽ മനുഷ്യൻ ദൈവത്തിന്റെ പൂർണ്ണ ദാസൻ ആയിതീരാൻ ശ്രമിക്കേണ്ടതുണ്ടെന്നും അവനെ പ്രാപിക്കാൻ പണിപ്പെടണമെന്നും തന്നെ. സ്വാഭാവികമായ ഉത്തരം ഇത് തന്നെയാണ്. വിശുദ്ധ ഖുർആൻ പറയുന്നു:

**'ഭൂമിയെ നിങ്ങൾക്ക് വേണ്ടി വാസസ്ഥലവും ആകാശത്തെ മേൽത്തട്ടും ആക്കിയവനത്രെ അല്ലാഹു. അവൻ നിങ്ങളെ രൂപപ്പെടുത്തി. എന്നിട്ട് അവൻ നിങ്ങളുടെ രൂപത്തെ ഏറ്റവും സുന്ദരമാക്കുകയും ഏറ്റവും നല്ല വസ്തുക്കളിൽ നിന്ന് അവൻ നിങ്ങൾക്ക് ആഹാരം നൽകുകയും ചെയ്തിരിക്കുന്നു. അവനാണ് നിങ്ങളുടെ നാഥനായ അല്ലാഹു. അപ്പോൾ സർവ്വലോക പരിപാലകനായ അല്ലാഹു അളവറ്റ അനുഗ്രഹമുടയവനാകുന്നു. അവൻ എന്നും ജീവിച്ചിരിക്കുന്നവനാണ്. അനുസരണം അവനു മാത്രം പ്രത്യേകപ്പെടുത്തിക്കൊണ്ടു നിങ്ങളവനെ വിളിച്ചു പ്രാർത്ഥിക്കുവീൻ. സർവ്വ സ്തുതിയും പ്രപഞ്ച നാഥനായ അല്ലാഹുവിനാകുന്നു. പറയുക: എന്റെ നാഥനിൽ നിന്നു എനിക്ക് സ്പഷ്ടമായ തെളിവുകൾ വന്നുകിട്ടിയപ്പോൾ, അല്ലാഹുവിനെ വിട്ട് നിങ്ങൾ വിളിച്ച് പ്രാർത്ഥിക്കുന്നവരെ ആരാധിക്കുന്നത് എന്നോട് വിരോധിച്ചിരിക്കുന്നു. പ്രപഞ്ച നാഥന് കീഴ്പ്പെട്ട് ജീവിക്കണമെന്ന് എന്നോട് ആജ്ഞാപിക്കുകയും ചെയ്തിരിക്കുന്നു'(40: 65: 67)**

ദൈവവും മനുഷ്യനും മുകളിൽ പറഞ്ഞ ആത്മീയ ബന്ധത്തിന്ന് പുറമെ, ഭൗതികമായ കാര്യങ്ങളെ സംബന്ധിച്ചിടത്തോളവും അവന്റെ കൽപ്പന അനുസരിക്കേണ്ടതാണെന്നും ഈ വാക്യങ്ങൾ മനസിലാക്കി ത്തരുന്നു. ഈ കൽപ്പനകൾ പലതരത്തിലുണ്ടെന്നും ഖുർആനിൽ നിന്നും മനസ്സിലാകുന്നു. എന്നാൽ ആരാധന അതായത്, ദൈവത്തോട് ഒരു മനുഷ്യന്ന് സ്വന്തത്തിൽ പ്രകടിപ്പിക്കാനുള്ളതും മറ്റുള്ളവർക്ക് നേരിട്ട് ബാധകമല്ലാത്തതുമായ ബന്ധത്തിന്റെ മുഖ്യ രൂപമായ ആരാധനയെ പറ്റി മാത്രമാണ് ഞാനിവിടെ പ്രസ്താവിക്കാനുദ്ദേശിക്കുന്നത്. ഇസ്‌ലാം അത്തരം കൽപ്പനകളെ അഞ്ചുതരമായി വേർതിരിച്ചിട്ടുണ്ട്. 1. നമസ്ക്കാരം, 2. ദിക്ർ അഥവാ ദൈവസ്മരണ, 3.വ്രതാനുഷ്ഠാനം, 4. മക്കത്തേക്കുള്ള ഹജ്ജ്‌യാത്ര, 5. ബലികൾ.

മിക്കവാറും എല്ലാമതങ്ങൾക്കും ആരാധനാകർമ്മങ്ങൾ വിധിച്ചിട്ടുണ്ടെന്ന് അടുത്തകാലത്തെ ഗവേഷണങ്ങൾ തെളിയിച്ചിരിക്കുന്നു. ഈ ആരാധനാകർമ്മങ്ങൾ അനുഷ്ഠിക്കേണ്ടതെങ്ങനെയെന്ന കാര്യത്തിൽ ഭിന്നിപ്പുകളുണ്ടാകുമെന്നത് ശരിതന്നെ നേരെ മറിച്ചാകട്ടെ ഈ ആരാധനാരൂപങ്ങളെ അനാവശ്യമായ ആചാരങ്ങളെന്ന് പറഞ്ഞ് അവഹേളിക്കുകയും ഇത്തരം ആചാരാനുഷ്ഠാനങ്ങളിൽ മനുഷ്യനെ ഒതുക്കി നിർത്താൻ ദൈവം ഒരിക്കലും ഉദ്ദേശിക്കുന്നില്ലെന്ന് പ്രഖ്യാപിക്കുകയും ചെയ്യുകയാണ് ആധുനിക പ്രവണത. ഇതിന്റെ ഫലമെന്തെന്നുവെച്ചാൽ ആരാധനാരൂപങ്ങളുടെ ബാഹ്യരൂപങ്ങളെ പഴയത് പോലെ അത്രമാത്രം പൊതുവായിട്ട് കാണപ്പെടുന്നില്ല എന്നതാണ്. അതുകൊണ്ട് ഇത്തരം ആരാധനാ കർമ്മങ്ങൾ മറ്റു മതങ്ങൾ കയ്യൊഴിച്ചു തുടങ്ങിയിട്ടുണ്ട്. ഒരു ഭാഗത്ത് ഇസ്‌ലാം അതിന്റെ അദ്ധ്യാപനങ്ങളുടെ കാലോചിതമായ പുത്തൻ ഭാവങ്ങൾ വെളിപ്പെടുത്തിക്കൊണ്ടിരിക്കെ മറ്റൊരു ഭാഗത്ത് വിശുദ്ധ ഖുർആനിൽ അതിന്റെ പാഠങ്ങളെ സംബന്ധിച്ച് കാണപ്പെടുന്ന പ്രസ്താവനകൾ ഏത് ശക്തമായ ജലപാതത്തിന്നും സ്വസ്ഥാനത്ത് നിന്നും ഇളകാനാകാത്തവിധം പാറപോലെ ഉറച്ചു നിൽക്കുന്നു. പ്രകൃതിയിലെന്നോണം അത് പുതിയ ഖനികളെ പുറത്ത് കൊണ്ടു വരുന്നു.

പ്രകൃതിയിലെന്നോണം അതിന്റെ നിയമങ്ങൾ എല്ലാ രഹസ്യങ്ങളും അറിയുന്ന, ഭാവികാര്യങ്ങളെല്ലാമറിയുന്ന, എല്ലാ നിയമങ്ങളും സത്യത്തിലും യുക്തിയിലും അടിയുറപ്പിച്ച ഒരു ദിവ്യശക്തിയാൽ വിരചിക്കപ്പെട്ടവയായത് കൊണ്ട് മാറ്റിത്തിരുത്താനാവാത്തതുമത്രെ.

എല്ലാ വികാരങ്ങളുടെ ആസ്ഥാനവും ഹൃദയമാണെന്നതിൽ യാതൊരു സംശയവുമില്ല. ഹൃദയം ചീത്തയായാൽ വികാര ശൂന്യമായാൽ ബാഹ്യ വിനിമയങ്ങളും ആത്മാർത്ഥതയുടെ പ്രകടനങ്ങളും എത്രതന്നെ കാണിക്കപ്പെട്ടാലും ഒരു പ്രയോജനവുമില്ല. നേരെ മറിച്ച് അത്തരം പ്രകടന ഭാവങ്ങൾ അന്ധകാരത്തിന്റെ ഗർത്തത്തിലേക്ക് മനുഷ്യനെ നയിക്കുന്ന ശാപം മാത്രമാണത്. ഈ തത്വത്തെ ഖുർആൻ അംഗീകരിക്കുന്നുവെന്ന് മാത്രമല്ല അത് പ്രത്യേക നിലയിൽ ഊന്നിപ്പറയുകയും ചെയ്യുന്നു. ഖുർആൻ പറയുകയാണ്:

**'അപ്പോൾ തങ്ങളുടെ നമസ്കാരത്തിൽ അശ്രദ്ധരായ നമസ്ക്കാരക്കാർക്ക് നാശം! അന്യരെ കാണിക്കാൻ വേണ്ടി സൽക്കർമ്മം ചെയ്യുന്നവരത്രെ അവർ' (107:5.6)**

ഇപ്രകാരം ഹൃദയത്തിൽ നിന്നുള്ള ആത്മാർത്ഥമായ സഹതാപ വികാരങ്ങളില്ലാതെ കാണിക്കാൻ വേണ്ടി മാത്രം ദാനധർമ്മം ചെയ്യുന്നവരെ പറ്റി ഖുർആൻ പറയുന്നു:

**'അവന്റെ സ്ഥിതി ഉറച്ച മിനുത്ത ഒരു പാറയുടെ സ്ഥിതി പോലെയാണ്. അതിന് മേൽ മണ്ണുണ്ടായിരുന്നു. പിന്നീട് അതിനെ ഒരു പേമാരി ബാധിച്ചു. അങ്ങനെ അതിനെ (കഴുകി) ഒരു മിനുത്ത പാറയാക്കി വിട്ടു.' (2:264)**

അത്തരമാളുകൾ തങ്ങളുടെ ആത്മാർത്ഥതക്കുള്ള സമ്മാനം നേടുന്നതിന്ന് പകരം ആത്മാർത്ഥതയില്ലായ്മ മൂലം സ്വയം ദോഷ മേൽപ്പിക്കുകയത്രേ. ആരാധനാ കർമ്മങ്ങളെ ആത്മാർത്ഥമായിട്ടുള്ളതല്ലെങ്കിൽ ഇസ്ലാമിൽ അംഗീകരിക്കപ്പെടുകയില്ല. അത്കൊണ്ട് പ്രയോജനവുമില്ല. നാവും ശരീരവും മാത്രമല്ല ഹൃദയവും ആരാധനയിൽ പങ്കുകൊള്ളണമെന്നതാണ് ഇസ്ലാമിന്റെ പാഠം.

സത്യവിശ്വാസം ഹൃദയത്തിലാണ് പൂർണ്ണമാകുന്നതെന്നും നാവും സർവ്വാംഗങ്ങളും അതു പ്രഖ്യാപിക്കുന്നതിൽ പങ്കുചേരണമെന്നും വിശുദ്ധ ഖുർആനും നബി വചനങ്ങളും വ്യക്തമാക്കുന്നു. ഹൃദയം സത്യം സ്വീകരിക്കാതെ നാവും ശരീരാംഗങ്ങളും വിശ്വാസം പ്രഖ്യാപിക്കുമ്പോൾ അത് കപട വിശ്വാസമായിതീരുന്നു. ഹൃദയം സ്വീകരിക്കുകയും നാവും ശരീരാംഗങ്ങളും അതിനെ അംഗീകരിക്കാതിരിക്കുകയും ചെയ്യുമ്പോഴും അപ്രകാരം തന്നെ ഹൃദയംഗമമായി സ്വീകരിക്കപ്പെട്ടതും നാവും ശരീരാംഗങ്ങളും ഏറ്റുപറയുന്നതുമായ വിശ്വാസമാണ് യഥാർത്ഥ സത്യവിശ്വാസം.

ഒരാൾ മറ്റൊരാളെ സ്നേഹിക്കുമ്പോൾ അയാളുടെ സാന്നിദ്ധ്യ

---

ഒരാൾ മറ്റൊരാളെ സ്നേഹി ക്കുമ്പോൾ അയാളുടെ സാന്നിദ്ധ്യ ത്തിൽ സ്നേഹിക്കപ്പെട്ട ആളിന്റെ നാമം ഉച്ചരിക്കപ്പെടുകയാണെങ്കിൽ അയാളുടെ മുഖത്ത് സവിശേഷ മായ വികാര ചലനങ്ങൾ ദൃശ്യമായി തീരുന്നു. അയാൾ പ്രത്യക്ഷനാകുമ്പോഴും അതുണ്ടാകുന്നു. അയാളുടെ സ്നേഹ വായ്പ് ഒരു അപരിചിതനുപോലും നോക്കി കാണാവുന്നതാണ്. മാതാപിതാക്കൾ മക്കളെ സ്നേഹിക്കുന്നു എന്നതിനെ ആർക്കും സംശയിക്കാൻ സാധ്യമല്ലെങ്കിലും അവർ പലപ്പോഴും ചുംബിച്ചും ഓമനിച്ചും അത് പ്രകടിപ്പിക്കുന്നതായി നാം കാണുന്നു. രണ്ട് ചങ്ങാതിമാർ പരസ്പരം കണ്ടു മുട്ടുമ്പോൾ കൈപിടിച്ചു കുലുക്കികൊണ്ടും സന്തോഷം പ്രകടിപ്പിക്കുന്നു. യൂറോപ്യന്മാർ തങ്ങളുടെ രാജാവിനെ കാണുമ്പോൾ തങ്ങളുടെ തൊപ്പി എടുത്ത് ഊരി ആദരം കാണിക്കുന്നു. എന്തിനാണ് എല്ലാവരും ഇങ്ങനെയൊക്കെ ചെയ്യുന്നത്? ഹൃദയത്തിൽ സ്നേഹവും ആത്മാർത്ഥതയും തിങ്ങിനിൽക്കുന്നുണ്ടെന്ന വസ്തുത തന്നെ പോരെ? ഹൃദയത്തിലെ വികാരങ്ങൾ മറുപക്ഷത്തിന്ന് അറിയിക്കാൻ വേണ്ടിയാണ് ഇതൊക്കെ ചെയ്യുന്ന ത് എന്നു പറഞ്ഞാൽ അതു ശരിയാവുകയില്ല. നാം നമ്മുടെ കുട്ടിയെ ചുബിക്കുന്നതും ഓമനിക്കുന്നതും ഒരു ചങ്ങാതിയെ കൈകൊടുത്ത് സ്വാഗതം ചെയ്യുന്നതും നമുക്കവരോട് സ്നേഹം പ്രകടിപ്പിക്കാൻ അല്ലെന്നു എല്ലാ വർക്കുമറിയാം മനുഷ്യനായാൽ അത്തരം പ്രകടനത്തിലൂടെയല്ലാതെ ഹൃദയത്തിലിരിക്കുന്ന വികാരം മറ്റൊരാൾക്ക് മനസ്സിലാവില്ലെന്ന് പറഞ്ഞാൽ അങ്ങനെ മനസ്സിലാക്ക ണമെന്നതല്ല ഉദ്ദേശ്യം. പെറ്റപാടുള്ള കുഞ്ഞിനെ അല്ലെങ്കിൽ ഉറങ്ങുന്ന ഒരു കുഞ്ഞിനെ മാതാപിതാക്കൾ ചുംബിക്കാറില്ലേ? ഈ സ്നേഹ പ്രകടനം അനിച്ഛൈച്ഛികമായ ഒരു പ്രവർത്തിയാണെന്നും മറ്റെന്തെങ്കിലും ഉദ്ദേശപൂർവ്വമായ പ്രേരണയുടെ ഫലമായിട്ടുള്ളതല്ലെന്നും മനസ്സിലാക്കാൻ കഴിയും.

തന്നിമിത്തം, ദൈവത്തെ സ്നേഹിക്കുകകയും അവനെ പ്രാപിക്കാൻ ആത്മാർത്ഥമായി ആർത്തിപ്പെടുകയും ചെയ്യുന്ന ഒരാൾ അയാളുടെ ആ സ്നേഹവും തീവ്രമായ അഭിലാഷവും ബാഹ്യമായ ചില ചലനങ്ങളിലൂടെ പ്രകടപ്പിക്കാതിരിക്കാൻ സാദ്ധ്യമല്ല. ഇതാണ് എല്ലാ ആരാധനയുടെയും രഹസ്യം.

ത്തിൽ സ്നേഹിക്കപ്പെട്ട ആളിന്റെ നാമം ഉച്ചരിക്കപ്പെടുകയാണെങ്കിൽ അയാളുടെ മുഖത്ത് സവിശേഷ മായ വികാര ചലനങ്ങൾ ദൃശ്യമായി തീരുന്നു. അയാൾ പ്രത്യക്ഷനാകു മ്പോഴും അതുണ്ടാകുന്നു. അയാളു ടെ സ്നേഹ വായ്പ്പ് ഒരു അപരിചിതനുപോലും നോക്കി കാണാവുന്നതാണ്. മാതാപിതാ ക്കൾ മക്കളെ സ്നേഹിക്കുന്നു എന്നതിനെ ആർക്കും സംശയിക്കാ ൻ സാധ്യമല്ലെങ്കിലും അവർ പലപ്പോഴും ചുംബിച്ചും ഓമനിച്ചും അത് പ്രകടിപ്പിക്കുന്നതായി നാം കാണുന്നു. രണ്ട് ചങ്ങാതിമാർ പരസ്പരം കണ്ടു മുട്ടുമ്പോൾ കൈപിടിച്ചു കുലുക്കികൊണ്ടും സന്തോഷം പ്രകടിപ്പിക്കുന്നു. യൂറോപ്യന്മാർ തങ്ങളുടെ രാജാവി നെ കാണുമ്പോൾ തങ്ങളുടെ തൊപ്പി എടുത്ത് ഊരി ആദരം കാണിക്കുന്നു. എന്തിനാണ് എല്ലാ വരും ഇങ്ങനെയൊക്കെ ചെയ്യുന്ന ത്? ഹൃദയത്തിൽ സ്നേഹവും ആത്മാർത്ഥതയും തിങ്ങിനിൽക്കു ന്നുണ്ടെന്ന വസ്തുത തന്നെ പോരെ? ഹൃദയത്തിലെ വികാര ങ്ങൾ മറുപക്ഷത്തിന്ന് അറിയിക്കാൻ വേണ്ടിയാണ് ഇതൊക്കെ ചെയ്യുന്ന ത് എന്നു പറഞ്ഞാൽ അതു ശരിയാവുകയില്ല. നാം നമ്മുടെ കുട്ടിയെ ചുബിക്കുന്നതും ഓമനി ക്കുന്നതും ഒരു ചങ്ങാതിയെ കൈകൊടുത്ത് സ്വാഗതം ചെയ്യുന്ന തും നമുക്കവരോട് സ്നേഹം പ്രകടിപ്പിക്കാൻ അല്ലെന്നു എല്ലാ വർക്കുമറിയാം മനുഷ്യനായാൽ അത്തരം പ്രകടനത്തിലൂടെയല്ലാതെ ഹൃദയത്തിലിരിക്കുന്ന വികാരം മറ്റൊരാൾക്ക് മനസ്സിലാവില്ലെന്ന് പറഞ്ഞാൽ അങ്ങനെ മനസ്സിലാക്ക ണമെന്നതല്ല ഉദ്ദേശ്യം. പെറ്റപാടുള്ള കുഞ്ഞിനെ അല്ലെങ്കിൽ ഉറങ്ങുന്ന ഒരു കുഞ്ഞിനെ മാതാപിതാക്കൾ ചുംബിക്കാറില്ലേ? ഈ സ്നേഹ പ്രകടനം അനിച്ഛികമായ ഒരു പ്രവർത്തിയാണെന്നും മറ്റെന്തെങ്കിലും ഉദ്ദേശപൂർവ്വമായ പ്രേരണയുടെ ഫലമായിട്ടുള്ളതല്ലെ ന്നും മനസ്സിലാക്കാൻ കഴിയും.

തന്നിമിത്തം, ദൈവത്തെ സ്നേഹിക്കുകകയും അവനെ പ്രാപിക്കാൻ ആത്മാർത്ഥമായി ആർത്തിപ്പെടുകയും ചെയ്യുന്ന ഒരാൾ അയാളുടെ ആ സ്നേഹവും തീവ്രമായ അഭിലാഷവും ബാഹ്യമായ ചില ചലനങ്ങളിലൂടെ പ്രകടപ്പിക്കാതിരിക്കാൻ സാദ്ധ്യമല്ല. ഇതാണ് എല്ലാ ആരാധനയുടെയും രഹസ്യം. ആരാധന, മനുഷ്യനു ദൈവത്തോടുള്ള യഥാർത്ഥമായ ബന്ധത്തിന്റെ ശാരീരികമായ സുചനയാകുന്നു. ദൈവത്തെ ആത്മാർത്ഥമായി സത്യ ഹൃദയ ത്തോടെ സ്നേഹിക്കുന്ന ഒരാൾക്ക് താൻ ദിവസവും തന്റെ പ്രിയവും അടുപ്പവും ബാഹ്യസൂചനകളി ലൂടെ പ്രകടിപ്പിക്കുന്നുണ്ടെന്ന് അറിഞ്ഞുകൊണ്ട് ശാരീരികമായ ആരാധനാ കർമ്മങ്ങളെ എതിർക്കാ ൻ സാദ്ധ്യമല്ല അങ്ങനെയുള്ള എതിർപ്പുകൾ സ്നേഹമില്ലാത്തത് കൊണ്ട് മാത്രമാണെന്നതാണ് സത്യം. ഇസ്‌ലാം നിർദ്ദേശിക്കുന്ന ബാഹ്യമായ ആരാധനാ കർമ്മ ങ്ങളെക്കുറിച്ചുള്ള സമർഹമായ വിശദീകരണമാണിതെന്ന് കരുതു ന്നു എന്നാലതിൽ മറ്റു ചില പ്രാധാന്യങ്ങളും സൂചനങ്കളും അന്തർലീനമായി രിക്കുന്നുണ്ട്. അതിലൊന്നിനെക്കുറിച്ച് വിശുദ്ധ ഖുർആൻ വിശദീകരിക്കുന്നത്, അത്തരം ശാരീരിക ചലനങ്ങൾ മനസ്സിൽ പ്രതികരണങ്ങളുണ്ടാക്കു ന്നുവെന്നും ശരീരത്തിന്റെ ബാഹ്യ മായ അവസ്ഥകൾ മനസ്സിന്റെ അവസ്ഥകളിൽ പ്രതികരണങ്ങൾ സൃഷ്ടിക്കുവെന്നും ആണ്. വി. ഖുർആൻ പറയുന്നു:

**'ദൈവത്തിന്റെ മഹത്വം വെളിപ്പെട്ടിരുന്ന സ്ഥാനങ്ങളിൽ മനുഷ്യർ ആദരം പ്രകടിപ്പിക്കുന്നത് ശരിയായിട്ടുള്ള ഒരു കൃത്യമാവു ന്നു, എന്തുകൊണ്ടന്നാൽ, ഹൃദയ ത്തിലെ ഭക്തി സ്വാഭാവികമായും ബാഹ്യ രൂപത്തിൽ സ്വയം പ്രകടിത മായിതീരുന്നു.'** (22:33)

ഇതു മനുഷ്യന്റെ മാനസി കാവസ്ഥ ശരീരത്തിലുണ്ടാക്കുന്ന പ്രതികരണങ്ങളെക്കുറിച്ചാണ്. മറ്റൊരിടത്ത് ശാരീരിക ചലനങ്ങൾ മനസ്സിലുണ്ടാക്കുന്ന പ്രതി ചലന ങ്ങളെ പറ്റി ഖുർആൻ ഇപ്രകാരം പറയുന്നു:

**'സൂക്ഷിച്ചു കൊള്ളുക. അവരുടെ ഹൃദയങ്ങൾ അവരുടെ പ്രവർത്തികളാൽ ദുഷിച്ചു പോയി രിക്കുന്നു'** (83:15)

ഭൗതികമായ ലാഭം കൈവരു ത്തുന്നതിന്ന് വേണ്ടി സത്യത്തി നെതിരായി തുടക്കത്തിൽ തന്നെ അവർ പ്രവർത്തിച്ചു. അതിന്റെ ഫലമായി സത്യത്തോടുള്ള സ്നേഹം അവരുടെ ഹൃദയത്തിൽ നിന്ന് നീങ്ങിപോയി. മനശ്ശാസ്ത്ര ജ്ഞന്മാർ തെളിയിച്ചു കാട്ടിയിട്ടുള്ള സത്യമാണിത്. ഒരമേരിക്കൻ ശാസ്ത്രജ്ഞൻ എഴുതിയ ഒരു ഗ്രന്ഥം ഒരിക്കൽ ഞാൻ വായിക്കാ നിടയായി. വളരെ പ്രാപ്തനായ ഒരു പ്രഫസർ ഒരു സ്ഥാപനത്തിന്റെ തലവനായി നിയമിതനായി. വായ എപ്പോഴും തുറന്നുവെക്കുന്ന സ്വഭവക്കാരനായിരുന്നു അയാൾ. അച്ചടക്ക നടപടികൾ സ്വീകരിക്കു ന്നതിൽ കർശന നടപടി സ്വീകരി ക്കുവാൻ അദ്ദേഹത്തിന് സാധിച്ചി രുന്നില്ല. ഭരണകാര്യങ്ങളിൽ അയാൾ തികഞ്ഞ പരാജയമായിരുന്നു. വായ എപ്പോയും തുറന്നുവെക്കുന്ന ശീലം ഉപേക്ഷിച്ചു പൂട്ടിയിടുവാൻ ഒരു സ്നേഹിതൻ അയാളെ ഉപദ്ദേശിച്ചു. ഈ ഉപദേശമനു സരിച്ച് പ്രവർത്തിച്ചപ്പോൾ നിശ്ചയ ദാർഢ്യവും കരുത്തും ദിവസം പ്രതി തനിക്ക് വർദ്ധിച്ചു വരുന്ന തായി അയാൾ കണ്ടു. അങ്ങനെ അയാൾ ഭരണ പാടവം തെളിയിച്ച് വിജയം കൈവരിക്കുകയുണ്ടായി. നമ്മുടെ നിത്യ ജീവിതത്തിൽ ഉണ്ടാകുന്ന അനേകം സംഭവങ്ങളി ലൂടെ നമ്മുടെ ശാരീരിക സ്ഥിതി മാനസികാവസ്ഥയിൽ നിരന്തരം പ്രതികരണങ്ങളുണ്ടാക്കുന്നുവെന്നു നാം നിരീക്ഷിച്ചറിയുന്നു. നെറ്റി ചുളിച്ചു കണ്ണുരുട്ടാൻ തുടങ്ങുക യും ക്രോധത്തിന്റെ മുഖഭാവം സൃഷ്ടിക്കുകയും ചെയ്യുന്ന ഒരാൾ

സ്വയം ക്രുദ്ധനായി മാറുന്നത് കാണാം. ഉഗ്രകോപിയായ ഒരാളെ എങ്ങനെയെങ്കിലും ചിരിപ്പിക്കാൻ കഴിഞ്ഞാൽ അയാളുടെ കോപം ഉടൻ കെട്ടടങ്ങുന്നു. കണ്ണീർ ഹൃദയത്തെ ദുഖിതമാക്കുകയും ചിരി ഹൃദയത്തിൽ സന്തുഷ്ടി ഉളവാക്കുകയും ചെയ്യും. നമസ്ക്കാരം പോലുള്ള ആരാധാനകളിലെ ബാഹ്യ ചേഷ്ടകൾ ഇസ്ലാം നിർദ്ദേശിച്ചപ്പോൾ ഇസ്ലാം മത തത്വങ്ങളെ അടിസ്ഥാനമാക്കിയിരിക്കുന്നു. ഒരാൾ ബാഹ്യമായ നിലയിൽ വിനയം പ്രകടിപ്പിക്കുകയും സാഷ്ടാംഗം ചെയ്യുകയും ചെയ്യുമ്പോൾ അയാളുടെ ഹൃദയം ക്രമേണ സ്നേഹത്തിന്ന് അടിമപ്പെടുമാറാകുകയും ഒടുവിൽ ഒരു ഇരുമ്പിൽ കഷണം കാന്തത്തിലേക്ക് ആകർഷിക്കപ്പെടുംമ്പോലെ ദൈവത്തിലേക്ക് ആകൃഷ്ടനായി തീരുകയും ചെയ്യുന്നു.

ആരാധനാ കർമ്മത്തിലെ അംഗവിന്യാസത്തിൽ അടങ്ങിയിരിക്കുന്ന പൊരുൾ എന്തെന്നാൽ, ദൈവത്തോട് സാർവ്വത്രികമായ സ്നേഹ വികാരവും അനുസരണയും അതു വളർത്തുന്നു എന്നതത്രെ. കുട്ടികൾ തങ്ങളുടെ സഹോദരി സഹോദരന്മാരോടും മറ്റു ബന്ധുക്കളോടും സ്നേഹം കാട്ടാൻ പഠിക്കുന്നത് മറ്റുള്ളവർ അപ്രകാരം ചെയ്യുന്നത് കണ്ടു കൊണ്ടാണ്. എല്ലാ സ്നേഹ വാത്സല്യങ്ങളും ഹൃദയത്തിൽ മാത്രം ഒതുങ്ങി നിൽക്കുകയും ബാഹ്യമായി പ്രകടിപ്പിക്കാൻ കഴിയാതെ വരികയും ചെയ്തിരുന്നു വെങ്കിൽ ബന്ധുക്കൾ തമ്മിലുള്ള സ്നേഹ പ്രകടനം നിലനിന്നിരിക്കുകയില്ലായിരുന്നു. ഒരാൾ തങ്ങളുടെ മാതാപിതാക്കന്മാരാലും ബന്ധുക്കളാലും സ്നേഹിക്കപ്പെടുകയോ വെറുക്കപ്പെടുകയോ ചെയ്യുന്നു എന്ന കാര്യം ഒരു കുട്ടി എങ്ങനെ അറിയും? ബാഹ്യമായ ചെയ്തികളിലൂടെയാണ് വിവിധങ്ങളായ വികാരങ്ങളുടെ പ്രകടനം കണ്ടറിയുമാറാകുന്നത് എന്ന വസ്തുത പ്രത്യക്ഷമാണ്. അത് വഴിയാണ് തലമുറകളിലൂടെ അതു ശാശ്വതീകരിക്കപ്പെടുന്നത്.

മനുഷ്യന് സ്രഷ്ടാവിനോടുള്ള സ്നേഹം പ്രകടിപ്പിക്കാൻ ബാഹ്യമായ സുചനകളൊന്നും നിർദ്ദേശിക്കപ്പെട്ടിട്ടില്ലെങ്കിലും ആ സ്നേഹം നിരന്തരമായി ആവർത്തിച്ചാവർത്തിച്ചും ശാരീരികമായ പ്രവർത്തികളിലൂടെ പ്രഖ്യാപിക്കപ്പെടുന്നില്ലെങ്കിലും ജനിക്കാനിരിക്കുന്നവരും തങ്ങളുടെ മാതാപിതാക്കളുടെ പെരുമാറ്റങ്ങളിലൂടെ ആദ്യത്തെ അനുഭവങ്ങൾ സ്വീകരിക്കേണ്ടിവരും. ദൈവത്തോടുള്ള സ്നേഹത്തിന്റെയും ആത്മാർത്ഥതയുടെയും വികാരങ്ങൾ, ദിനേന സ്നേഹാദരങ്ങളുടെ ചില ബാഹ്യ ചിഹ്നങ്ങൾ അനുവർത്തിച്ചുകൊണ്ട് സൃഷ്ടിച്ചെടുക്കേണ്ട ആ വികാരങ്ങൾ പ്രകടിപ്പിക്കുന്നതേയല്ല. നാസ്തികത്വവും ദൈവത്തോടുള്ള അവഗണനാ മനോഭാവവും ബാഹ്യമായ ആരാധനാ കർമ്മങ്ങളെ വകവെക്കാതെ വളർന്ന ജനവിഭാഗങ്ങളിൽ വർദ്ധിച്ചുകൊണ്ടിരിക്കയാണെന്നതും നമുക്കിന്നു കാണാൻ കഴിയുന്നുണ്ടല്ലോ.

ശാരീരികമായ ആരാധനാക്രമങ്ങളിൽ ദൈവത്തിന്റെ അനുഗ്രഹങ്ങളാലും കാരുണ്യവർഷത്താലും ധന്യങ്ങളായിത്തീർന്ന മനുഷ്യ ശരീരത്തിലെ സർവ്വാംഗങ്ങളും ആ അനുഗ്രഹങ്ങൾക്കും കാരുണ്യ വർഷത്തിന്നും ദൈവത്തോടുള്ള നന്ദി പ്രകടിപ്പിക്കുന്നതിൽ പങ്കുചേരുമാറാകുന്നു. ദൈവാനുഗ്രഹങ്ങൾ ആത്മാവിനേയും ശരീരത്തെയും ചുറ്റിനിൽക്കുന്നു. ആത്മാവും ശരീരവും ഒന്നു ചേർന്നുള്ള ആരാധനയിൽ കുറ്റമറ്റതും പൂർണ്ണവുമായ ആരാധന അത്തരം സംയോജനമില്ലെങ്കിൽ ആത്മീയാരാധന തന്നെയും നിലനിർത്താനാവാതെ വരും. എന്തുകൊണ്ടെന്നാൽ, ഹൃദയത്തിന്റെ ആരാധനയും അർച്ചനയും ആണ് വസ്തുവും സത്തുമെങ്കിൽ ശരീരത്തിന്റെ ആരാധനയും അർച്ചനയും പുറംതോടാണ്. പുറം തോടില്ലെങ്കിൽ വസ്തുവെ സംരക്ഷിക്കാനാവില്ല. പുറംതോട് നശിക്കുമ്പോൾ ഉള്ളിലെ വസ്തുവിന്നും സത്തിന്നും ഒപ്പം കേടു വരുമെന്നത് തീർച്ചയാണ്.

## ഹദ്റത്ത് ലുഖ്മാനുൽ ഹഖീമിന്റെ സാരോപദേശങ്ങൾ

എന്റെ പ്രിയപ്പെട്ട മകനേ അത് (മനുഷ്യന്റെ കർമം) കടുക് മണിത്തൂക്കമായിരുന്നാൽ തന്നെയും പിന്നീടത് പാറക്കുള്ളിലോ ആകാശങ്ങളിലോ ഭൂമിയിലോ എവിടെയായിരുന്നാലും അല്ലാഹു അതിനെ (പ്രതിഫല രംഗത്ത്) കൊണ്ട് വരുന്നതാണ്. അല്ലാഹു സൂക്ഷ്മജ്ഞനും ബോധവാനുമാണ്. എന്റെ പ്രിയപ്പെട്ട മകനെ നമസ്ക്കാരം നിലനിർത്തുക, നല്ലകാര്യം ഉപദേശിക്കുക, നിഷിദ്ധകാര്യം നിരോധിക്കുക. നിന്നെ ബാധിക്കുന്ന വിപത്തുകളിൽ സഹനം കൈകൊള്ളുക. തീർച്ചയായും ഇത് നിശ്ചയ ദാർഢ്യം ആവശ്യമായ കാര്യങ്ങളിൽപ്പെട്ടതാണ്.....(കോപം നിമിത്തം) ജനങ്ങളുടെ മുമ്പാകെ നീ കവിൾ വീർപ്പിക്കരുത്. ഭൂമിയിൽ പൊങ്ങച്ചം കാണിച്ചുകൊണ്ട് നടക്കുകയുമരുത്. അഹംഭാവിയും ദുരഭിമാനിയുമായ ആരേയും അല്ലാഹു ഇഷ്ടപ്പെടുന്നില്ല. നിന്റെ നടപ്പിൽ നീ മിതത്വം കൈ കൊള്ളുക. നിന്റെ ശബ്ദം നീ അൽപ്പം താഴ്ത്തുക. ശബ്ദങ്ങളിൽ ഏറ്റവും വെറുക്കപ്പെട്ടത് കഴുതയുടെ ശബ്ദമാണ്. (31:17-20)

**കേവലനീതി, അനുകമ്പ, ബന്ധുത്വം**
**മൂന്ന് സക്രിയ തത്വങ്ങൾ നിർവ്വചിക്കപ്പെടുന്നു 2**

# കേവല നീതിയും ജീവിലോകവും

പ്രപഞ്ചസൃഷ്ടിയിലുടനീളം ദൈവ നീതിയുടെ വിരൽ സ്പർശമുണ്ട്. സംന്തുലനാത്മകമായ മധ്യമാർഗ്ഗമാണ് മനുഷ്യന്റെ നീതി മാർഗ്ഗം. പരിണാമ ഗതിയിൽ കായിക പൂർണ്ണത പ്രാപിച്ച മനുഷ്യൻ നീതിയുടെ തത്വം നടപ്പാക്കിയില്ലെങ്കിൽ അവന്റെ പരിണാമം പുരോഗതിക്ക് പകരം അധോഗതിയിലേക്ക് പതിക്കും അത് കായികമായി താഴ്ന്ന ജീവികളിലേക്കുള്ള അവക്രമമല്ല (Devolution) മാനസികമായി താഴ്ന്ന ജീവികളിലേക്കുള്ള അധപതനമായിരിക്കും.

**ഹദ്റത്ത് മിർസാ താഹിർ അഹ്മദ് (റഹ്)**

സസ്യലോകവും ജീവിലോകവും ഒരു പോലെ **അദ്ൽ, ഇഹ്സാൻ, ഈതാഇ ദിൽ ഖുർബാ** - എന്നീ തത്വങ്ങളുടെ അടിസ്ഥാനത്തിലാണ് പ്രവർത്തിക്കുന്നത്. താഴ്ന്ന ജീവിക്രമത്തിൽ നിന്നും ഉയർന്നതും പൂർണവുമായ ഒരു ജീവിശ്രേണിയിലേക്കുള്ള എല്ലാ ജീവികളുടെയും പരിണാമ പ്രക്രിയ മനുഷ്യനിൽ വരെ എത്തുമ്പോൾ അത് വിശാലമായ ഒരു തലം ആർജിക്കുന്നു.

ഈ തത്വത്തിന്റെ പ്രായോഗികതയുടെ അടിസ്ഥാനത്തിൽ സൃഷ്ടികളെ മൂന്നു വിഭാഗങ്ങളായി വർഗ്ഗീകരിക്കാം. ഒന്നാമത്തേത് അജീവി (Inanimate) രൂപങ്ങളുടെ സൃഷ്ടിയാണ്. രണ്ടാമത്തേ വിഭാഗത്തിൽ ജീവന്റെ ഉത്ഭവം മുതൽ ആരംഭിക്കുകയും പരിണാമത്തിന്റെ പരിപൂർണ്ണ ഉത്പന്നമായ മനുഷ്യന്റെ ആവിർഭാവം വരെയുള്ള കാലഘട്ടത്തിലെ ജീവികളാണ്. അങ്ങനെയാണ് ആ വിഭാഗം സൃഷ്ടിക്കപ്പെടുന്നത്. മൂന്നാമത്തെയും അന്തിമവുമായ ഘട്ടം മനുഷ്യൻ മാത്രമുള്ള വിഭാഗമാണ്. ഈ എല്ലാ വിഭാഗങ്ങളും ഭരിക്കപ്പെടുന്നത് കേവലനീതി എന്ന ഒരേ നിയമപ്രകാരമാണ്. എന്നാൽ ആദ്യത്തെ രണ്ട് വിഭാഗങ്ങളായ അജീവി ലോകവും താഴ്ന്ന ജീവികളും അടങ്ങുന്ന വിഭാഗങ്ങൾക്കിടയിൽ ഒരു തത്വം എന്ന നിലക്ക് ഈ നിയമം ബോധസഹിതം വ്യക്തമായും ഒരു പ്രവർത്തനവും നടത്തുന്നില്ല. എന്നാൽ അതിന്റെ എല്ലാ സൃഷ്ടി പ്രക്രിയകളിലും കേവലനീതിയുടെ ഈ തത്വം ഒരു നദീ പ്രവാഹം പോലെ അയത്നലളിതമായി ഒഴുകിക്കൊണ്ടിരിക്കുന്നു. അവ മറ്റൊരു മാർഗ്ഗവും സ്വീകരിക്കാതെ പ്രകൃതി നിയമമെന്താണോ അനുശാസിക്കുന്നത് അതനുസരിച്ച് പ്രവർത്തിക്കുന്നു. എന്നാൽ താരതമ്യേന ഉയർന്ന ജീവി വിഭാഗങ്ങളിൽ പെട്ടതും മനുഷ്യന്ന് കീഴെയുള്ളതുമായ ജീവികളുടെ കാര്യത്തിൽ അവതങ്ങളുടെ അഭിപ്രായങ്ങൾ (ഇച്ഛകൾ) അജീവികളെപ്പോലെ (ജീവനില്ലാത്ത വസ്തുക്കളെപ്പോലെ) അബോധാത്മകമായി (Unconsciously) രൂപീകരിക്കുന്നില്ല. മറിച്ച് ആ ജീവികളുടെ സഹജാവബോധം (Intuition) അനുസരിച്ചായിരിക്കും അഭിപ്രായങ്ങൾ എടുക്കുക. സഹജാവബോധം മനുഷ്യനിൽ അബോധത്തിനും പൂർണ്ണ ബോധത്തിനും ഇടയിലുള്ള ഒരവസ്ഥയിലാണ് സ്ഥാപിക്കപ്പെട്ടിട്ടുള്ളത്. തിരഞ്ഞെടുക്കാനുള്ള അവസരം നൽകപ്പെട്ട ഒരു ജീവിയായി ആദ്യമായിട്ടാണ് നാം മനുഷ്യനെ കാണുന്നത്. മനുഷ്യന്ന് തിരഞ്ഞെ ടുക്കാനുള്ള ശേഷി നൽകപ്പെട്ടതിൽ പിന്നെ സഹജാവബോധത്തിന്റെ പാത ദീർഘനാൾ അവൻ നിർബന്ധപൂർവ്വം പിന്തുർടർന്നില്ല. എല്ലാ ജീവികളുടേയും കൂട്ടത്തിൽ മനുഷ്യന്ന് മാത്രമാണ് ബോധപൂർവ്വം അഭിപ്രായം (Conscious Decisions) രൂപീകരിക്കാനുള്ള കഴിവ് നൽകപ്പെട്ടത്. മനുഷ്യന്ന് കേവല നീതിയുടെ പാത പിന്തുടരണമോ അതല്ല മാർഗ്ഗ ഭ്രംശത്തിന്റെയോ അനീതിയുടേയോ പാത സ്വീകരിക്കണമോ എന്ന് സ്വതന്ത്രമായി തീരുമാനിക്കാവുന്നതാണ്.

### സന്തുലനത്തിന്റേയും തുലമാനത്തിന്റേയും സൃഷ്ടിക്ക് കാരണഭൂതമായ നിയമ തത്വം

കേവല നീതിയുടെ തത്വം മനുഷ്യ ജീവിയുടെ ലോകത്ത്

നടപ്പാക്കുമ്പോൾ സ്വതന്ത്ര ഇച്ഛ (തിരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യം) എന്ന പുതിയ ഒരു ഘടകം കൂടി ചേർക്കപ്പെടുന്നു. മനുഷ്യന്ന് ദൈവം നൽകിയ സ്വതന്ത്ര ഇച്ഛയെ ദുഷിച്ച മാർഗ്ഗം അവലംബിച്ചുകൊണ്ട് അവൻ ദുരുപയോഗം ചെയ്താൽ മനുഷ്യന് തന്റെ ജീവിതയാത്രയിൽ ഉയർന്ന നേട്ടങ്ങൾ കൈവരിക്കാൻ സാദ്ധ്യമല്ല. അങ്ങനെ വന്നാൽ അവൻ തന്റെ പ്രയാണം പിറകോട്ടടിക്കുകയും അവന്റെ പ്രഭവസ്ഥാനമായ താഴ്ന്ന സ്ഥാനത്തേക്ക് കൂപ്പ് കുത്തുകയും ചെയ്യുന്നു. പ്രകൃതിപരമായ ഈ പരിണാമ പ്രക്രിയയാണ് ഈ ഖുർആൻ വചനങ്ങളിൽ ആവിഷ്ക്കരിക്കപ്പെടുന്നത്.

**'നാം മനുഷ്യനെ ഏറ്റവും അനുയോജ്യമായ സ്ഥിതിയിൽ സൃഷ്ടിച്ചിരിക്കുന്നു. പിന്നെ നാം അവനെ അധമനിൽ അധമനാക്കി മാറ്റുന്നു. സത്യത്തിൽ വിശ്വസിക്കുകയും സുകൃതങ്ങളനുഷ്ഠിക്കുകയും ചെയ്തവരൊഴികെ. അവർക്ക് അവസാനിക്കാത്ത പ്രതിഫലം ലഭിക്കുന്നതാണ്.'** (95:5–7)

**'അവസാനിക്കാത്ത പ്രതിഫലം'** എന്നത് കൊണ്ട് അർത്ഥമാക്കുന്നത് അഖണ്ഡമായ അനസ്യൂതം തുടരുന്ന ആത്മീയവും ധാർമികവുമായ ഒരു തരം പരിണാമത്തെ കുറിച്ചാണ്. **'തഖ്‌വീം'** എന്ന പദത്തിന്റെ അർത്ഥം എന്തിനെയെങ്കിലും തുടർച്ചയായി ശരിയായ പുരോഗമരീതിയിലേക്ക് കൊണ്ടുവരിക എന്നതാണ്. അൽ മുൻജദ് (ഒരു അറബി നിഘണ്ടു) പ്രകാരം **'തഅദിൽ'** എന്നും അർത്ഥമുണ്ട്. ആ പദം "നീതിയുടെ പ്രയോഗം" എന്നും പരാവർത്തനം ചെയ്യാവുന്നതാണ്.

ഖുർആനിലെ ഈ വചനങ്ങൾ മനുഷ്യനിലേക്ക് നയിക്കുന്ന ജീവികളുടെ പരിണാമ പൂർത്തീകരണ പക്രിയയിലേക്ക് സൂചന നൽകുന്നു. ഈ വചനങ്ങൾ മനുഷ്യന്റെ ധൈഷണികവും ധാർമികവുമായ പരിണാമത്തെയും ഉൾക്കൊള്ളുന്നു. താഴ്ന്ന ധിഷണയുള്ള ജീവികൾ അവയുടെ പരിണാമ വികാസത്തിന്നനുസരിച്ച് കൂടുതൽ ധിഷണാശേഷിയുള്ള ജീവികളായി പരിണമിക്കുന്നു. ഈ ഒരു പരിണാമ പ്രക്രിയ അനിവാര്യമായും സൃഷ്ടിയുടെ ആരംഭ ഘട്ടത്തിൽ തന്നെ ദൈവം തുടങ്ങിവെച്ച നീതി എന്ന ഉപാധിയിലൂടെ ആയിരുന്നു. കേവല നീതി എന്ന ഇതേ തത്വത്തിന്റെ പ്രയോഗത്തിലൂടെ തന്നെയാണ് ജീവൻ ആരംഭിച്ച് വികസിക്കാൻ തുടങ്ങിയത്. അങ്ങനെ ആരംഭിച്ച ജീവൻ ഘട്ടം ഘട്ടമായ വികാസ പരിണാമത്തിലൂടെ അവസാനത്തെ സ്ഥാനം വരെ എത്തി.

**'അഹ്സനി തഖ്‌വീം'** എന്ന ഖുർആനിക പ്രയോഗം ജീവിപരിണാമം ഏറ്റവും നല്ല രീതിയിലാണ് നിർവ്വഹിക്കപ്പെട്ടത് എന്ന വസ്തുതയിലേക്കാണ് വിരൽ ചൂണ്ടുന്നത്. പരിണാമം അതിന്റെ എല്ലാ ഘട്ടത്തിലും പിഴക്കാതെ മികവിലേക്കാണ് അടിവെച്ചത്. സ്പഷ്ടമായും ഖുർആന്റെ ഈ ഒരു പ്രയോഗം അന്ധമായ പരിണാമത്തെ നിരാകരിക്കുകയാണ് ചെയ്യുന്നത്.

ഈ പ്രതിഭാസം മനുഷ്യനിൽ നിരീക്ഷിക്കപ്പെടുമ്പോൾ, മനുഷ്യൻ ബോധപൂർവ്വം സ്വേഛയാൽ എടുക്കുന്ന നീതിപൂർവ്വവും ന്യായയുക്തവുമായ തീരുമാനങ്ങളെ ഖുർആൻ **'തഅദിൽ'** എന്നാണ് വിശേഷിപ്പിച്ചിരിക്കുന്നത്. അതിന്റെ അർത്ഥം നീതിയുടെ പ്രയോഗം എന്നാണ്. ആയതിനാൽ താഴ്ന്ന ജീവികളിൽ നിന്നും ഉയർന്ന ജീവികളിലേക്ക് നയിക്കുന്ന ദൈവത്തിന്റെ സൃഷ്ടിജാലങ്ങളുടെ മുഴുവൻ പരിണാമ പ്രക്രിയയും **തഖ്‌വീം** നെയും **തഅദിൽ** നെയും ആശ്രയിച്ചു നിൽക്കുന്നു.

ദശലക്ഷക്കണക്കിന്ന് വർഷങ്ങളായി അനുശീലനം ചെയ്യപ്പെടുകയും പരിചരിക്കപ്പെടുകയും ചെയ്താണ് മനുഷ്യന്റെ പരിണാമം. ഇപ്പോൾ ഉന്നയിക്കപ്പെടുന്ന ചോദ്യമിതാണ്. അതായത് മനുഷ്യന്റെ ഈ പരിണാമ യാത്രയിൽ അടുത്ത ഘട്ടം എന്നൊന്നുണ്ടെങ്കിൽ, അത് എന്തായിരിക്കും? മനുഷ്യ പരിണാമം അവസാനിച്ചുവോ? അതല്ലെങ്കിൽ അനന്തമായ പരിണാമ പ്രയാണത്തിലേക്ക് ഇപ്പോഴും പുരോഗമിച്ചുകൊണ്ടിരിക്കുന്ന ഒരു പ്രക്രിയ മാത്രമാണോ ഇപ്പോഴത്തെ അവസ്ഥ?

നീതിയുടെ അനുഗ്രഹത്താൽ വിസ്മയകരമായ അത്തരം പുരോഗതി ഈ കാലഘട്ടത്തിനിടയിൽ മനുഷ്യൻ കൈവരിച്ചെങ്കിൽ അതിന്റെ വിപരീതാവസ്ഥയിൽ അധപതനവും ഉണ്ടാവാമെന്ന് സാമാന്യ ബുദ്ധി ആവശ്യപ്പെടുന്നു. അതായത് നീതിയുടെ നിഷേധം കൊണ്ട് അത് വിപരീതമായ ഫലങ്ങൾക്ക് കാരണമാകും. അതായത് നീതിയുടെ നിഷേധം കൊണ്ട് അവന്റെ പരിണാമ ജീവിതഗതിയിൽ പ്രാക്തനമായ കാലഘട്ടത്തിലെ പ്രാകൃതാവസ്ഥയിലേക്ക് മനുഷ്യൻ തിരിച്ചു പോകേണ്ടി വരും. തീർച്ചയായും മനുഷ്യന്റെ കായിക പരിണാമ വികാസത്തിന്ന് ഒരിക്കലും പിറകോട്ടടിക്കാൻ സാദ്ധ്യമല്ല. എന്നാൽ അവന്റെ ധൈഷണികവും ധാർമികവുമായ അവസ്ഥയിലും അവന്റെ പഞ്ചേന്ദ്രിയങ്ങളുടെ പൂർണതയിലും ഈ വിപരീതാവസ്ഥ സംഭവിക്കാം. അവൻ സാധാരണ മാനുഷാവസ്ഥയിൽ നിന്നും അപചയപ്പെട്ട തലതിരിഞ്ഞ സമീപനങ്ങളിലും മൃഗസമാനമായ പെരുമാറ്റങ്ങളിലേക്കും ആയിത്തീരാൻ സാദ്ധ്യതയുണ്ട്.

രണ്ടാമത്തെ രംഗം പരിണാമത്തിന്റെ ഉച്ചസ്ഥായിയിൽ ഒരിക്കൽ അവരോധിക്കപ്പെട്ട മനുഷ്യൻ അവന്ന് മുമ്പിൽ തുറക്കപ്പെട്ട തിരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യവുമായി ബന്ധപ്പെട്ടതാണ്. മനുഷ്യൻ തന്റെ പരിണാമദശകളിൽ നിന്നും അവൻ പഠിച്ചെടുത്ത വിവേകം പ്രകടിപ്പിക്കുകയാണെങ്കിൽ, ദശ ലക്ഷക്കണക്കിന്ന് വർഷ

ങ്ങളായി നടന്നു കൊണ്ടിരിക്കുന്ന പരിണാമത്തിൽ അവൻ കേവല നീതിയുടെ സാരസർവ്വസ്വമാണെന്ന് സ്വയം തിരിച്ചറിഞ്ഞിട്ടുണ്ടെങ്കിൽ പിന്നീടവൻ തനിക്ക് വേണ്ടി പരിണാമഗതിയുടെ ഒരു പട്ടിക തയ്യാറാക്കട്ടെ. ആ പട്ടികക്ക് ഒരിക്കലും തന്നെ നീതിയുടെ അധീശത്വം അവഗണിക്കാൻ സാദ്ധ്യമല്ല. ഇവിടെ മനുഷ്യന്റെ പരിണാമം നിലക്കാൻ പോകുന്നില്ല. അത് ഒരിക്കലും നിന്നുപോകാത്ത വിധം സ്ഥിരതയോടെ സാവകാശം മുന്നോട്ടു ഗമിച്ചുകൊണ്ടിരിക്കും. അത് താഴ്ന്ന ജീവിക്രമത്തിൽ നിന്നും ഉയർന്ന ജീവി ശ്രേണിയിലേക്ക് മനുഷ്യനെ ഉയർത്തിക്കൊണ്ട് പോകും. ഈ പരിണാമവും ഇതിന്ന് മുമ്പത്തെ പരിണാമവും തമ്മിലുള്ള ഒരേയൊരു വ്യത്യാസം മുൻപത്തെ പരിണാമം മുഖ്യമായും കായികവും മാനസികവുമായിരുന്നു. പിന്നീടുള്ള പരിണാമം മാനസികവും ആത്മീയവുമായിരിക്കും എന്ന് മാത്രം. മാനസിക പരിണാമം എന്നത് മനുഷ്യന്റെ അഞ്ച് ഇന്ദ്രിയങ്ങളുടേയും പരിണാമവും അടങ്ങിയതാണ്.

ആ അദ്ധ്യായത്തിലെ തുടർന്നുള്ള വചനങ്ങൾ ഈ വിഷയത്തിലേക്ക് കൂടുതൽ വെളിച്ചം പകരുകയും ഈ പ്രശ്നത്തിന്ന് പരിഹാരം നൽകുന്നതുമായിരിക്കും. ഈ അദ്ധ്യായത്തിൽ ഖുർആൻ ഉയർത്തുന്ന ആദ്യത്തെ ചോദ്യം നാം ചർച്ച ചെയ്തു കഴിഞ്ഞു. മനുഷ്യൻ നീതിയുടെ തത്വം കൈവെടിഞ്ഞാൽ തന്റെ പ്രാഥമികമായ പ്രാകൃതാവസ്ഥയിലേക്ക് ആപതിക്കുമെന്ന അപകടത്തെ പറ്റി സൂചിപ്പിച്ചു സംസാരിക്കുന്നുണ്ട്.

**'പിന്നെ നാം അവനെ അധമനിൽ അധമനാക്കി മാറ്റുന്നു.' (സൂറ: അത്ത്വീൻ 95: 6)**

മേൽ വചനത്തിലെ **'അസ്ഫല സാഫിലീൻ'** എന്ന അറബി പ്രയോഗം **"അധമരിൽ അധമൻ"** എന്ന് വിവർത്തനം ചെയ്യാം. എന്നാൽ ഈ വചനത്തിൽ മനുഷ്യന്റെ കായികമായ അവക്രമണത്തിലേക്ക് (Devolution പരിണാമ വികാസത്തിന്റെ നേർ വിപരീത ദിശയിലേക്കുള്ള അധോഗമനം) പോകുമെന്നോ അമീബയോ അല്ലെങ്കിൽ അതിനേക്കാൾ ചെറിയ ജീവിരൂപങ്ങളിലേക്കോ തിരിച്ചു പോകുമെന്നോ സൂചനയില്ല.

അതേ സമയം അല്ലാഹുവിൽ വിശ്വസിക്കുകയും സൽക്കർമ്മങ്ങൾ പ്രവർത്തിക്കുകയും ചെയ്യുന്നവർക്ക് ഒരിക്കലും നിലക്കാത്ത പുരോഗതിയിലേക്ക് നയിക്കുന്ന പ്രതീക്ഷയുടെ ഒരു വാതായനം തുറന്നു കിടപ്പുണ്ട്. അതായത് ആത്മീയ പരിണാമത്തിലേക്കുള്ള അവരുടെ പ്രയാണം ഒരിക്കലും തന്നെ അവസാനിക്കുന്നില്ല. നാം ഓർക്കേണ്ട ഒരു സംഗതി നീതിയുടെ പ്രവർത്തനമാണ് സൽക്കർമ്മങ്ങളുടെ അടിസ്ഥാനം പ്രദാനം ചെയ്യുന്നത്. നീതിയുടെ അഭാവത്തിൽ ഒരു കർമ്മവും സൽക്കർമ്മമാണെന്ന് ഗണിക്കാൻ സാദ്ധ്യമല്ല. അനശ്വരമായ പുരോഗതിയിലേക്കുള്ള പ്രയാണം ഗുണപ്രദമാകണമെന്ന് ആഗ്രഹിക്കുന്നവർക്ക് എറ്റവും ചുരുങ്ങിയത് ഈ യോഗ്യതയെങ്കിലും ഉണ്ടായിരിക്കണമെന്ന് പ്രതീക്ഷിക്കപ്പെടുന്നു. എങ്കിലും അതിലേക്ക് കൂടുതലായ മറ്റു പലവസ്തുതകളുമുണ്ട്. നീതിയുടെ ഗുണം ചേർക്കപ്പെടുമ്പോൾ അത് സൽക്കർമ്മങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്താൻ സഹായകമാവുന്നു. അത് സൽക്കർമ്മങ്ങളുടെ സമുന്നത നിലവാരത്തിലേക്ക് ഉയർത്തപ്പെടുന്നു. അതിന് ശേഷം വരുന്ന **"അജ്റും ഖൈറു മംമ്നൂൻ"** (സൂറ: അത്ത്വീൻ 95:7) എന്ന വചനം എത്രത്തോളം മനുഷ്യൻ സൽക്കർമ്മങ്ങൾ ചെയ്യുന്നുവോ അത്രത്തോളം അവനുള്ള പ്രതിഫലം നിഷേധിക്കപ്പെടുകയില്ല. ഉന്നതമായ ലക്ഷ്യങ്ങൾ എത്തിച്ചേരുന്നത് വരെ പുരോഗമിച്ചുകൊണ്ടിരിക്കും എന്നതാണ് അവന്റെ അനുഗ്രഹങ്ങൾ.

നാം ചർച്ച ചെയ്യുന്ന വിഷയത്തിന്റെ ഈ വശത്തിന്ന് ഇപ്പോൾ ഒരു പരിധി വരെ വ്യക്തത വന്നിട്ടുണ്ടാവും. എന്നാൽ നാം ഈ വീക്ഷണം അംഗീകരിക്കുമ്പോൾ തന്നെ സ്വാഭാവികമായും ഉയരുന്ന ചോദ്യം മനുഷ്യൻ അവന്റെ ഏറ്റവും താഴ്ന്ന പ്രാഥമിക അവസ്ഥയിലേക്ക് തിരിച്ചുപോകും എന്നതിന്റെ അർത്ഥമെന്താണ്? ചില മദ്ധ്യകാല മുസ്ലിം പണ്ഡിതന്മാരുടെ അഭിപ്രായ പ്രകാരം തീർച്ചയായും മനുഷ്യൻ ചില താഴ്ന്ന ജീവികളായി മാറിയിട്ടുണ്ട് എന്നാണ്. അതിന്നായി അവർ ചില ഖുർആൻ വചനങ്ങൾ തികച്ചും അക്ഷരാർത്ഥത്തിൽ എടുക്കാറുണ്ട്. നിശ്ചയമായും മനുഷ്യൻ കുരങ്ങിന്റെയും പന്നികളുടെയും മാത്രമല്ല ചിലപ്പോൾ കഴുതകളുടെ പോലും രൂപത്തിൽ മാറിയിട്ടുണ്ടെന്നാണ് അവർ കരുതുന്നത്!

ഈ വീക്ഷണത്തിന്റെ അടിസ്ഥാനത്തിൽ ചില വിചിത്ര കഥകൾ പ്രചരിക്കുന്നുണ്ട്. ഉദാഹരണത്തിന്ന് വിശുദ്ധ ഖുർആനിലെയും ഹദീസിലെയും ഏതാനും വചനങ്ങൾ ഇതിനായി ദുർവ്യാഖ്യാനിക്കാറുണ്ട്. ഒരു സാങ്കൽപ്പിക പട്ടണത്തിലെ ചില അക്രമികളായ യഹൂദന്മാർ കുരങ്ങുകളായും ചിലർ പന്നികളായും രൂപം മാറിയ കഥയും പറയാറുണ്ട്. തീർച്ചയായും അവർക്ക് ആ പട്ടണത്തിന്റെ പേര് പറയാൻ സാദ്ധ്യമല്ല. കാരണം ചരിത്രപരമായി അത് നിലനിൽക്കുന്നില്ല. മാത്രമല്ല എങ്ങനെയാണ് പ്രത്യുൽപ്പാദനപരമായ ഈ പ്രതിഭാസം അക്രമകാരികളായ ഈ സമൂഹത്തിൽ പ്രവർത്തിച്ചതെന്ന് അവർക്ക് വിവരിക്കാൻ സാധിക്കുന്നില്ല. അവർ പറയുന്നത് ഒരു സുപ്രഭാതത്തിൽ രൂപമാറ്റം വന്ന അവരെല്ലാം പൊടുന്നനെ മരണപ്പെട്ടു എന്നാണ്. ആ നിർഭാഗ്യകരമായ പട്ടണത്തോടൊപ്പം യാതൊന്നും അവശേഷിക്കാത്ത വിധം അപ്രത്യക്ഷമാവുകയാണുണ്ടായത്. പാവം പുരാവസ്തു ഗവേഷകർക്ക് പോലും ഖനനം ചെയ്തു

നോക്കാൻ യാതൊരു അടയാളവും അവശേഷിക്കാത്ത വിധമാണ് അത് സംഭവിച്ചത് എന്ന്!

അവരുടെ കൂട്ടത്തിൽ പുരാതന പണ്ഡിതന്മാരിൽ മുജാഹിദ് എന്ന പണ്ഡിതനാണ് ശരിയായ ഉത്തരം നൽകിയത്. അതായത് ദൈവം ഒരിക്കലും അവരെ യാഥർത്ഥ കുരങ്ങന്മാരായി മാറാനുള്ള കൽപനയല്ല നൽകിയത്. വിഡ്ഢികളും ലജ്ജ്ജയില്ലാത്ത വരുമായ ഈ ജനതയുടെ ഗുണവിശേഷമായാണ് കുരങ്ങന്മാരും പട്ടികളും എന്ന് നിന്ദിച്ച് പറഞ്ഞത്.1 **അസ്ഫല സാഫിലീൻ** എന്നത് അവരുടെ കായികമായ രൂപപരിണാമത്തെ കുറിച്ചല്ല. കുരങ്ങമാരും പന്നികളും തീർച്ചയായും ജീവികളിൽ ഏറ്റവും താഴ്ന്ന ശ്രേണിയിലുള്ളവരല്ല. അവർക്ക് താഴെ ദശലക്ഷക്കണക്കിന് താഴ്ന്ന ജീവികളുണ്ട്.

മനുഷ്യന് കേവല നീതി സ്വീകരിക്കുകയോ തിരസ്ക്കരിക്കുകയോ ചെയ്യാനുള്ള സ്വാതന്ത്ര്യം നൽകപ്പെട്ടിരിക്കുന്നു. അങ്ങനെ പറയുമ്പോൾ തന്നെ ഇത് സംബന്ധിച്ച് മനുഷ്യന്ന് പരിധിയില്ലാത്ത സ്വാതന്ത്ര്യം നൽകപ്പെട്ടു എന്ന് നാം തീർച്ചയായും അർത്ഥമാക്കുന്നില്ല. വാസ്തവത്തിൽ മനുഷ്യ ബോധത്തിന്റെ ചെറിയ നിയന്ത്രണം പോലുമില്ലാതെ കേവല നീതിയുടെ തത്വം പല മേഖലകളിലും സ്വയം പ്രവർത്തന നിരതമാണ്. ആ പ്രകൃതി ശക്തികളുടെ പ്രവർത്തനങ്ങളിൽ മാറ്റം വരുത്തുവാനുള്ള യാതൊരു ശക്തിയും മനുഷ്യനില്ല. എല്ലാ ജീവരൂപങ്ങളും നിർമ്മിച്ചിരിക്കുന്ന ജീവന്റെ അടിസ്ഥാന ഘടകങ്ങളെ പ്രതിപാദിച്ചു കൊണ്ട് ഇത് നന്നായി വിശദീകരിക്കാൻ കഴിയും. ജീവന്റെ ഓരോ അടിസ്ഥാന ഘടകത്തിനും വിപുലവും സങ്കീർണ്ണവുമായ സ്വഭാവരൂപീകരണ ഉപാധികളുണ്ട്. ജീവന്റെ അടിസ്ഥാന കോശങ്ങളുടെ സൂക്ഷ്മ ലോകത്ത് മനുഷ്യന്ന് അൽപ്പം മാത്രമേ ഇടപെടാൻ സാദ്ധ്യമാവൂ. അതിനാൽ താഴ്ന്ന ജീവികളായി മനുഷ്യൻ അധപതിക്കും എന്നതിന്റെ മറ്റൊരർത്ഥം മനുഷ്യനിൽ ഉണ്ടാകാൻ സാദ്ധ്യതയുള്ള മാനസിക കഴിവുകളുടെ അപഭ്രംശമാണ്. മനസ്സിന്ന് അത്തരം അപഭ്രംശം സംഭവിക്കുന്ന മനുഷ്യർക്ക് അവരുടെ മനസ്സിന്മേലുള്ള നിയന്ത്രണം നഷ്ടമാകുന്നു. അത്തരം ആളുകൾ താഴ്ന്ന ജീവികളെപ്പോലെ പെരുമാറുന്നു. ഈ സാമ്യതകൾ കായികം എന്നതിനേക്കാളേറെ മാനസികമാണ്. അതിന്റെ സാദ്ധ്യതകൾ ഏറെക്കുറെ പരിധികളില്ലാത്തതുമാണ്. ഭ്രാന്തനായ മനുഷ്യൻ പട്ടിയെ പോലെയും പന്നിയെ പോലെയും പെരുമാറുകയും ഭാവിക്കുകയും ചെയ്യും. അല്ലെങ്കിൽ അതിനേക്കാൾ താഴ്ന്ന ജീവികളെ അനു കരിക്കുകയും ചെയ്യുമല്ലോ.

മനുഷ്യ ജീവിതം ഇക്കാലത്ത് പോലും **തഖ്‌വീം** ന്റെ മഹത്തായതും വിശാലമായതുമായ വ്യവസ്ഥയാണ് ഭരിച്ചു കൊണ്ടിരിക്കുന്നത്. സൗഭാഗ്യകരമായിട്ടുള്ള കാര്യം എന്താണെന്ന് വെച്ചാൽ ഈ ബൃഹത്തായ പദ്ധതിയിൽ ഉപരിതലത്തിലല്ലാതെ മനുഷ്യന്ന് ഈ വ്യവസ്ഥയിൽ ഇടപെടാൻ സാദ്ധ്യമല്ല എന്നുള്ളതാണ്. മനുഷ്യൻ അവന്റെ ധാർമിക ജീവിതത്തിൽ ലംഘനങ്ങൾ നടത്തി താഴ്ന്ന ഗണത്തിലുള്ള ജീവിവർഗ്ഗങ്ങളുടെ സ്വഭാവത്തേക്കാൾ ഹീനമായ നിലയിലേക്ക് പതിക്കുന്നു. അങ്ങനെ മൃഗസ്വഭാവമുള്ള മനുഷ്യൻ ആവിർഭവിക്കുകയും ചെയ്യുന്നു. വാസ്തവത്തിൽ **അസ്ഫല സാഫിലീൻ** എന്ന ഈ ഖുർആനിക തത്വം ആ മേഖലയിൽ മാത്രം നമുക്ക് പൂർണ്ണമായും പ്രയോഗിക്കാൻ സാധിക്കും എന്ന് ഉറപ്പായും പറയാനാവും. മനുഷ്യന്ന് അവന്റെ സഹജീവികളായ മനുഷ്യനെതിരെ അവകാശലംഘനങ്ങളുടെ സകല സീമകളും അതിലംഘിക്കാനാകും. അങ്ങനെ അവൻ അതിശയകരമാം വിധം മൃഗത്തേക്കാൾ മൃഗീയനാകാൻ സാധിക്കും.

നമ്മെ സംബന്ധിച്ചിടത്തോളം പ്രധാനമായുള്ളത്, മനുഷ്യന്ന് ഇടപെടാൻ കഴിയുന്ന ജീവിതത്തിന്റെ മേഖല വേർതിരിച്ചറിയുക എന്നതാണ്. **അസ്ഫല സാഫിലീൻ** പ്രവർത്തിക്കാൻ കഴിയുക ആ മേഖലയുടെ അതിരുകൾക്കുള്ളിൽ മാത്രമാണ്. മനുഷ്യനേക്കാൾ താഴ്ന്ന ജീവികളുടെ പെരുമാറ്റം കാണിക്കുന്നത് മൃഗങ്ങളുടെ സ്വഭാവം അധികമായും ഭരിക്കപ്പെടുന്നത് ജന്മവാസനകൊണ്ടാണ്. അവയുടെ ദൈനംദിന ജീവിതത്തിൽ മാനസിക പ്രവർത്തനത്തിന്നും അഭിപ്രായ രൂപീകരണത്തിന്നും കുറഞ്ഞ പങ്ക് മാത്രമേ ഉള്ളൂ എന്നാണ്. അവയുടെ ജീവിതത്തെ സ്വാധീനിക്കുന്ന ഒരു ജീവിത സംഹിതയും മൃഗങ്ങൾക്ക് നൽകപ്പെട്ടിട്ടില്ല. ഏറെക്കുറെ എല്ലാ കാര്യങ്ങളും സഹജാവബോധത്തിന്റെ അടിസ്ഥാനത്തിലാണ് നിർവ്വഹിക്കപ്പെടുന്നത്. എന്നാൽ അവരുടെ ജീവിതത്തിന്റെ എല്ലാ മേഖലകളും പ്രകൃതി നിയമത്താലാണ് ഭരിക്കപ്പെടുന്നത്. അത് പിന്തുടരാൻ അവർ നിർബന്ധിതരാണ്. ഉദാഹരണത്തിന്ന് മൃഗങ്ങൾക്ക് അവയുടെ നിലനിൽപ്പിന്ന് ഒരു പ്രത്യേക തരം ഭക്ഷണമാണ് ആവശ്യമെങ്കിൽ, ആ ഭക്ഷണം ലഭ്യമാകാൻ ആവശ്യമായ കാര്യങ്ങൾ അത് ചെയ്യും. അവരുടെ വേട്ട രീതിക്ക് ഒരു വിധത്തിലുള്ള സംഹിതയും യാതൊരു വിലക്കുകളോ നിബന്ധനകളോ വെച്ചിട്ടില്ല. അവരോട് ഇന്ന ആഹാരം സമ്പാദിക്കാൻ പാടില്ല ഇന്നത് അനുവദനീയമാണ് എന്ന് ആർക്കും പറയാനാവില്ല. അവരുടെ നിലനിൽപ്പിന്ന് മറ്റൊരു മൃഗത്തെ കൊല്ലുന്നത് ഒരിക്കലും തന്നെ നീതിയുടെ ലംഘനമായി കണക്കാക്കപ്പെടുന്നില്ല. അവയുടെ മിതത്വ ശീലം ഒരിക്കലും തന്നെ നീതിയുടെ പ്രകടനമായി ആരും ഗണിക്കുകയുമില്ല.

അത്പോലെ മൃഗങ്ങളുടെ ജീവിതത്തിൽ യാതൊരു വിധ

ഉത്തരവാദിത്വങ്ങളോ ജീവിതസംഹിതകളോ ഇല്ല. അത്കൊണ്ട് മനുഷ്യ ധാരണയുടെ അടിസ്ഥാനത്തിൽ **അദ്ൽ** എന്ന വിഷയം അപ്രസക്തമായ മേഖലകളിൽ പോലും **ഖല്വാം** ഉം **തഖ്വീം** എന്നീ സാങ്കേതിക പദങ്ങൾ വിശാലാർത്ഥത്തിൽ പ്രയോഗിക്കാവുന്നതാണ്. മേൽ പ്രസ്താവിച്ച സാങ്കേതിക പദങ്ങളുടെ പ്രയോഗത്തിലുള്ള വ്യത്യാസങ്ങൾ വ്യവച്ഛേദിച്ച് മനസ്സിലാക്കുന്നത് ആ മേഖലയിലുള്ള ആശയക്കുഴപ്പം ഒഴിവാക്കാനും ആ മേഖലകൾ തമ്മിലുള്ള വ്യത്യാസം മനസ്സിലാക്കാനും ഉതകും.

എവിടെയാണോ മൃഗങ്ങൾ ഇടപെടുമ്പോൾ അവർക്ക് ബോധപൂർവ്വം സന്തുലനത്തിന്റേയും തുലമാനത്തിന്റേയും പ്രാധാന്യം സാക്ഷാത്ക്കരിക്കാൻ കഴിവില്ലാതാവുന്നത് അത്തരം സന്ദർഭങ്ങളിലെല്ലാം സന്തുലനം സ്ഥാപിക്കുന്ന ഒരു പ്രവർത്തിയാണ് **തഖ്വീം** എന്ന് നാം ഓർക്കേണ്ടതുണ്ട്. എങ്കിലും മനുഷ്യന് **തഖ്വീം** ആവശ്യമുള്ളതാണ്. അതുകൊണ്ട് **തഖ്വീം** എന്നത് വിവിധങ്ങളായ പ്രകൃതി നിയമങ്ങളിലൂടെ പ്രകടമാവുന്ന ദൈവത്തിന്റെ ഒരു പ്രവർത്തിയായി കാണേണ്ടതുണ്ട്. അതായത് മനുഷ്യന്റെ ജീവിത പുരോഗതിക്ക് വലിയ തോതിൽ കാരണമാകുന്ന മധ്യമാർഗ്ഗത്തിൽ ജീവിതത്തെ ബന്ധിച്ച് നിർത്തിയത് ദൈവത്തിന്റെ ഈ പ്രകൃതി നിയമങ്ങളാണ്.

ജീവന്റെ എല്ലാ പ്രയാണങ്ങളും മനുഷ്യനെ ലക്ഷ്യംവെച്ചുള്ളതാണ്. അതിനാൽ അല്ലാഹുവിന്റെ വിധിക്ക് വിധേയമായിട്ടുള്ള **തഖ്വീമി** ന്റെ അന്തിമ സ്ഥാനത്തേക്കുള്ള ചലന ഗതി കൃത്യമായി നിർവ്വചിച്ചിട്ടുള്ളതും വ്യക്തമായി സംവിധാനിച്ചിട്ടുള്ളതുമാണ്.

മനുഷ്യൻ തന്റെ പരിണാമ ഘട്ടത്തിലേക്ക് പ്രവേശിക്കുന്ന സുദീർഘമായ പരിണാമ പ്രയാണത്തിൽ നിന്നും ലഭിച്ച വാക്കുകൾക്കതീതമായ പാഠങ്ങൾ മനുഷ്യജീവിതത്തിന്റെ ഓരോ ചുവട് വെപ്പിനും മാർഗ്ഗദർശകങ്ങളാണ്. അവിടെ നിന്നും പരിസ്ഥിതി, കുടുംബം, ഗോത്രം മുതലായ സ്വാധീനങ്ങൾ മനുഷ്യനെ മധ്യമാർഗ്ഗത്തിൽ നിന്നും തെറ്റിച്ചുകളയാനാണ് ശ്രമിച്ചത്. ഈ സ്വാധീനങ്ങളെ പ്രതിരോധിക്കാൻ മനുഷ്യന്റെ ഭാഗത്ത് നിന്നുള്ള ബോധപൂർവ്വമായ ശ്രമത്തെയാണ് വിശുദ്ധ ഖുർആൻ **തഅ്ദീൽ** എന്ന് വിശേഷിപ്പിച്ചത്.

മനുഷ്യൻ മധ്യമാർഗ്ഗത്തിൽ ചേർന്ന് നിൽക്കാനോ അല്ലെങ്കിൽ ആ മാർഗ്ഗത്തിൽ നിന്നും വ്യതിചലിക്കാനോ തനിക്ക് ബോധപൂർവ്വം ഒരു തീരുമാനമെടുക്കാനുള്ള ഘട്ടം സമാഗതമാവുകയുണ്ടായി. എന്നിരുന്നാലും ഒരു വ്യവസ്ഥക്കുള്ളിൽ നിന്നുകൊണ്ട് മനുഷ്യനിൽ എന്താണ് സംഭവിക്കുന്നതെന്ന് അവന്റെ ബോധജ്ഞാനത്തിന്ന് അറിയാതെ **തഖ്വീം** ശാന്തമായി പ്രവർത്തനം തുടരുന്നു. ഭാഗ്യവശാൽ ആന്തരഭാഗത്ത് പ്രവർത്തിക്കുന്ന **തഖ്വീം** ന്റെ പ്രവർത്തന ഗതിയിൽ മനുഷ്യന്ന് ഇടപെടാൻ സാദ്ധ്യമല്ല. മനുഷ്യൻ തന്റെ ആരോഗ്യത്തിൽ ആകസ്മികമായോ ബോധപൂർവ്വമായോ നീതി പുലർത്തുന്നതിൽ പരാജയപ്പെട്ട് രോഗിയായാൽ മാത്രമേ അവന് ഉപരിപ്ലവമായി അതിൽ ഇടപെടാൻ സാധിക്കൂ. അവഗണന കൊണ്ടോ അപകടം മൂലമോ അവന്റെ ആന്തര അവയവങ്ങളിൽ ഒന്നിന്റെ ചെറിയ ഒരു ഭാഗത്തിന്ന് ക്ഷതം സംഭവിച്ചാൽ, അക്കാരണം കൊണ്ട് ഒരു തരത്തിലുള്ള സന്തുലന വ്യവസ്ഥയും പ്രതിസംന്തുലന വ്യവസ്ഥയും ഉള്ള മൊത്തം ആന്തര ശരീര വ്യവസ്ഥ ഒരു സ്തംഭനാവസ്ഥയിലാവുന്നു. അതിനാൽ ചെറിയ രോഗം പോലും മൊത്തം ശരീരത്തെ ബാധിക്കുകയും ശരീരത്തെ ആകെ ആതുരമാക്കി തീർക്കുകയും ചെയ്യുന്നു. മനുഷ്യന്റെ ആരോഗ്യത്തെയും ശരീരത്തിന്റെ സ്വഭാവ രീതികളേയും പരിരക്ഷിക്കുന്ന മനുഷ്യനുള്ളിൽ പ്രവർത്തിക്കുന്ന പ്രകൃതിനിയമങ്ങൾ **തഖ്വീം** ന്റെ അതിദീർഘമായ പരിണാമ കാലഘട്ടത്തിലെ പ്രവർത്തന ഫലമായി രൂപപെട്ടതാണ്.

ജീവിലോകത്തിലെ കേവല നീതിയുടെ പിന്നിൽ പ്രവർത്തിക്കുന്ന വിവേകം തിരിച്ചറിയാൻ ഒരു ആവാസ വ്യവസ്ഥയുടെ പഠനം ഗവേഷകനെ സഹായിക്കുന്നതാണ്. അപ്പോൾ കേവല നീതിയുടെ ഈ തത്വം പിന്നീടുള്ള പരിണാമ കാലഘട്ടത്തിലും തുടരുന്നതായി കാണാം.

മനുഷ്യനും മനുഷ്യപൂർവ്വ ജീവികളും തമ്മിലുള്ള വിഭജന രേഖ ലളിതമായി ഇപ്രകാരമാണ്. മനുഷ്യന്ന് ലഭ്യമായ നിരവധി അവസരങ്ങളിൽ ഒന്ന് തിരഞ്ഞെടുക്കുന്നതിന്നുള്ള സ്ഥാനം പലപ്പോഴും അവന്ന് നൽകപ്പെടുന്നു. എന്നാൽ മൃഗങ്ങൾക്ക് അത്തരം തിരഞ്ഞെടുപ്പ് സ്വാതന്ത്ര്യങ്ങളൊന്നുമില്ല. മനുഷ്യനെക്കാൾ താഴ്ന്ന ജീവിഗണത്തിൽ പെട്ട മൃഗങ്ങൾക്ക് എന്തു തന്നെ അവസരങ്ങൾ ഉണ്ടായിരുന്നാലും അവർക്ക് സ്വതന്ത്ര ഇച്ഛക്കുള്ള പങ്ക് വളരെ കുറച്ച് മാത്രമേ ഉള്ളൂ. ഇതാണ് താഴ്ന്ന ജീവഗണത്തിൽ നിന്നും മനുഷ്യനെ വേർതിരിച്ചു നിർത്തുന്നത്. അവസരങ്ങളിൽ നിന്നും തിരഞ്ഞെടുക്കാനുള്ള ഈ സ്വാതന്ത്ര്യത്തിന്റെ മേഖല, മൃഗങ്ങളെ അപേക്ഷിച്ച് മനുഷ്യന് പ്രത്യേകമായ ചില ആനുകൂല്യങ്ങളും അതുപോലെ പ്രതികൂലനങ്ങളും പ്രദാനം ചെയ്യുന്നു. മനുഷ്യൻ ഈ മേഖലയിൽ കേവല നീതിയുടെ തത്വങ്ങൾ സ്വീകരിക്കുകയും അത് പിന്തുടരുകയും ചെയ്താൽ അവന്ന് അറ്റമില്ലാത്ത അനുഗ്രഹങ്ങൾ വാഗ്ദാനം ചെയ്യപ്പെട്ടിരിക്കുന്നു. അവൻ ഈ തത്വം നിരാകരിക്കുകയാണെങ്കിൽ മനുഷ്യൻ തന്റെ പ്രാക്തന ഘട്ടത്തിലേക്ക് **അസ്ഫല സാഫിലീൻ** ലേക്ക് പോകുമെന്നും താക്കീത് ചെയ്യപ്പെട്ടിരിക്കുന്നു.

(*തുടരും–വിവ: എ. എം.*)

ഇസ്‌ലാമും സെക്കുലര്‍ ഡെമോക്രസിയും 3

# നിസ്വനായ യേശുവിന്റെ പ്രതിപുരുഷന്മാര്‍ സിംഹാസനാരൂഢരായപ്പോള്‍

മതം ഭരണാധികാരത്തിന്റെ ഭദ്രാസനങ്ങളില്‍ അധികാരത്തിന്റെ ചെങ്കോലുമായി ഉപവിഷ്ടരായപ്പോള്‍ മനുഷ്യന്റെ സാമൂഹിക ജീവിതം ദുസ്സഹമായി. ആ സന്ദര്‍ഭത്തിലാണ് മതം അധികാരത്തില്‍ നിന്ന് വിട്ടു നില്‍ക്കണമെന്ന ആശയവുമായി സെക്കുലരിസം കടന്നുവന്നത്.

എ. എം. മുഹമ്മദ് സലീം

മതവും അധികാരവും ഗാഢമായി പുണര്‍ന്ന മദ്ധ്യകാലട്ടത്തിലായിരുന്നു സെക്കുലരിസം പിറന്നു വീണത്. അക്കാലത്ത് യൂറോപ്പിന്റെ സാമൂഹ്യ ജീവിതത്തെ സ്വാധീനിച്ച രണ്ട് പ്രബല ശക്തികള്‍ ക്രിസ്തു സഭയും, വിശുദ്ധ റോമാ സാമ്രാജ്യവുമായിരുന്നുവല്ലോ. ക്രൈസ്തവ മതത്തിന്നായിരുന്നു മേധാവിത്വം. ഈ ക്രൈസ്തവ മതാധിഷ്ഠിത ഭരണത്തോട് ഏറ്റുമുട്ടിക്കൊണ്ടായിരുന്നു സെക്കുലര്‍ ചിന്താധാര വളര്‍ന്ന് വന്നത്. അത്കൊണ്ട് സെക്കുലരിസം മതത്തിന്നെതിരാണെന്നുള്ള ധാരണ പരന്നു. ആ കാലഘട്ടത്തില്‍ റോമാ ചക്രവര്‍ത്തിമാരുടെ അധികാര സോപാനങ്ങളില്‍ ആരൂഢമായ സഭ ദൈവത്തിന്ന് വേണ്ടി അത്യുജ്ജ്വല ത്യാഗങ്ങളും പീഢനങ്ങളും സഹിച്ച യേശുവിന്റെ ദൈവിക പാതയില്‍ നിന്നും വഴിമാറിപ്പോയിരുന്നു. ഗലീലി തടാകത്തിനരികിലെ ചരള്‍ കുന്നില്‍ കയറി ദരിദ്രരോടും പരിത്യക്തരോടും നിരാലംബരോടുമായുള്ള ഗിരിപ്രഭാഷണത്തില്‍ യേശു വാഗ്ദാനം ചെയ്ത ദൈവരാജ്യം ലോകബദ്ധമായ അധികാരശക്തിയുടെ ആസുരത തീണ്ടാത്ത ആത്മീയ ലോകമായിരുന്നു. യേശു ഏതൊരു ജനതയിലേക്കാണോ പ്രേഷിതനായത് ആ ജനത അദ്ദേഹത്തെ നിരാകരിക്കാന്‍ കാരണം യേശുവിന്റെ പ്രബോധനങ്ങളില്‍ അധികാരം ഇല്ലായിരുന്നു എന്നതാണ്. അവര്‍ പ്രതീക്ഷിച്ചത് സീസറിന്റെ സിംഹാസനത്തിലിരിക്കുന്ന അധികാര വിഭൂഷിതനായ ഒരു മിശിഹായെയായിരുന്നു. പീലാത്തോസ് തന്റെ കോടതിയില്‍ വെച്ച് മഹാനായ ആ ദിവ്യാത്മാവിനോട് യഹൂദരുടെ കുറ്റാരോപണം ആവര്‍ത്തിച്ചു കൊണ്ട് ചോദിച്ചു. **'നീ യഹൂദരുടെ രാജാവാണോ?'** യേശുവിന്റെ മറുപടി: **'എന്റെ രാജ്യം ഐഹികമല്ല ഐഹികമായിരുന്നുവെങ്കില്‍ യഹൂദര്‍ക്ക് എന്നെ ഏല്‍പ്പിച്ചു കൊടുക്കാതിരിക്കാന്‍ തക്കവണ്ണം എന്റെ ഭൃത്യര്‍ പോരാടുമായിരുന്നു. എന്നാല്‍ എന്റെ രാജ്യം ഐഹികമല്ല.' (യോഹ: 33–336)** അധികാരത്തിന്റെയും സമ്പത്തിന്റെയും അലങ്കാരങ്ങളും ഹാവഭാവങ്ങളുമില്ലാത്ത ആത്മീയ പ്രധാനമായ ഒരു ദൈവരാജ്യമായിരുന്നു യേശു പ്രബോധിച്ചത്. ബൈബിളിലെ ഒരു വചനം ഇങ്ങനെയാണ്.

**'പിന്നെ പിശാചു അവനെ ഏറ്റവും ഉയര്‍ന്നോരു മലമേല്‍ കൂട്ടിക്കൊണ്ടു പോയി. ലോകത്തിലുള്ള സകല രാജ്യങ്ങളെയും അവയുടെ പ്രതാപവും കാണിച്ചു കൊടുത്ത് കൊണ്ട് പറഞ്ഞു: നീ സാഷ്ടാംഗം വീണ് എന്നെ ആരാധിച്ചാല്‍ ഇവയെല്ലാം ഞാന്‍ നിനക്ക് തരും അപ്പോള്‍ യേശു കല്‍പ്പിച്ചു: സാത്താനെ പോകൂ! നിന്റെ ദൈവമായ കര്‍ത്താവിനെ ആരാധിക്കണം അവനെ മാത്രമെ സേവിക്കാവൂ എന്നു വിശുദ്ധ ലിഖിതത്തില്‍ ഉണ്ടല്ലോ. അപ്പോള്‍ പിശാച് അവനെ വിട്ടകന്നു. മാലാഖമാര്‍ വന്ന് അവനെ പരിചരിച്ചു.' (മത്തായി 4:8–11)**

യേശുവിന്റെ ദൈവരാജ്യം എന്തായിരുന്നുവെന്ന് മേല്‍ ബൈബിള്‍ വിവരണം വ്യക്തമാക്കുന്നു ഇത് ലൂക്കോസ് 4:5–8ലും ആവര്‍ത്തിക്കുന്നു. ദൈവത്തിന്റെ പദ്ധതിയനുസരിച്ച് ലൗകികേതരവും ദൈവികവുമായ ദൈവരാജ്യം സ്ഥാപിക്കുക എന്ന തന്റെ ദൗത്യ



പോപ്പ് നിക്കോളാസ്

ത്തിൽ തന്നെ യേശു ഉറച്ചു നിന്നു.

**"ദൈവത്തെപറ്റി യേശുവിന്റെ അവബോധം എത്രശുദ്ധവും ഉന്നതവുമായിരുന്നോ അത്രതന്നെ ശുദ്ധവും ഉന്നതവുമായിരുന്നു ദൈവരാജ്യത്തെ പറ്റിയുള്ള അവിടുത്തെ ദൈവരാജ്യപ്രഘോഷണവും ലൗകികമായ കാഴ്ച്ചപ്പാടുകളും. മാനുഷികമായ പ്രതീക്ഷകളും അവിടുത്തെ സങ്കൽപ്പത്തെ കളങ്കപ്പെടുത്തിയില്ല. പരമ്പരാഗതമായ ചില സങ്കേതങ്ങൾ യേശു ഉപയോഗിച്ചെങ്കിലും അവയുടെ ഉൽകൃഷ്ട അർത്ഥത്തിൽ മാത്രമാണ്. ദൈവരാജ്യത്തിൽ 'വീഞ്ഞു കുടിക്കുക' (മാർക്കോ 14: 25) 'വിരുന്നനുഭവിക്കുക'(മത്താ 8: 8: 11) മുതലായ പ്രയോഗങ്ങൾ മാനുഷികമായ സൗഭാഗ്യത്തെയല്ല. പരിത്രാണം ചെയ്യപ്പെട്ട സമൂഹവും രക്ഷകനായ ദൈവവും തമ്മിലുള്ള ഐക്യത്തിൽ നിന്നുളവാകുന്ന പ്രകൃത്യാതീതമായ സൗഭാഗ്യത്തെയാണ് ദ്യോതിപ്പിക്കുന്നത്. ദൈവദാനമായ ദൈവരാജ്യത്തിന്റെ അനുഗ്രഹങ്ങൾ മനുഷ്യന്റെ പ്രതീക്ഷകൾക്ക് അതീതവും അഭിലാഷങ്ങൾക്ക് അപ്രാപ്യവുമത്രെ (ക്രിസ്തുദർശനം- ഡോ. ജേക്കബ് കട്ടക്കൽ, ഡോ. ജോർജ്ജ് പുഞ്ചക്കുന്നേൽ, കേരള ഭാഷ ഇൻസ്റ്റിറ്റ്യൂട്ട്, പേ. 300, 301)**

ഇന്ന് ആഗോള ക്രൈസ്തവ സഭ ചരിത്രാനുഭവങ്ങളിൽ നിന്നും പക്വത നേടിയ മഹത്തായ ഒരു ആഗോള പ്രസ്ഥാനമാണ് എന്നതിൽ സംശയമില്ല. മതഭേദമന്യേ ജനകോടികളുടെ സ്നേഹാദരങ്ങൾ നേടിയ അഭിവന്ദ്യനും ലോകത്തിന്റെ സ്നേഹപാത്രവുമായ ഫ്രാൻസിസ് മാർപ്പാപ്പയുടെ നേതൃത്വം ഇന്ന് സഭക്കുണ്ട്. ലൗകിക ഭരണാധികാരത്തിന്റെ ഭദ്രാസനത്തിൽ അധികാര ചെങ്കോലുമായിരുന്ന ദൗർഭാഗ്യകരമായ ഒരു കാലഘട്ടം സഭക്കുണ്ടായിരുന്നു. ആ കാലഘട്ടത്തിലാണ് സെക്കുലരിസത്തിന്ന് വിത്തുപാകപ്പെട്ടത്. അത്കൊണ്ട് ആ ചരിത്ര സന്ദർഭം സെക്കുലറിസത്തെ സംബന്ധിച്ച ചർചയിൽ പ്രസക്തമാവുന്നത്. അധികാരവും അദ്ധ്യാത്മികതയും തമ്മിലുള്ള അവിശുദ്ധ ബന്ധത്തിൽ പിറന്ന ആ ഇരുണ്ട നൂറ്റാണ്ടുകൾ മനുഷ്യ സ്വാതന്ത്ര്യത്തിന്നുമേൽ കറുത്ത നിഴൽ വീഴ്ത്തുകയുണ്ടായി. **'എന്റെ രാജ്യം ഐഹികമല്ല'** എന്ന് പറഞ്ഞ മഹാനായ ആ മതപുരുഷന്റെ മദ്ധ്യകാല പ്രതിപുരുഷന്മാർ അധികാര സിംഹാസനത്തിൽ ആരുഢരായപ്പോൾ യൂറോപ്പിൽ നിസ്സഹായരായ മനുഷ്യരുടെ ദീനവിലാപങ്ങളാണുയർന്നത്. പൗര സ്വാതന്ത്ര്യം ചിന്താസ്വാതന്ത്ര്യവും മനുഷ്യാവകാശങ്ങളും നിഷേധിക്കപ്പെട്ടു. മാത്രമല്ല അസഹ്യമായ സാമ്പത്തിക ചൂഷണവും കൊണ്ട് ജനങ്ങൾ പൊറുതിമുട്ടി. രാജ്യത്തെ രാജാവിന്റെ നിയമങ്ങളെ പോലെ തന്നെ പ്രബലങ്ങളായിരുന്നു ചർച്ചിന്റെ നിയമങ്ങൾ.

മദ്ധ്യകാലഘട്ടത്തിലെ അടിമ വ്യാപാരത്തിന്നും കോളനിവത്ക്കരണത്തിന്നും നേതൃത്വം നൽകിയത് സഭയായിരുന്നു. ഡം ഡൈവെർസാസ് (Dum Diversas) എന്ന പേരിൽ പോപ്പ് നിക്കോളാസ് 1452 ജൂണ് 18 ന്ന് പുറപ്പെടുവിച്ച പേപ്പൽ ബുള്ളായിൽ (പോപ്പിന്റെ ഇടയ



ലേഖനം) സാരസൻസിനെയും (അറബ് മുസ്‌ലിംകൾ) ആഫ്രിക്കക്കാരെയും കീഴ്പ്പെടുത്തി അടിമകളാക്കികൊണ്ടു വരണം എന്ന് പോർച്ചുഗൽ രാജാവ് അഫോൻസാ അഞ്ചാമനോട് നിശ്ക്കർശിച്ചിരുന്നു. അക്കാലത്തെ സഭയുടെ നേതൃത്വത്തിലുള്ള കുപ്രസിദ്ധങ്ങളായ മതവിചാരണ കോടതികളെ പറ്റി കഴിഞ്ഞ ലക്കത്തിൽ പ്രതിപാദിച്ചിരുന്നുവല്ലോ. ആ കോടതികൾ (Inquisition Court) ആളുകളെ നിർബാധം വിചാരണ ചെയ്ത് ശിക്ഷിക്കുമായിരുന്നു. മധ്യകാലഘട്ടത്തിൽ ക്രിസ്തുമതത്തിനകത്ത് തന്നെയുള്ള വിമത പ്രസ്ഥാനങ്ങളെയും പ്രൊട്ടസ്റ്റന്റ് നവീകരണത്തെയും നേരിടാനായിരുന്നു ഇൻക്വിസിഷൻ കോടതികൾ ആരംഭിച്ചത്. ചർച്ചും രാജഭരണവും ഒന്നായപ്പോൾ സഭക്ക് വേണ്ടി സാമ്രാജ്യസ്ഥാപനത്തിന്നൊരുങ്ങിയ സ്പെയിനും പോർച്ചുഗലും ചർച്ചിന്റെ ആശീർ വാദത്തോടെ ലോകത്ത് കോളനികൾ സ്ഥാപിക്കാനുള്ള ഉദ്യമത്തിൽ മുഴുകുകയായിരുന്നു. അമേരിക്കയിലും ആഫ്രിക്കയിലും ഏഷ്യയിലും അവർ കോളനികളുടെ വികസനത്തിനും പ്രതിയോഗികളെ വിശിഷ്യാ യഹൂദരെയും മുസ്‌ലിംകളെയും ഉന്മൂലനം ചെയ്യാനും ഈ മത വിചാരണ ക്കോടതികളെ ഉപയോഗിക്കുകയുണ്ടായി. കോളനിവത്ക്കരണം, അടിമ വ്യാപാരം, ക്രിസ്തു മത പ്രചാരണം എന്നീ പ്രക്രിയകളുടെ ഭാഗമായി പോർച്ചുഗീസുകാർ ഇങ്ങ് ഇന്ത്യയിൽ വരെ എത്തുകയുണ്ടായി. അതിനെ സംബന്ധിച്ച് പിന്നീട് വിശദമായി പ്രതിപാദിക്കാം.

ആ കാലത്ത് യുക്തിചിന്തയും ശാസ്ത്രബോധവും വേദവിപരീതങ്ങളാണെന്ന് കരുതപ്പെട്ടു. ദമ്പതിമാർ തമ്മിലുള്ള വിവാഹങ്ങൾ അസാധുവാക്കാനും രാജാക്കന്മാരെ വരെ സമൂഹത്തിൽ നിന്ന് പുറത്താക്കാനുള്ള അധികാരം പോലും ചർച്ചിന്നുണ്ടായിരുന്നു. അളവറ്റ സ്വത്തുക്കളായിരുന്നു സഭയുടെ അധീനതയിൽ ഉണ്ടായിരുന്നത്. ഫ്രാൻസിലെ നാലിൽ മൂന്ന് ഭാഗം സ്വത്തും ജർമ്മനിയുടെ ആകെ സ്വത്തിന്റെ പകുതിയും കത്തോലിക്കാ സഭയുടെ കീഴിലായിരുന്നു. ധനസമ്പാദനത്തിന്ന് സഭ സ്വീകരിക്കാത്ത മാർഗ്ഗങ്ങളില്ലായിരുന്നു. മരിച്ച് പരലോകത്തെത്തിയാൽ ദണ്ഡവിമോചനം (Indulgence) എന്ന പേരിൽ വിശ്വാസികൾക്ക് മാർപ്പാപ്പയുടെ ശുപാർശയിൽ പാപമോചനവും സ്വർഗ്ഗവും ലഭിക്കുന്ന ഒരു വഴിപാട് സഭയിലുണ്ടായിരുന്നു സൗജന്യമായിട്ടല്ല!. അതിനായി ഇവിടെ വിശ്വാസികൾ പണം നൽകണമായിരുന്നു. പകരം അവർക്ക് പാപവിമോചന പത്രം നൽകി. സഭയിലെ ഉദ്യോഗങ്ങൾ വിൽപ്പന നടത്തലായിരുന്നു മറ്റൊരു വരുമാന മാർഗ്ഗം. ഇങ്ങനെയെല്ലാം സ്വരൂപിക്കുന്ന പണത്തിന്ന് സിമണി (Simony) എന്നാണ് പറയുന്നത്. കൊളീസിയങ്ങളിൽ വിശക്കുന്ന സിംഹങ്ങൾക്ക് മുമ്പിൽ റോമൻ രാജാക്കന്മാർ തീറ്റി പണ്ടങ്ങളായി വലിച്ചെറിഞ്ഞിട്ടും വിശ്വാസത്തിൽ നിന്നും വ്യതിചലിക്കാത്ത സമുജ്ജ്വലത്യാഗത്തിന്റെ പ്രതീകങ്ങളായിരുന്ന ആദിമ ക്രിസ്ത്യാനികൾ. ലോകത്തിന് സ്നേഹത്തിന്റെയും ത്യാഗത്തിന്റെയും നിസ്തുല പാഠങ്ങളും ജീവിത മാതൃകയും നൽകിയ പാവനമായ ക്രിസ്തുമതം മദ്ധ്യകാലഘട്ടത്തിൽ റോമൻവത്ക്കരിക്കപ്പെട്ടതിന് ശേഷം അധികാരത്താൽ അധപതിക്കുകയായിരുന്നു. മാർപ്പാപ്പമാരുടെ ജീവിതത്തെ സംബന്ധിച്ച് **'പേപ്പസിയുടെ ചരിത്രം'** എന്ന പുസ്തകത്തിൽ ജോസഫ് പുലിക്കുന്നേൽ എഴുതുന്നു:


**'മാർപ്പാപ്പമാരുടെ അധാർമിക ജീവിതം യഥാർത്ഥ ക്രൈസ്തവ വിശ്വാസികളെ ഞെട്ടിപ്പിക്കുന്നതായിരുന്നു ഭൗതിക ഭരണത്തിലും കൊട്ടാരങ്ങളിൽ പോലും സുലഭമായി കണ്ടെത്താവുന്ന അസന്മാർഗ്ഗികതയിലും ക്രൂരതയിലും പേപ്പൽ കൊട്ടാരം അത്യധികം അധ:പതിച്ചു. യൂറോപ്പിലെ രാജകിരീടങ്ങൾക്ക് അധാർമ്മിക പിന്തുണ നൽകുന്നതിൽ മാർപ്പാപ്പമാർ കാണിച്ച ഔദാര്യം അവർക്ക് തന്നെ കെണിയായി തീർന്നു. സ്**

പൊളറ്റോയിലെ ലാമ്പർട്ടു പ്രഭുവിനെ ചക്രവർത്തിയായി പോപ്പ് ഫെർഫൊർമോസൂസ് (എ.ഡി. 891–96) അവരോധിച്ചു അതേ സമയം ജർമ്മനിയിലെ അർനഫ് രാജാവിനെ നിസ്സങ്കോചം മാർപ്പാപ്പ ചക്രവർത്തിയായി അംഗീകരിച്ചു. അത് ഈ രണ്ട് ചക്രവർത്തിമാരും പരസ്പരം ഏറ്റുമുട്ടാൻ പശ്ചാത്തലമൊരുക്കി. ജർമ്മൻ രാജാവിനെ ചക്രവർത്തിയായി പ്രഖ്യാപിച്ചതിൽ ക്ഷുഭിതനായ ലാംമ്പർട്ട് രാജാവ് റോം ആക്രമിച്ചു. അപ്പോഴേക്കും ഫൊർമോസുസ് മാർപ്പാപ്പ നിര്യാതനായിരുന്നു. ഈ മാർപ്പാപ്പയുടെ എതിർഗ്രൂപ്പിൽ പെട്ട സ്റ്റീഫൻ ഏഴാമൻ മാർപ്പാപ്പയായി അവരോധിക്കപ്പെട്ടു. മരണമടഞ്ഞ ഫെർമോസൂസ് മാർപ്പാപയെ ലോക ചരിത്രത്തിൽ ഇതിന്ന് മുൻമ്പോപിമ്പോ കേട്ടില്ലാത്ത വിധം വിചാരണക്ക് വിധേയനാക്കി. എട്ടുമാസം മുമ്പ് മരിച്ചടക്കപ്പെട്ട ഫെർമോസൂസിന്റെ ശവശരീരം മാന്തിയെടുത്ത് മാർപ്പാപ്പയുടെ സ്ഥാനവസ്ത്രങ്ങൾ അണിയിച്ച് കൗൺസിൽ ചേംമ്പറിൽ പാപ്പയുടെ സിംഹാസനത്തിൽ ഇരുത്തി, ഇതിന്ന് ശേഷം വിസ്താരം ആരംഭിച്ചു സ്റ്റീഫൻ മാർപ്പാപ്പ തന്നെ ഈ പ്രേതവിസ്താരം നടത്തി ഈ സുന്നഹദോസിൽ വെച്ച് ഫെർമാസുസ് മാർപ്പാപ്പയെ ശപിച്ചു ഇതിന് ശേഷം സ്ഥാനവസ്ത്രങ്ങളെല്ലാം അഴിച്ച്മാറ്റി, മാർപ്പാപ്പ എന്ന നിലയിൽ അനുഗ്രഹിക്കുന്നതിന്ന് ഉയർത്തിയ വലത് കൈയ്യിലെ മൂന്ന് വിരലുകൾ ഛേദിച്ചു. പിന്നീട് മൃതദേഹം കൊട്ടാരത്തിലൂടെ വലിച്ചിഴച്ച് തെരുവിൽ കൂടിയിരുന്ന ജനങ്ങളുടെ മദ്ധ്യത്തിലേക്ക് എറിഞ്ഞു. അവർ അതിനെ അവിടെനിന്നും വലിച്ചിഴച്ച് ടൈബർ നദിയിൽ എറിഞ്ഞു. അങ്ങനെ സ്റ്റീഫൻ മാർപ്പാപ്പ തന്റെ മുൻഗാമിയോട് പ്രതികാരം ചെയ്തു. എന്നാൽ ആ വർഷം തന്നെ എതിരാളികൾ സ്റ്റീഫൻ മാർപ്പാപ്പയെ കഴുത്ത് ഞെരിച്ച് കൊന്നു. തുടർന്ന് സ്റ്റീഫൻ മാർപ്പപ്പയുടെ പിന്തുണക്കാരായ കാർഡിനൽ സെർജിയൂസ് മാർപ്പാപ്പയായി സ്ഥാനം ഏറ്റു. അത്കൊണ്ടും പ്രശ്നം അവസാനിച്ചില്ല. ഏതിർഗ്രുപ്പുകാർ സെർജിയൂസിനെ റോമിൽ നിന്നും ആട്ടിപ്പായിച്ചു. ആറു കൊല്ലത്തിനിടയിൽ ഏഴുപേർ പാപ്പാ സ്ഥാനം കയ്യാളി (ഇവരിൽ പലരും എതിർ പപ്പാമാരായാണ് അറിയപ്പെടുന്നത്). ഏഴാം കൊല്ലം പ്രഭുക്കന്മാരുടെ പിന്തുണയോടെ സെർജിയൂസ് തിരിച്ചെത്തി റോമ കൈവശപ്പെടുത്തി.' (*പേപ്പസ്സി- ചരിത്രപരമായ ഒരു പഠനം, ജോസഫ് പുലിക്കുന്നേൽ. പേ. 40)* പ്രസ്തുത പുസ്തകം തുടരുന്നു:

**'ഈ കാലഘട്ടത്തെ കുറിച്ച് കത്തോലിക്കാ ചരിത്ര കാരനായ തോമസ് നീലും റെയ്മണ്ട് ഷുമാന്റും ഇങ്ങനെ എഴൂതുന്നു: ഒരു എതിർ പാപ്പാ ആയിരുന്ന ക്രിസ്റ്റഫർ മാർപ്പാപ്പ, ലിയോ അഞ്ചാമനെ ജയിലിൽ അടച്ചു. സെർജിയൂസ് മൂന്നാമൻ മാർപ്പാപ്പ (904–911) ക്രിസ്റ്റഫറിനെ ലിയോ മാർപ്പാപ്പയോടൊപ്പം കൽതുറുങ്കിലാക്കി. തുടന്ന് അവരോടുള്ള പകമൂലം രണ്ടു പേരെയും വധിച്ചു. സെർജിയൂസ്, ഫൊർമോസൂസ് മാർപ്പാപ്പയുടെ എതിർ ഗ്രുപ്പുകാരനായിരുന്നു. പഴയ മുറിവുകൾ ഉണങ്ങാൻ അനുവദിച്ചിച്ചുമില്ല.**

**ഈ വഴക്കുകളൾക്കിടയിൽ സമ്പന്നനും പേപ്പൽ അധികാരിയും സെനറ്ററുമായ തിയോഫിലാക്ട് അധികാരം കവർന്നെടുത്തു ഇയാളും ഭാര്യ തെയഡോറയും പെൺമക്കളായ തെയഡോറായും മറോസ്സിയായും ചേർന്ന് രണ്ട് തലമുറ റോമിൽ ആധിപത്യം സ്ഥാപിച്ചു. മറോസ്സിയാ, അവളുടെ സൗന്ദര്യം കൊണ്ട് സെർജിയൂസ് മാർപ്പാപ്പയെ കീഴടക്കി, ആ കുടുംബത്തിന്റെ അധികാരം ഉറപ്പിച്ചു. ജോൺ പത്താമൻ മാർപ്പാപ്പ (914–922) തന്റെ സ്ഥാനാരോഹണത്തിന്ന് തിയോഫിലാക്റ്റ് കുടുംബത്തോട് കടപ്പെട്ടിരിക്കുന്നു. അദ്ദേഹം പ്രവർത്തന നിരതനായിരുന്നു. സാരസന്മാർക്ക് എതിരായി സ്വയം പടനയിച്ച് വിജയം നേടി ജർമനിയിലും ഫ്രാൻസിലും അധികാരം ഉറപ്പിച്ചു. മറോസ്സിയായുടെയും സെർജ്ജിയൂസ് മാർപ്പാപ്പയുടെയും പുത്രനായിരുന്നു ജോൺ 11–ാമൻ മാർപ്പാപ്പ (931–935). അദ്ദേഹം റോമിലെ ഭരണത്തിന്റെ കടിഞ്ഞാൺ തന്റെ അമ്മക്ക് പൂർണ്ണമായും വിട്ടുകൊടുത്തു. എന്നാൽ പോപ്പിന്റെ സഹോദരൻ ആൽബറിക്ക് അധികാരം പിടിച്ചടക്കി. പ്രഭു ഇരുപത് കൊല്ലക്കാലം റോമിന്ന് ശക്തമായ ഒരു ഭരണം നൽകിയെങ്കിലും തുടർച്ചയായി അഞ്ചു മാർപ്പാപ്പമാരെ നേരിട്ടു തന്നെ ഇയാൾ നിയമിച്ചു. ആൽബറിക്കിന്റെ സുഹൃത്തായ ക്രൂഡിയിലെ വി. ഒദായുടെ പ്രേരണയിൽ അധ്യാത്മിക നവീകരണത്തിന്നുള്ള വ്യഗ്രത റോമിൽ ഉണ്ടായി. നിർഭാഗ്യവശാൽ തന്റെ മരണക്കിടക്കയിൽ വെച്ച് ആൽബറിക്ക് തന്റെ പുത്രനെ മാർപ്പാപ്പയായി പേരു നിർദ്ദേശിച്ചു. ജോൺ 12 (955–64) ഈ പാപ്പായോടൊപ്പം മാർപ്പാപ്പമാരുടെ ചരിത്രം ഏറ്റവും താഴ്ന്ന നിലയിലേക്ക് അധപതിച്ചു. ഇരുപത് വയസ്സ്പോലും ആകാതിരുന്ന ജോൺ മാർപ്പാപ്പാ വൈവിധ്യമാർന്ന ജീവിത സുഖങ്ങൾക്കായി സ്വയം പൂർണ്ണമായും സമർപ്പിച്ചു.**

**12 വയസ്സിനും 20 വയസ്സിനും മധ്യേ പ്രായമുണ്ടെന്ന് കരുതപ്പെടുന്ന 9–ാം ബനഡിക് മാർപ്പാപ്പ (1032– 1044) സുഖഭോഗങ്ങളിലേക്ക് ആഴ്ന്നിറങ്ങി. റോമാക്കാർക്ക് പോലും ഇത് സഹിക്കാൻ കഴിഞ്ഞില്ല. 1044ൽ പോപ്പിനെതിരായി ക്രെസന്തി കലാപക്കൊടി ഉയർത്തുകയും സിൽവർസ്റ്റൺ 3–ാമനെ മാർപാപ്പയായി ലാറ്ററൻ കൊട്ടരത്തിൽ പ്രതിഷ്ഠിക്കുകയും ചെയ്തു. ടസ്കന്നിയുടെ ബന്ധുക്കൾ ബനഡിക്ട് മാർപ്പാപ്പയുടെ സ്ഥാനങ്ങൾ തിരിച്ചു പിടിച്ച് ബനഡിക്റ്റിന് കൊടുത്തെങ്കിലും സമാധാനവും സുഖഭോഗവും ആഗ്രഹിച്ചിരുന്ന അദ്ദേഹം തന്റെ തലതൊട്ടപ്പനിൽ**



JACQUES ROUSSEAU

**നിന്നും പണം വാങ്ങി സ്ഥാനം വിട്ടു കൊടുത്തു. അങ്ങനെ സ്ഥാനം ലഭിച്ച ഗ്രിഗറി 6-ാമൻ പണം കൊടുത്ത് സ്ഥാനം വാങ്ങിയതെന്നൊഴിച്ചാൽ വളരെ ചീത്തയൊന്നുമായിരുന്നില്ല. (പണം കൊടുത്താണ് പാപ്പാസ്ഥാനം വാങ്ങിയതെന്നത് പരസ്യവുമായിരുന്നില്ല.) ബനഡിക്ടിന് കുറഞ്ഞൊരു കാലം കൊണ്ട് തന്റെ സ്വസ്ഥ ജീവിതം മടുത്തു. പാപ്പാ സ്ഥാനം തിരിച്ചു ചോദിച്ചു. പപ്പാസ്ഥാനത്തിന് വേണ്ടി നടന്ന ഈ കച്ചവടത്തെ പറ്റി ചക്രവർത്തി ഒന്നും അറിഞ്ഞിരുന്നില്ല. അതു കൊണ്ട് അദ്ദേഹം 1046 ൽ വമ്പിച്ച സന്നാഹവുമായി ഇറ്റലിയിലെത്തി. പുരോഹിതരുടെ ഒരു സുന്നഹദോസ് വിളിച്ചു കൂട്ടി എല്ലാ മാർപാപ്പമാരെയും സ്ഥാനഭ്രഷ്ടരാക്കി ജർമൻകാരനായ ക്ലമന്റ് രണ്ടാമനെ മാർപ്പാപ്പയായി പ്രഖ്യാപിച്ചു.'** (History of the Catholic Church, Milwauke, 1957 pages 168-170)

സഭയും സഭയുടെ മതഭരണത്തിന്റെ കീഴിലായിരുന്ന രാജാക്കന്മാരും തമ്മിലുണ്ടായ അധികാര തർക്കങ്ങൾ ആരംഭിച്ചു. ക്രിസ്തു സഭയുടെ പൗരോഹിത്യം ഒരു ഭാഗത്തും രാജാധിപത്യം മറുഭാഗത്തുമായിക്കൊണ്ട് അധികാരത്തിനു വേണ്ടി വടംവലിയായിരുന്നു. ആത്മാവ് ശരീരത്തേക്കാൾ ശ്രേഷ്ഠതരമാണ്. അതിനാൽ പൗരോഹിത്യമാണ് രാജത്വത്തേക്കാൾ ശ്രേഷ്ഠതരമെന്ന വാദം ക്രിസ്തുസഭ ഉയർത്തി. മദ്ധ്യകാല ഘട്ടത്തിലുടനീളം ക്രൈസ്തവ സഭ രാജാധികാരത്തേക്കാൾ ഉയർന്നുനിന്നു. യുറോപ്യൻ രാജ്യങ്ങളിലെ സഭയുടെ അധികാരം പല വിധത്തിലുള്ള നിയമങ്ങളും ഉൾപ്പെട്ടിരുന്നു പരമാധികാരി പലപ്പോഴും സഭതന്നെയായിരുന്നു. മനുഷ്യസ്വാതന്ത്രത്തേയും ബുദ്ധിപരമായ പ്രവർത്തനത്തേയും കെട്ടിവരിഞ്ഞു അടക്കി ഭരിച്ച സഭയുടെ അധീശത്വത്തിനെതിരെ യൂറോപ്പിലെ സാധാരണക്കാർ തത്ത്വജ്ഞാനികളുടെയും സാംസ്കാരിക നേതാക്കന്മാരുടെയും നേതൃത്വത്തിൽ മനുഷ്യത്വത്തിന്റെയും ധൈഷണിക പ്രബുദ്ധതയുടെയും പ്രചോദനത്താൽ നടത്തിയ സാമൂഹ്യമായ ഉത്ഥാനമായിരുന്നു നവോത്ഥാനം. മതാധിഷ്ഠിത ഭരണത്തിനെതിരെ സെക്കുലരിസത്തിന്റെ ഉയിർത്തെഴുനേൽപ്പായിരുന്നു അത്. പുതിയ രാജ്യങ്ങൾ കണ്ടെത്താനുള്ള സമുദ്രപര്യവേഷണങ്ങൾ പ്രൊട്ടസ്റ്റന്റിസത്തിൽ കലാശിച്ച മത നവീകരണ പ്രസ്ഥാനം (Reformation) കത്തോലിക്കാ സഭയിൽ തന്നെയുണ്ടായ പ്രതിനവീകരണം (Counter Reformation), ശാസ്ത്രീയമായ കണ്ടുപിടുത്തങ്ങൾ എന്നിവയെല്ലാം നവോത്ഥാനത്തിന് ആക്കം കൂട്ടി. ഈ പൊളിച്ചെഴുത്തിന്റെയും തകിടം മറിച്ചിലിന്റെയും വഴിത്തിരിവുകളിൽ മതാധിഷ്ഠിത ഭരണത്തിൽ നിന്നും മനുഷ്യനെ സ്വതന്ത്രനാക്കുന്ന നിരവധി പ്രഖ്യാപനങ്ങളും പ്രമേയങ്ങളും കരാറുകളുമുണ്ടായി. മാഗ്നാ കാർട്ട, ബിൽ ഓഫ് റൈറ്റ്സ്, മുതലായവ മാനവ ചരിത്രത്തിലെ മഹാസ്മാരകങ്ങളായി. *'മനുഷ്യൻ സ്വതന്ത്രനായി ജനിക്കുന്നു പക്ഷേ അവൻ എല്ലായിടത്തും ബന്ധനസ്ഥനാണ്'* എന്ന ഉജ്ജ്വലമായ വിപ്ലവ വചനം ഉരുവിട്ടുകൊണ്ട് രംഗപ്രവേശനം ചെയ്ത ജാക്വിസ് റൂസ്സോയുടെ **'സാമൂഹ്യ കരാർ'** (Social Contact) എന്ന ഗ്രന്ഥം യൂറോപ്പിന്റെ വേദപുസ്തകമായി മാറി. അവസാനം അമേരിക്കൻ വിപ്ലവം, ഫ്രഞ്ച് വിപ്ലവം മുതലായ മഹാവിപ്ലവങ്ങളിൽ നവോത്ഥാനം എത്തിചേർന്നു. ക്രിസ്തു മതത്തിന്റെയടിസ്ഥാനത്തിൽ കെട്ടിപടുത്ത യൂറോപ്യൻ സാമൂഹ്യ ജീവിതം ആകമാനം തകിടം മറിഞ്ഞു. ക്രിസ്തു മതത്തിന്ന് പകരം യൂറോപ്പിലെ വിവിധ ജനവിഭാഗങ്ങൾ അതാത് ദേശത്തെ ദേശീയതയുടെ അടിസ്ഥാനത്തിൽ സംഘടിക്കാൻ ആരംഭിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ രാഷ്ട്രങ്ങൾ ആവിർഭവിക്കുകയും ചെയ്തു. മതത്തിന്നു പകരം ദേശീയത സമൂഹത്തിന്റെ രാഷ്ട്രീയ ധാർമികതയായി മാറി. രാഷ്ട്രീയ ഘടന ദേശരാഷ്ട്രങ്ങൾക്ക് വഴിമാറി. സഭയും സമൂഹവും എന്നതിന്ന് പകരം മതപരമായ പരിഗണനകളില്ലാത്ത പൗരനും രാഷ്ട്രവും എന്ന രീതിയിൽ അത് തിരുത്തിയെഴുതപ്പെട്ടു. മതാധിഷ്ഠിതമായിരുന്ന യൂറോപ്പ് ക്രിസ്തു മതത്തെ അവഗണിച്ചു കൊണ്ട് സെക്കുലറിസത്തിലേക്കും ദേശീയതയിലേക്കും കുതിച്ചു. പാവനമായ ക്രിസ്തുമതത്തിന്ന് അധികാരവുമായുള്ള അവിശുദ്ധ ബന്ധംമൂലം വമ്പിച്ച വില കൊടുക്കേണ്ടി വന്നു. മതം മനുഷ്യസ്വാതന്ത്ര്യത്തിന്ന് എതിരാണെന്ന ബോധം യൂറോപ്പിൽ വളരുകയും ചെയ്തു. ക്രിസ്തു സഭയുടെ മതാധിഷ്ഠിത ഭരണം മതത്തിന്നും മനുഷ്യന്റെ സാത്വിക ജീവിതത്തിന്നും ധാർമികതക്കും ഏൽപ്പിച്ച ആഘാതം വിവരണാതീതമായിരുന്നു. മതവും വ്യക്തിയും തമ്മിലുള്ള ബന്ധം ആകെ പൊളിച്ചെഴുതപ്പെട്ടു. സാമൂഹ്യക്കരാറിന്റെ അടിസ്ഥാനത്തിലാണ് പിന്നീട് പൗരത്വം നിർണ്ണയിക്കപ്പെട്ടത്. ഭരണാധികാരത്തിൽ നിന്നും മതം ഒഴിഞ്ഞ് നിൽക്കണം എന്ന വിചാരത്തിൽ സെക്കുലരിസം എന്ന രഷ്ട്രീയ ദർശനത്തിൽ മുഖ്യധാരാ ചിന്തകന്മാർ എത്തിച്ചേർന്നു. (തുടരും)

ഭാഗം - 6

# ഹദ്റത്ത് മൗലാനാ ഹക്കീം നൂറുദ്ദീൻ സാഹിബ് ഭേരവി

## (ഖലീഫത്തുൽ മസീഹ് അവ്വൽ (റ))

വാഗ്ദത്ത മഹ്ദി(അ)യുടെ പ്രഥമ ശിഷ്യനും അഹ്മദിയ്യാ മുസ്ലിം ജമാഅത്തിന്റെ പ്രഥമ ഖലീഫയും മഹാ പണ്ഡിതനുമായ ഹക്കീം നൂറുദ്ദീൻ സാഹിബ് ഭേരവി(റ) യുടെ ജീവചരിത്ര പരമ്പര.

ഇബ്നു വഫാ ബേപ്പൂർ

### മുൻശി ജമാലുദ്ദീൻ സാഹിബിന്റെ അനുരക്തിയും വാത്സല്യവും

ജനാബ് മുൻശി ജമാലുദ്ദീൻ സാഹിബ് സംസ്ഥാനത്തെ ഏറ്റവും ഉയർന്ന പദവി അലങ്കരിക്കുന്ന വ്യക്തിയാണ്. അതോടൊപ്പം ഖുർആനെ വളരെയധികം സ്നേഹിക്കുകയും ആദരിക്കുകയും ചെയ്തിരുന്ന ഒരു മഹാനുമായിരുന്നു അദ്ദേഹം. എല്ലാ ദിവസവും മഗ്രിബ് നമസ്ക്കാരാനന്തരം ഈ പള്ളിയിൽ അദ്ദേഹം ഖുർആൻ ദർസ് നടത്തിയിരുന്നു. ആയത്തുകളുടെ പദാനുപദ തർജമ ജനങ്ങളെ പഠിപ്പിച്ചിരുന്നു. ഒരിക്കൽ ഹദ്റത്ത് ഹക്കീം നൂറുദ്ദീൻ സാഹിബും ആ ദർസിൽ പങ്കെടുത്തു. അവിടെ അപ്പോൾ സൂറ: ബക്കറയിലെ

وَإِذَا لَقُوا الَّذِينَ آمَنُوا قَالُوا آمَنَّا وَإِذَا خَلَا بَعْضُهُمْ إِلَىٰ بَعْضٍ قَالُوا أَتُحَدِّثُونَهُمْ بِمَا فَتَحَ اللَّهُ عَلَيْكُمْ

എന്ന ആയത്താണു പഠിപ്പിച്ചു കൊണ്ടിരുന്നത്. വിശ്വാസികളെ കാണുമ്പോൾ ഞങ്ങൾ വിശ്വാസിച്ചിരി ക്കുന്നുവെന്നവർ പറയും. അവരിൽ ചിലർ മറ്റു ചിലരുമായി തനിച്ചാകുമ്പോൾ (അന്യോന്യം കുറ്റപ്പെടുത്തി ക്കൊണ്ട്) അവർ പറയും അല്ലാഹു നിങ്ങൾക്കു വെളിപ്പെടുത്തി തന്നിട്ടുള്ളത് നിങ്ങൾ അവർക്ക് പറഞ്ഞു കൊടുക്കുകയാണോ? (ഖുർ ആൻ 2:77)

ഇവിടെ ഒരു ചോദ്യം ചോദിക്കാൻ ഹക്കീം നൂറുദ്ദീൻ സാഹിബ് (റ) അനുമതി ചോദിച്ചു. മുൻശിസാഹിബ് അനുവാദം നൽകിയപ്പോൾ മൗലവി സാഹിബ് പറഞ്ഞു. ഇവിടെ കപട വിശ്വാസികളെ (മുനാഫിഖീങ്ങൾ) കുറിച്ചാണ് പ്രതിപാദിച്ചിരിക്കുന്നത്. പക്ഷേ, വളരെ മൃദുവായ വാക്കുകളാണു പയോഗിച്ചിരിക്കുന്നത്. എന്നാൽ ഈ സൂറത്തിന്റെ ആരംഭത്തിൽ അത്തരക്കാരെ പരാമർശിച്ചു കൊണ്ട്

وَإِذَا لَقُوا الَّذِينَ آمَنُوا قَالُوا آمَنَّا وَإِذَا خَلَوْا إِلَىٰ شَيَاطِينِهِمْ

(2:15)

പിശാചുക്കൾ എന്ന രൂക്ഷമായ പദമാണു പ്രയോഗിച്ചിരിക്കുന്നത്. ഈ രണ്ടുവ്യത്യസ്ത പദങ്ങൾ ഉപയോഗിക്കാനുള്ള കാരണമെന്താണ്?

മുൻശി സാഹിബ് പറഞ്ഞു, താങ്കൾ തന്നെ വിവരിച്ചോളു. ഹദ്റത്ത് ഹക്കീം നൂറുദ്ദീൻ സാഹിബ് പറഞ്ഞു എന്റെ അഭിപ്രായത്തിൽ ആ കാലത്തു മദീനയിൽ രണ്ടുതരത്തിലുള്ള കപട വിശ്വാസികളാണുണ്ടായിരുന്നത്.

ഒന്നു ഗ്രന്ഥാനുസാരികൾ (അഹ്ലെ കിത്താബ്) മറ്റൊന്നു ബഹുദൈവാരാധകർ. ഗ്രന്ഥാനുസാരികളായ ജൂതന്മാരെ കുറിച്ചു മൃദുവായ വാക്കാണുപയോഗിച്ചത്. അതായത് بَعْضُهُمْ (അവരിൽ ചിലർ) എന്നാൽ ബഹുദൈവാരാധകരായതു കൊണ്ടാണ് മറ്റെ കൂട്ടരെ കുറിച്ചു شَيَاطِينِهِمْ പിശാചുക്കൾ എന്ന രൂക്ഷപദം ഉപയോഗിച്ചത്.

ഈ വിശദീകരണം കേട്ട് മുൻശി സാഹിബ് വളരെ ആശ്ചര്യത്തോടെ തന്റെ ഇരിപ്പിടത്തിൽ നിന്നും എഴുന്നേറ്റു. എന്നിട്ട് ഹക്കീം നൂറുദ്ദീൻ സാഹിബിന്റെ അടുക്കൽ വന്നിട്ടു പറഞ്ഞു ആ ഇരിപ്പിടത്തിൽ താങ്കൾ ഇരുന്നാലും. ഇനി ഞാനും താങ്കളിൽ നിന്ന് ഖുർആൻ പഠിക്കുന്നതായിരിക്കും. ഹദ്റത്ത് മൌലവി സാഹിബ് പറയുകയാണ്, അല്ലാഹുവിന്റെ ശക്തിപ്രഭാവം നോക്കൂ. ഈയുള്ളവൻ ഒരു വാക്കു വിവരിച്ചതേയുള്ളൂ അപ്പോഴേക്കും ഞാൻ അവർക്കു ഖുർആന്റെ ഉസ്താദായി മാറിപ്പോയി.

ഒരിക്കൽ മുഖ്യമന്ത്രി എന്ന നിലയിൽ മുൻശി ജമാലുദ്ദീൻ സാഹിബിന്റെ അദ്ധ്യക്ഷതയിൽ ഒരു ഔദ്യോഗിക യോഗം നടക്കുകയായിരുന്നു. ആ യോഗത്തിൽ ഹദ്റത്ത് മൗലവി നൂറുദ്ദീൻ സാഹിബും ക്ഷണിക്കപ്പെട്ടിരുന്നു. അവിടെ സന്നിഹിതരായിരുന്നവരിൽ ഒരാൾ ശാഹ് ഇസ്ഹാഖ് സാഹിബിനെ കുറിച്ച് അപമര്യാദയായി ചില കാര്യങ്ങൾ പരാമർശിക്കുകയുണ്ടായി. അത് ഹദ്റത്ത് മൗലവി ഹക്കീം നൂറുദ്ദീൻ സാഹിബിന് വലിയ മനോവേദനയുണ്ടാക്കി. അതിൽ അദ്ദേഹം കുപിതനാവുകയും സഭയിൽ നിന്നെഴുന്നേറ്റു പുറത്തേയ്ക്കു പോവുകയും ചെയ്തു. അന്നു മുൻശി സാഹിബിന്റെ അടുക്കൽ സാധാരണ പോലെ ഭക്ഷണം കഴിക്കാനും ചെന്നില്ല. എന്നാൽ മൗലവി ഹക്കീം നൂറുദ്ദീൻ സാഹിബിനോടുള്ള മുൻശി സാഹിബിന്റെ ആത്മാർഥ സ്നേഹവും ഹൃദയ ബന്ധവും നോക്കൂ, അന്നു മുൻശി സാഹിബും ഭക്ഷണം കഴിച്ചില്ല. അദ്ദേഹവും പട്ടിണി കിടന്നു. പിറ്റെ ദിവസം മുൻശി സാഹിബ്, നൂറുദ്ദീൻ അസർ ഏതു പള്ളിയിലാണ് നമസ്ക്കരിക്കാറെന്നു ചിലരോടന്വേഷിച്ചു. ഇന്ന സ്ഥലത്തുള്ള പള്ളിയിലാണെന്നു മനസ്സിലായപ്പോൾ മുൻശി സാഹിബ് അവിടെ എത്തി. അപ്പോൾ നൂറുദ്ദീൻ സാഹിബ് നമസ്ക്കരിക്കുകയായിരുന്നു. മുൻശി സാഹിബ് നേരെ മൗലവി ഹക്കീം നൂറുദ്ദീൻ സാഹിബിന്റെ വലതുവശം ചെന്നിരുന്നു. നൂറുദ്ദീൻ സാഹിബ് നമസ്ക്കാരം പൂർത്തിയാക്കി അസ്സലാമു അലൈകും വറഹ്മത്തുല്ലാഹ് എന്നു പറഞ്ഞു കൊണ്ടുസലാം വീട്ടിയപ്പോൾ മുൻശി സാഹിബ് വ അലൈക്കുമുസ്സലാം എന്നു പറയുകയും, ഓ ഹോ എന്നോടു സലാം പറയുന്നതിൽ യാതൊരു പിണക്കമോ സന്തോഷക്കുറവോ ഒന്നുമില്ല അല്ലേ? എന്നു പറഞ്ഞു കൊണ്ട് നൂറുദ്ദീൻ സാഹിബിന്റെ കൈ പിടിച്ചു എഴുന്നേൽപിച്ചു നേരെ പുറത്തേയ്ക്കു കൊണ്ടുപോയി തന്റെ ഔദ്യോഗിക കുതിരവണ്ടിയിൽ കൊണ്ടിരുത്തി. കുതിര വണ്ടിക്കാരനോട് ടൗണിനു പുറത്തു പോകാൻ പറഞ്ഞു. കുതിര വണ്ടി കുറേ ദൂരം എത്തിയപ്പോൾ മുൻശി സാഹിബ് പറഞ്ഞു ഇന്നലെ നീ എന്നെ പട്ടിണിക്കിട്ടു. ഞാൻ ഭക്ഷണം കഴിച്ചിട്ടില്ല. എന്തിനാണിത് ?

അപ്പോൾ ഹദ്റത്ത് നൂറുദ്ദീൻ സാഹിബ് പറഞ്ഞു താങ്കളുടെ ഔദ്യോഗിക സദസ്സുകളിൽ ശാഹ് ഇസ്ഹാഖ് സാഹിബ് അപമാനിക്കപ്പെടുന്നു. ഞാൻ അദ്ദേഹത്തെ വളരെ സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്ന ഒരാളാണ്. മുൻശി സാഹിബ് ചോദിച്ചു നിങ്ങൾ ശാഹ് ഇസ്ഹാഖ് സാഹിബിനെ കണ്ടിട്ടുണ്ടോ? നൂറുദ്ദീൻ സാഹിബ് പറഞ്ഞു. ഇല്ല. അപ്പോൾ മുൻശി സാഹിബ് പറഞ്ഞു ഞാൻ ഖുർആൻ പഠിച്ചതു ശാഹ് സാഹിബിൽ നിന്നാണ്. അദ്ദേഹത്തിന്റെ വീടിനു മുന്നിലൂടെയാണു ഞങ്ങളുടെ വീട്ടിലേയ്ക്കു പോകേണ്ടത്. അടിയുറച്ച ഒരു ശിയാ വിശ്വാസിയായിട്ടും അദ്ദേഹത്തിന്റെ ദറസുകളിൽ കൃത്യമായി പങ്കെടുക്കാറുള്ള ഒരാളാണു ഞാൻ. അദ്ദേഹവുമായുള്ള സഹവാസം കാരണമാണു ഞാൻ ഈ നിലയിലെത്തിയത്. എന്നിട്ട് മുൻശി സാഹിബ് പറഞ്ഞു ഞാനും അദ്ദേഹത്തിന്റെ ഒരു ആരാധകനാണ്. ഇന്നലെ നടന്നതു നിങ്ങൾ ഗൗനിക്കേണ്ട. അതു ഔദ്യോഗിക നടപടിയുടെ ഭാഗമാണെന്നു കരുതിയാൽ മതി. എന്നിട്ടു കുതിര വണ്ടി തന്റെ വീട്ടിലേക്കു തിരിച്ചു. ശേഷം ഒന്നിച്ചിരുന്നു ഭക്ഷണം കഴിച്ചു. അങ്ങനെ ആ പിണക്കം അവിടെ തീർന്നു. ഇതൊക്കെ ഹദ്റത്ത് നൂറുദ്ദീൻ സാഹിബിനോടുള്ള മുൻശി സാഹിബിന്റെ അപാരമായ സ്നേഹവും ആദരവുമാണു കാണിക്കുന്നത്. ഒരിക്കൽ ഹദ്റത്ത് മൗലവി നൂറുദ്ദീൻ സാഹിബിനോടു മുൻശി സാഹിബ് പറഞ്ഞു നീ ഇവിടെ നിന്നു പോവുകയില്ലെങ്കിൽ ഞാനൊരു കാര്യം പറയാൻ ആഗ്രഹിക്കുന്നു. മൗലവി സാഹിബ് പറഞ്ഞു എന്താണത് പറഞ്ഞോളൂ. അപ്പോൾ അദ്ദേഹം പറഞ്ഞു എനിക്കു നിന്നോടു എന്തെന്നില്ലാത്ത ഇശ്ക്കാണ്, ഞാൻ നിന്നെ പ്രേമിക്കുന്നു. ഇങ്ങനെയൊക്കെ മുൻശി സാഹിബിനെ പോലുള്ള ഒരാളെകൊണ്ടു പറയിച്ചതു ഹദ്റത്ത് മൗലവി ഹക്കീം നൂറുദ്ദീൻ സാഹിബി (റ) ന്റെ ആരേയും ആകർഷിക്കുന്ന ഉന്നത വ്യക്തിത്വവും അപാരമായ അറിവും ആത്മീയമായ ഉയർന്നതും മഹനീയവുമായ സ്ഥാനവുമാണെന്നതിൽ യാതൊരു സംശയവുമില്ല.

## എന്റെ വെയ്റ്റ് കോട്ടും കുബേര പുത്രനും

ഭോപാൽ ജീവിതകാലത്ത് അല്ലാഹുവിൽ നിന്നുള്ള സഹായത്തിന്റെ പല അസാധാരണ

സംഭവങ്ങൾക്കും ഹദ്റത്ത് ഹക്കീം നൂറുദ്ദീൻ സാഹിബി(റ)നു സാക്ഷിയാകാൻ ഭാഗ്യം ലഭിച്ചിട്ടുണ്ട്. അതിൽ ചികിത്സയുമായി ബന്ധപ്പെട്ട ഒരു സംഭവം അദ്ദേഹത്തിന്റെ വാക്കുകളിൽ വിവരിക്കാം. അദ്ദേഹം പറയുകയാണു ഞാൻ വിദ്യാർഥിയായിരുന്ന കാലത്തൊരിക്കൽ സ്വന്തം ഉപയോഗത്തിന്നായി മുന്തിയതരം കമ്പിളിത്തുണികൊണ്ടു രണ്ടു വെയ്റ്റ് കോട്ടു തയ്പ്പിച്ചിട്ടുണ്ടായിരുന്നു. സാധാരണയായി ഞാനത് എപ്പോഴും ഉപയോഗിക്കാറുമുണ്ട്. താമസ സ്ഥലത്തുള്ള അയയിലായിരുന്നു ഇട്ടിരുന്നത്. അതിലൊന്ന് ആരോ മോഷ്ടിച്ചു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ അതെന്റെ മനസ്സിനെ അൽപം പോലും വിഷമിപ്പിച്ചില്ലെന്നു മാത്രമല്ല അല്ലാഹു അതിലും മെച്ചപ്പെട്ടതു നൽകാനാണുദ്ദേശിക്കുന്നതെന്നു മനസ്സിലാക്കി സമാധാനിക്കുകയും പരിപൂർണ്ണ സംതൃപ്തിയോടും വിശാല മനസ്സോടും കൂടി ഇന്നാലില്ലാഹി വ ഇന്നാ ഇലൈഹി റാജിഊൻ എന്നു ചൊല്ലുകയും ചെയ്തു. പിന്നീട് രണ്ടാമത്തെ കോട്ട് എന്നെക്കാൾ കൂടുതൽ മറ്റൊരാൾക്കു ആവശ്യമുണ്ടെന്നു മനസ്സിലാക്കിയപ്പോൾ അല്ലാഹുവിനോടുള്ള നന്ദി സൂചകമായി ഞാനതൊരാൾക്കു നൽകുകയും ചെയ്തു.

ഹദ്റത്ത് നൂറുദ്ദീൻ സാഹിബ് വിവരിക്കുകയാണു ഈ സംഭവത്തിനു ഏതാനും ദിവസങ്ങൾക്കു ശേഷം മറ്റൊരു സംഭവത്തിനു ഞാൻ സാക്ഷിയായി. നഗരത്തിലെ പണക്കാരനായ ഒരാളുടെ പുത്രനു ഗൊണൊറിയ (Gonorrhoea) പിടിപെട്ടിട്ടുണ്ടായിരുന്നു. അധികം പ്രശസ്തനല്ലാത്ത ഒരു ഡോക്ടറെ കണ്ടെത്തി വിളിച്ചു കൊണ്ടുവരാൻ അവൻ തന്റെ ഒരു സ്നേഹിതനായ പീർ അബൂ അഹ്മദ് മുജദ്ദിദിയോടു ആവശ്യപ്പെട്ടു. മാത്രവുമല്ല അവനു സ്വന്തമായി തയാറാക്കാൻ പറ്റുന്ന മരുന്നും വേണം. പ്രശസ്തനല്ലാത്ത ഡോക്ടറും സ്വന്തമായി ഉണ്ടാക്കാൻ പറ്റുന്ന മരുന്നും അവൻ ആവശ്യപ്പെടാൻ കാരണം അവന്റെ ഈ രോഗവിവരം മറ്റുള്ളവർ അധികം അറിയേണ്ട എന്ന നിലയ്ക്കായിരിക്കാം. അവന്റെ ആ സ്നേഹിതൻ പീർ അബൂ അഹ്മദ് മുജദ്ദിദിക്കു എന്നെ നല്ല പരിചയമായിരുന്നു. അയാൾ നേരെ എന്റെ അടുക്കൽ വന്നു. കാര്യങ്ങൾ പറഞ്ഞ ശേഷം എന്നേയും കൂട്ടി പണക്കാരന്റെ വീട്ടിൽ ചെന്നു.

ഞാനവിടെ ചെന്നപ്പോൾ രോഗിയായ ചെറുപ്പക്കാരൻ തന്റെ തോട്ടത്തിൽ ഇരിക്കുകയായിരുന്നു. ഞാനയാളുടെ അടുക്കൽ ഒരു കസാരയിൽ ചെന്നിരുന്നു. അവൻ തന്റെ രോഗലക്ഷണങ്ങളെല്ലാം വിവരിച്ചു. എല്ലാം കേട്ട ശേഷം ഇതു ഗുഹ്യരോഗമല്ലാതെ മറ്റൊന്നുമല്ലെന്നു ഞാൻ ഉറപ്പിച്ചു പറഞ്ഞു. അതു കേട്ടു അവൻ പറഞ്ഞു എനിക്കു എളുപ്പത്തിൽ സ്വന്തം തയ്യാറാക്കാൻ പറ്റുന്ന വല്ല മരുന്നും നിർദ്ദേശിച്ചു തരണം. ഞാൻ പറഞ്ഞു ശ്രമിക്കാം. അതത്ര വലിയ പ്രശ്നമുള്ള കാര്യമല്ല. ഞങ്ങൾ ഇരുന്ന സ്ഥലത്തിനു ചുറ്റും ഞാനൊന്നു കണ്ണോടിച്ചു. അവിടെ ധാരാളം വാഴകൾ ഉണ്ടായിരുന്നു. വാഴകൾ ശ്രദ്ധയിൽപെട്ടപ്പോൾ അതുമായി ബന്ധപ്പെട്ട ഒരു ചികിത്സാ വിധി അല്ലാഹു എന്റെ ബുദ്ധിയിലിട്ടു. വാഴയുടെ വേരെടുത്ത് ഇടിച്ചു പിഴിഞ്ഞു 5 തോല നീരെടുത്ത് ഒരു മാശ വെടിയുപ്പും (പൊട്ടാസ്യം നൈട്രേറ്റ്) ചേർത്തു പല പ്രാവശ്യം കഴിക്കാൻ ഞാൻ നിർദ്ദേശിച്ചു. (മുകളിൽ പറഞ്ഞതു പഴയകാല അളവും തൂക്കവുമാണ്. ഒരു തോല എന്നാൽ 12 മാശ. ഒരു മാശ 16 ധാന്യമണിക്കു തുല്യമായ തൂക്കം) അവന്റെ പക്കൽ വെടിയുപ്പും ഉണ്ടായിരുന്നു. അവൻ ഉടനെ തന്നെ സ്വന്തമായി ഈ മരുന്നു തയാറാക്കി കഴിക്കാൻ തുടങ്ങി. പിറ്റെ ദിവസം വിവരമറിയുവാനായി ഞാനവന്റെ അടുക്കൽ ചെന്നു. ഒരു പ്രാവശ്യം മരുന്നു കഴിച്ചപ്പോഴേക്കും അസുഖത്തിനു വളരെ വ്യത്യാസമുണ്ടായതായും പിന്നീട് ഈ മരുന്നു കഴിക്കേണ്ട ആവശ്യമുണ്ടായില്ലെന്നും അവൻ പറഞ്ഞു. അല്ലാഹുവിന്റെ അനുഗ്രഹം ഒന്നുകൊണ്ടു മാത്രമാണിതു സംഭവിച്ചത്. അല്ലാഹു തന്നേയാണു എന്റെ മനസ്സിൽ ഈ ചികിത്സാവിധി ഉണർത്തിയത്. പിന്നീട് ഞാനവിടെ നിന്നും അവനോടു യാത്ര പറഞ്ഞു പിരിഞ്ഞു.

ഏതാനും ദിവസങ്ങൾക്കു ശേഷം രോഗിയായിരുന്ന ആ ചെറുക്കാരൻ പീർ അബൂ അഹ്മദ് മുജദ്ദിദി വശം വളരെ മുന്തിയതരം പട്ടിൽ സ്വർണ നിറത്തിലുള്ള കസവു കൊണ്ടു നെയ്തുണ്ടാക്കിയ ചിത്രപ്പണികളോടും പൂക്കളോടും കൂടിയ വസ്ത്രങ്ങളും നല്ലൊരു സംഖ്യയും എനിക്കായി കൊടുത്തുവിട്ടു. ഞാനതു കണ്ടപ്പോൾ പറഞ്ഞു, ഓ ഇതു എന്റെ വെയ്റ്റ് കോട്ടിന്നു പകരമായിട്ടുള്ളതാണ്. അപ്പോൾ മുജദ്ദിദി സാഹിബ് വളരെ അതിശയത്തോടെ ചോദിച്ചു, ഏത് വെയ്റ്റ് കോട്ട്? അതെന്താ കാര്യം? അപ്പോൾ ആ കഥ മുഴുവനും ഞാനയാളെ കേൾപിച്ചു

കൊടുത്തയച്ച വസ്ത്രങ്ങൾ നോക്കിക്കൊണ്ടു ഞാനയാളോടു പറഞ്ഞു ഇത്തരത്തിലുള്ള വസ്ത്രങ്ങളൊന്നും തന്നെ ഞാനുപയോഗിക്കാറില്ല. അതുകൊണ്ടു ഇതെല്ലാം ഇത്തരം വസ്ത്രങ്ങൾ വിൽക്കുന്ന കടയിൽ കൊണ്ടു പോയി വിറ്റേക്കൂ. അങ്ങനെ അയാൾ അതുകൊണ്ടുപോയി വിറ്റപ്പോൾ വീണ്ടും കുറെ കൂടി പണം കൈയിൽവന്നു. എത്രത്തോളമെന്നാൽ ഹജ്ജ് എന്റെ മേൽ ഫർളായി (നിർബന്ധമായി) തീർന്നു. ഹദ്റത്ത് മൗലവി സാഹിബ് പറയുകയാണു ചുരുക്കത്തിൽ അല്ലാഹുവിന്റെ വഴിയിൽ ചെലവു ചെയ്യുന്നവർക്കു ഒരിക്കലും ഒരു നഷ്ടവും ഉണ്ടാവുകയില്ല എന്നു നാം മനസ്സിലാക്കണം. പക്ഷേ, അതിൽ നമ്മൾ ഭൗതിക നേട്ടം

ലാക്കാക്കരുത്. പരിപൂർണമായും അല്ലാഹുവിന്റെ തൃപ്തിയും മനുഷ്യ സൃഷ്ടികളുടെ മേൽ കാരുണ്യവുമായിരിക്കണം നമ്മുടെ ലക്ഷ്യം.

## മൌലവി അബ്ദുൽ ഖയ്യൂം സാഹിബിന്റെ ഉപദേശം

ഭോപാലിലും ദീർഘമായി താമസിച്ചു കൊണ്ട് ഹദ്റത്ത് മൌലാനാ ഹക്കീം നൂറുദ്ദീൻ സാഹിബ് (റ) പല പല ഗ്രന്ഥങ്ങൾ പഠിച്ചു. പല വിഷയങ്ങളെകുറിച്ചും വളരെ ആഴത്തിൽ അറിവുകൾ കരസ്ഥമാക്കി. നേരത്തെ രാംപൂരിൽ കുറേകാലം താമസിച്ചു പഠിച്ചിരുന്നു വല്ലോ. അതിനു ശേഷമാണു ലഖ്നൗ ചെന്നു വൈദ്യപഠനം പൂർത്തിയാക്കിയത്. ഇപ്പോൾ ഇവിടെ ഭോപാലിലെ പഠനവും പൂർത്തിയായി. ഭാഷാ പരമായും മതപരവുമായുള്ള വിശാലമായ അറിവു കരസ്ഥമാക്കിയിട്ടും ധാരാളം ഗ്രന്ഥങ്ങൾ വായിച്ചു പഠിച്ചിട്ടും തുടർന്നും പഠിക്കാൻ തന്നേയാണു അദ്ദേഹത്തിന്റെ മനസ്സു വെമ്പൽ കൊണ്ടത്. തിരിച്ചു സ്വദേശത്തു ചെല്ലാൻ മനസ്സനുവദി ച്ചില്ല. അങ്ങനെ ഹജ്ജും പഠനവും ലക്ഷ്യമാക്കി അദ്ദേഹം മക്കയിലേ ക്കു പുറപ്പെടാൻ തീരുമാനിച്ചു. കൈയിലാണെങ്കിൽ ഇപ്പോൾ ധാരാളം പണവും വന്നെത്തിയിട്ടു ണ്ടല്ലോ.

യാത്രയ്ക്കുള്ള ഒരുക്കങ്ങൾ വേഗം വേഗം പൂർത്തിയാക്കി. പുറപ്പെടുന്നതിനു മുമ്പു ആദ്യം മുൻശി ജമാലുദ്ദീൻ സാഹിബിന്റെ അടുക്കൽ ചെന്നു അദ്ദേഹത്തോടു വളരെ ആദരവോടെ സ്നേഹ ത്തോടെ യാത്ര പറഞ്ഞു പിരിഞ്ഞു. അദ്ദേഹം ചെയ്തു തന്ന സഹായ ങ്ങളും കാണിച്ച സ്നേഹവും നന്ദി വാക്കു കളിൽ ഒതുക്കാവുന്ന വയല്ലല്ലോ? പിന്നീട് തന്നെ ഹദീസും മറ്റു പല വിഷയങ്ങളും പഠിപ്പിച്ച മൗലവി അബ്ദുൽ ഖയ്യൂം സാഹിബി നോടു യാത്ര ചോദിക്കാനായി വലിയ ഒരു കൂട്ടം പണ്ഡിതരും പ്രമുഖരുമോടൊപ്പം അദ്ദേഹത്തി ന്റെ അടുക്കൽ ചെന്നു. വിട പറയാൻ നേരത്തു ഹദ്റത്ത് മൌലവി നൂറുദ്ദീൻ സാഹിബ് തന്റെ ഭാവിജീവിതത്തിനുതകുന്ന വല്ല ഉപദേശവും നൽകാൻ അദ്ദേഹ ത്തോടപേക്ഷിച്ചു. അദ്ദേഹം പറഞ്ഞു എന്റെ ഉപദേശം നീ ഒരിക്കലും ദൈവമാകരുത് അവന്റെ പ്രവാചകനാണെന്നു കരുതുകയുമരുത് എന്നാണ്. ഹദ്റത്ത് മൌലാനാ ഹക്കീം നൂറുദ്ദീൻ സാഹിബ് പറയുകയാണ് ഞാൻ അദ്ദേഹത്തെ അൽപ സമയം നോക്കിയിരുന്നു. എന്നിട്ടു പറഞ്ഞു ഹദ്റത്ത്, താങ്കൾ പറഞ്ഞതിന്റെ പൊരുൾ മനസ്സിലായില്ല. ഇവിടെ ധാരാളം ആലിംകൾ ഇരിപ്പുണ്ട്. അവർക്കും മനസ്സിലായിട്ടില്ല എന്നാ ണു ഞാൻ വിചാരിക്കുന്നത്. അപ്പോൾ അവരെല്ലാവരും പറ ഞ്ഞു ശരിയാണു ഞങ്ങൾക്കുമതു മനസ്സിലായില്ല.

അപ്പോൾ മൌലവി അബ്ദു ൽ ഖയ്യൂം സാഹിബ് ചോദിച്ചു അല്ലാഹു ആരാണ്. നീ ആരെയാ ണു അല്ലാഹു എന്നു പറയുന്നത്. ഞാൻ പറഞ്ഞു അല്ലാഹുവിന്റെ ഒരു സിഫത്ത് ഫആലുൽ ലിമായുരീദ് എന്നാണ്. അവൻ ഇച്ഛിക്കുന്നതു ചെയ്യുന്നവനാണ്. അപ്പോൾ അദ്ദേഹം പറഞ്ഞു അതെ അതു തന്നേയാണു ഞാൻ ഉദ്ദേശി ച്ചതും. അതായതു നിന്റെ മനസ്സിൽ വല്ല ആഗ്രഹം ജനിക്കുകയും അതു പൂർത്തിയാക്കാൻ സാധിക്കാതി രിക്കുകയും ചെയ്താൽ നിന്റെ മനസ്സിൽ വലിയ ദു:ഖമുണ്ടായേ ക്കാം.അപ്പോൾ നീ നിന്റെ നഫ്സിനോടു പറയണം എടോ, താൻ ഉദ്ദേശിച്ചതു ചെയ്യാൻ നീ അല്ലാഹു ഒന്നുമല്ലല്ലോ. അതുപോ ലെ അല്ലാഹുവിന്റെ വല്ല കൽപന യും റസൂലിനു ലഭിച്ചാൽ പ്രസ്തുത കൽപന ജനങ്ങൾ അനുസരിച്ചി ല്ലെങ്കിൽ അവർ ശിക്ഷാർഹരായി ത്തീരുമെന്ന ചിന്ത പ്രവാചകന്മാർ ക്കു എപ്പോഴും ഉണ്ടാവും. അതു പ്രവാചകന്മാക്കു വലിയ മാനസിക വിഷമവും ഉണ്ടാക്കും. എന്നാൽ നീ റസൂൽ അല്ലാത്ത സ്ഥിതിക്കു നിന്റെ വ്യക്തിപരമായ കാര്യമോ കൽപനയോ ഉപദേശമോ ജനങ്ങൾ സ്വീകരിച്ചില്ലെങ്കിൽ അവരുടെ മേൽ ദൈവ ശിക്ഷയൊന്നും ഇറങ്ങുകയി ല്ല. അതുകൊണ്ട് അതു ആലോചി ച്ചും നീ ദു:ഖിക്കേണ്ടതില്ല. അതുകൊണ്ടാണു നീ അല്ലാഹുവും നബിയും ആകാൻ ശ്രമിക്കരുതെ ന്നു പറഞ്ഞത്. ഹദ്റത്ത് ഹക്കീം നൂറുദ്ദീൻ സാഹിബ് (റ) പറയുക യാണു ഈ മഹത്തായ ഉപദേശം എന്റെ ജീവിതത്തിലുടനീളം എനിക്കു വളരെ പ്രയോജനം ചെയ്തിട്ടുണ്ട്.

## മൗലവി അബ്ദുല്ലാഹ് സാഹിബിന്റെ കച്ചവട തന്ത്രങ്ങൾ

ഹദ്റത്ത് ഹക്കീം നൂറുദ്ദീൻ സാഹിബ് ഭോപാലിൽ നിന്നു മക്കയിലേക്കു പോകാനായി മുംബെയ്ക്കു പുറപ്പെട്ടു. വഴിയിൽ ബുർഹാൻ പൂർ എന്ന സ്ഥലത്ത് ഇറങ്ങി. അവിടെ ഒരാവശ്യാർഥം ടൗണിൽ ചെന്നപ്പോൾ മൗലവി അബ്ദുല്ലാഹ് സാഹിബ് എന്നൊ രാളെ യാദൃച്ഛികമായി കണ്ടു മുട്ടി. പരിചയപ്പെട്ടു. കണ്ടുമുട്ടിയതു യാദൃച്ഛികമായിരുന്നുവെങ്കിലും മൗലവി അബ്ദുല്ലാഹ് സാഹിബ് ഹദ്റത്ത് നൂറുദ്ദീൻ സാഹിബിന്റെ പിതാവിന്റെ പരിചയക്കാരനും സുഹൃത്തുമായിരുന്നു. അതു കാരണം അദ്ദേഹം തന്റെ സ്നേഹി തന്റെ മകനെ ഉപചാര പൂർവം സ്വീകരിക്കുകയും സൽക്കരിക്കുക യും ചെയ്തു. മാത്രവുമല്ല ഹദ്റത്ത് മൗലവി സാഹിബ് മക്കയിലേയ്ക്കു ള്ള യാത്രയിലാണെന്നറിഞ്ഞപ്പോൾ ബുർഹാൻപൂരിൽ നിന്നു പുറപ്പെടാ ൻ നേരത്ത് അദ്ദേഹത്തിനു യാത്രയിൽ ഉപയോഗിക്കാനായി മൗലവി അബ്ദുല്ലാഹ് സാഹിബ് മിഠായിയുടെ ചെറിയൊരു പാക്കറ്റും കൊടുത്തു. വഴിൽ വച്ചു അതു തുറന്നു നോക്കിയപ്പോൾ മിഠായി യോടൊപ്പം കുറച്ചു രൂപയും

മക്കയിലുള്ള ഒരു കച്ചവടക്കാരന്റെ പേരിൽ ആയിരം രൂപക്കുള്ള ചെക്കും ഉണ്ടായിരുന്നു. ചെക്കിനോടൊപ്പമുള്ള കുറിപ്പിൽ ഇതുമായി വരുന്ന നൂറുദ്ദീൻ ആവശ്യപ്പെടുകയാണെങ്കിൽ ആയിരം രൂപ വരെ നൽകണമെന്നും അത് തന്റെ കണക്കിൽ ചെലവു എഴുതണമെന്നും നിർദേശിച്ചിട്ടുണ്ടായിരുന്നു. മക്കയിലുള്ള ആ മാന്യനുമായി മൗലവി അബ്ദുല്ലാഹ് സാഹിബിനു കച്ചവടബന്ധമുണ്ട്. ഹദ്റത്ത് മൗലവി നൂറുദ്ദീൻ സാഹിബ് പറയുകയാണ് ഇതെന്റെ പിതാവിനോടുള്ള അബ്ദുല്ലാഹ് സാഹിബിന്റെ സ്നേഹവും ആദരവുമാണെങ്കിലും അദ്ദേഹത്തിന്റെ ഈ വിശാലമനസ്ക്കതയിൽ ഞാൻ വളരെയധികം ആശ്ചര്യപ്പെട്ടു.

പഞ്ചാബിലെ (പാക്കിസ്ഥാൻ)ശാഹ്പൂർ ജില്ലയിലെ സാഹീവാൾ സ്വദേശിയായ അബ്ദുല്ലാഹ് സാഹിബ് ബുർഹാൻ പൂർ എങ്ങനെ എത്തി എന്ന സംഭവ ബഹുലമായ കഥ അദ്ദേഹം സന്ദർഭവശാൽ ഹദ്റത്ത് മൗലവി സാഹിബിനോടു വിശദീകരിച്ചിരുന്നു. വർഷങ്ങൾക്കു മുമ്പ് മൗലവി അബ്ദുല്ലാഹ് സാഹിബ് വളരെ കഷ്ടപ്പെട്ടാണെങ്കിലും മക്കയിലെത്തി. അവിടെ ഉപജീവനത്തിനുള്ള യാതൊരു മാർഗവും ഇല്ലാതിരുന്നതിനാൽ രാവിലെ മുതൽ വൈകുന്നേരം വരെ അല്ലാഹുവിന്റെ പേരിൽ ഈ മിസ്ക്കീനു (അഗതിക്കു) വല്ലതും തരണേ എന്നു പറഞ്ഞു നിരത്തിലും തെരുവിലും യാചിക്കാൻ തുടങ്ങി. പക്ഷേ, എന്നിട്ടും വയറുനിറക്കാൻ മതിയായ ഭക്ഷണം കിട്ടിയിരുന്നില്ല.

കുറെ ദിവസങ്ങൾക്കു ശേഷം ഒരു ദിവസം സ്വയം ആലോചിച്ചു ഇത്രയധികം അലഞ്ഞിട്ടും ആവശ്യത്തിനു ഭക്ഷണത്തിനുള്ള വകപോലും കിട്ടാത്ത അവസ്ഥയിൽ രോഗിയായിപ്പോവുകയാണെങ്കിൽ എന്തു ചെയ്യും. തീരെ യാചിക്കാനാവുകയില്ലെങ്കിൽ പട്ടിണികിടക്കേണ്ടിവരും. ഈ തിരിച്ചറിവ് അദ്ദേഹത്തിനുണ്ടായപ്പോൾ ഇനി ഞാൻ പട്ടിണി കിടന്നു മരിച്ചു പോയാലും മേലിൽ യാചിക്കുകയില്ല എന്നു ശപഥം ചെയ്യുകയും കഅബയുടെ സമീപം ചെന്നു അതിന്റെ മേലങ്കി പിടിച്ചുകൊണ്ടു മേലിൽ ഞാൻ നിന്റെ സൃഷ്ടികളോടു യാചിക്കുകയില്ലെന്നു അല്ലാഹുവിനോടു പ്രതിജ്ഞ ചെയ്യുകയും ചെയ്തു. പക്ഷേ, അദ്ദേഹം പ്രതിജ്ഞ ചെയ്തു തിരിഞ്ഞു പുറകിൽ ചെന്നിരുന്നതേയുള്ളു അപ്പോഴേക്കും ഒരാൾ വന്നു ഒന്നരയണയ്ക്കു തുല്ല്യമായ ആറു പൈസ അദ്ദേഹത്തിന്റെ കൈയിൽ വച്ചു കൊടുത്തു. അബ്ദുല്ലാഹ് സാഹിബ് പറയുകയാണ് ഞാനാരോടും ചോദിച്ചില്ലെങ്കിലും എന്റെ രൂപവും ഭാവവും ഒരു യാചകനെ ഓർമപ്പെടുത്തുന്നതാണെന്നു തോന്നുന്നു. അതുകൊണ്ടാണല്ലോ എനിക്കയാൾ ധർമം തന്നത്. ഈ പൈസ തനിക്കു സ്വീകരിക്കാൻ പററുമോ ഇല്ലയോ എന്ന ചിന്തയിൽ ആ പൈസയുമെടുത്തു തന്നയാൾ പോയ വഴിയെ ഓടി. അപ്പോഴേക്കും അയാൾ പോയി കഴിഞ്ഞിരുന്നു. പിന്നീട് അദ്ദേഹം അവിടെ നിന്നെഴുന്നേറ്റു രണ്ടു പൈസയ്ക്കു റൊട്ടി വാങ്ങിക്കഴിച്ചു. ബാക്കിയുള്ള നാലുപൈസയ്ക്കു തീപെട്ടി വാങ്ങി. പിന്നീട് അദ്ദേഹം തീപ്പെട്ടി വേണോ തീപ്പെട്ടി. (കിബ്രീത്ത്, കിബ്രീത്ത്) എന്നു വിളിച്ചു കൊണ്ട് വിൽക്കാൻ തുടങ്ങി. അതു വിററപ്പോൾ ആറുപൈസ കിട്ടി. ആറുപൈസയ്ക്കു വീണ്ടും തീപെട്ടിവാങ്ങി വിററപ്പോൾ ഒമ്പതു പൈസകിട്ടി. അന്നു വൈകുന്നേരം വരെ ഈ കച്ചവടം തുടർന്നു കൊണ്ടിരുന്നപ്പോൾ നാലണ കൈയിൽ വന്നു.

അന്നു രാത്രി വീണ്ടും രണ്ടു പൈസക്കു റൊട്ടി വാങ്ങി കഴിച്ചു പള്ളിയിൽ ചെന്നു കിടന്നു. പിറ്റേ ദിവസവും ഇതേ കച്ചവടം തന്നെ തുടർന്നു. ഏതാനും ദിവസങ്ങൾ കൊണ്ടു തന്നെ അദ്ദേഹം തീപ്പെട്ടിയുടെ നല്ലൊരു കച്ചവടക്കാരനായി മാറി. തീപ്പെട്ടിയുടെ വലിയൊരു സ്റ്റോക്ക് കൈയിൽ വന്നു. പിന്നീട് ഈ കച്ചവടം ഉപേക്ഷിച്ചു. സ്ത്രീകൾ ഉപയോഗിക്കുന്ന സൗന്ദര്യവർദ്ധക വസ്തുക്കളുടെ കച്ചവടം ആരംഭിച്ചു. ആ കച്ചവടത്തിലും അല്ലാഹു വലിയ അനുഗ്രഹങ്ങൾ നൽകിയതിനാൽ അദ്ദേഹത്തിനു ഒരു കടയുടെ പകുതി ഭാഗം വാടകയ്ക്കെടുക്കേണ്ടി വന്നു. കച്ചവടം അത്രകണ്ടു പൊടിപൊടിച്ചു. നല്ല കാശു കൈയിൽ വന്നപ്പോൾ അദ്ദേഹം മക്കയിൽ നിന്നും സ്വദേശത്തേയ്ക്കു മടങ്ങി. പിന്നീട് മറ്റൊരു പുതിയ ബിസിനസ്സ് ആരംഭിച്ചു. ബോംബെയിലെ വലിയ പുസ്തക വ്യാപാരികളിൽ നിന്നും ഖുർആൻ വാങ്ങി നാട്ടിൽ കൊണ്ടുപോയി വിൽക്കാൻ തുടങ്ങി. ഖുർആനു ഗ്രാമങ്ങളിലും പട്ടണങ്ങളിലും ആവശ്യക്കാർ ഏറെ ഉണ്ടായിരുന്നു. ആ കച്ചവടവും നല്ല പുരോഗതി പ്രാപിച്ചു.

ഒരിക്കൽ മുപ്പതിനായിരം രൂപക്കുള്ള ഖുർആൻ പ്രതികളുമായി ഭേരയിൽ ചെന്നപ്പോൾ ഹദ്റത്ത് ഹക്കീം നൂറുദ്ദീൻ സാഹിബിന്റെ പിതാവ് കാണുകയും അതു മുഴുവൻ ഒന്നിച്ചു വാങ്ങുകയും ചെയ്തു. അതിൽ അബ്ദുല്ലാഹ് സാഹിബിന് വളരെ വലിയ ലാഭം കിട്ടി. പിന്നീട് ഖുർആൻ കച്ചവടം പഞ്ചാബിന്റെ മറ്റു ഭാഗങ്ങളിലും വ്യാപിപ്പിച്ചപ്പോൾ ലാഭം ഒന്നുകൂടി വർദ്ധിച്ചു. അതുകാരണം തുണിക്കച്ചവടവും അദ്ദേഹം ആരംഭിച്ചു. ഇതൊക്കെ ചെയ്തത് ബുർഹാൻപൂരിൽ നിന്നുകൊണ്ടാണ്. അതുകൊണ്ട് ബുർഹാൻപൂരിൽ തന്നെ വീടുണ്ടാക്കി സ്ഥിരവാസം ഇവിടെയാക്കി.

ഹദ്റത്ത് നൂറുദ്ദീൻ സാഹിബ് പറയുകയാണു അബ്ദുല്ലാഹ് സാഹിബിന്റെ കച്ചവടത്തിൽ ഞാൻ രണ്ടു കാര്യങ്ങളാണു പ്രധാനമായും കണ്ടത്. ഒന്ന് ഏതു ചരക്കാണെങ്കിലും അതു കെട്ടിക്കിടക്കാൻ അദ്ദേഹം അനുവദിച്ചിരുന്നില്ല.

പെട്ടെന്നു പെട്ടെന്നു വിൽക്കാൻ ശ്രമിച്ചിരുന്നു. മറ്റൊന്നു കച്ചവടത്തിന്റെ വ്യാപ്തി വർദ്ധിപ്പിക്കാൻ എപ്പോഴും അദ്ദേഹം ശ്രദ്ധിച്ചിരുന്നു. അതിനായി ചെറിയ ലാഭം മാത്രമേ എടുത്തിരുന്നുള്ളു. ഇദ്ദേഹത്തിന്റെ കച്ചവടത്തിന്റെ വെളിച്ചത്തിൽ ഹദീസിൽ വിവരിച്ച ഒരു കാര്യം തികച്ചും യാഥാർഥ്യവും വസ്തുനിഷ്ഠവുമാണെന്നെനിക്കു മനസ്സിലായി. കച്ചവടത്തിൽ നിങ്ങൾക്കു മഹത്തായ ഉപജീവനമാർഗ്ഗമുണ്ട് എന്നു തിരുനബി(സ) അരുൾ ചെയ്തിരിക്കുന്നു. അതു തികച്ചും ശരിയാണെന്ന് അബ്ദുല്ലാഹ് സാഹിബിന്റെ കച്ചവടത്തിലൂടെ ബോധ്യമായി.

## ഹദ്റത്ത് നൂറുദ്ദീൻ സാഹിബിന്റെ ഗ്രന്ഥങ്ങളോടുള്ള അഭിനിവേശവും പാരായണവും

ഹദ്റത്ത് ഹക്കീം നൂറുദ്ദീൻ സാഹിബ് പുസ്തകങ്ങളുടെ വലിയൊരു ആരാധ്യനാണ്. അറിവു കരസ്ഥമാക്കാനുള്ള ആദ്യപടി ഗ്രന്ഥപാരായണമാണെന്നദ്ദേഹം കരുതിയിരുന്നു. വായനയും പുസ്തക ശേഖരവും എന്നും അദ്ദേഹത്തിന്റെ ഉൽകടമായ അഭിലാഷമായിരുന്നു. മത ഗ്രന്ഥങ്ങൾ മാത്രമായിരുന്നില്ല അദ്ദേഹം വായിച്ചിരുന്നതും ശേഖരിച്ചതും. വിശ്വപ്രസിദ്ധരായ പല എഴുത്തുകാരുടെയും ഗ്രന്ഥങ്ങൾ വായിക്കാൻ അദ്ദേഹം സമയം കണ്ടെത്താറുണ്ട്. ഷേക്സ്പിയറുടെ അറബി ഭാഷയിൽ വിവർത്തനം ചെയ്യപ്പെട്ടിട്ടുള്ള പല ഗ്രന്ഥങ്ങളും അദ്ദേഹം വായിച്ചിട്ടുണ്ട്. രാംപൂർ പഠന കാലത്തു ദീർഘമായ വായന കാരണം രാത്രി ഉറങ്ങാൻ സാധിക്കാത്ത (insomnia - അനിദ്രത) ഒരു രോഗത്തിനദ്ദേഹം അടിപ്പെട്ടിരുന്നുവല്ലോ? അതോടെ അദ്ദേഹത്തിന്റെ ആരോഗ്യം പറ്റെ ക്ഷയിച്ചു പോയിരുന്നു. ഒരിക്കൽ അദ്ദേഹത്തിനു പ്രധാനപ്പെട്ട ഒരു വിഷയവുമായി ബന്ധപ്പെട്ടു ഒരു പുസ്തകം ആവശ്യമായി വന്നു. അതാണെങ്കിൽ വളരെ വിരളവും ലഭിക്കാൻ പ്രയാസവുമുള്ള ഒരു പുസ്തകമായിരുന്നു. ഭാഗ്യവശാൽ അതൊരാളുടെ കൈയിലുണ്ടെന്നറിഞ്ഞപ്പോൾ ഏതാനും ദിവസത്തേയ്ക്കു വായ്പ ചോദിച്ചു കൊണ്ടു അദ്ദേഹം പുസ്തകത്തിന്റെ ഉടമസ്ഥനെ സമീപിച്ചു. എഴുനൂറ് പേജുള്ള ആ പുസ്തകം ആറു മണിക്കൂർ നേരത്തേയ്ക്കു നൽകാമെന്നയാൾ സമ്മതിച്ചു. ഹദ്റത്ത് മൌലവി സാഹിബ് മറ്റൊന്നും ആലോചിച്ചില്ല. അതുടനെ കൊണ്ടു വന്നു വായനയാരംഭിച്ചു. നമസ്ക്കാരമല്ലാത്ത മറ്റെല്ലാകാര്യങ്ങളും തൽക്കാലം പിന്നാക്കം മാറ്റി വച്ചു. പ്രസ്തുത ഗ്രന്ഥത്തിൽ നിന്നുള്ള നോട്ടുകൾ തയാറാക്കി പറഞ്ഞ സമയത്തു തന്നെ നന്ദിപൂർവം അതു തിരിച്ചേൽപിക്കുകയും ചെയ്തു.

രാംപൂർ, ലഖ്നൗ, ഭോപാൽ തുടങ്ങിയ നഗരങ്ങളിലെ പഠന കാലത്തു വലിയ പണം ചെലവാക്കി ധാരാളം പുസ്തകങ്ങൾ അദ്ദേഹം വാങ്ങിയിട്ടുണ്ടായിരുന്നു. ഹദ്റത്ത് ശാഹ് വലിയുല്ലാഹ് സാഹിബ് ദഹ്‌ലവി രചിച്ച പ്രശസ്തമായ ഫൗസുൽ കബീർ എന്ന ഗ്രന്ഥം വായിക്കണം പഠിക്കണം എന്നതദ്ദേഹത്തിന്റെ വലിയ അഭിലാഷമായിരുന്നു. പക്ഷേ, പുസ്തകമെവിടെയും ലഭ്യമല്ലായിരുന്നു. ഇപ്പോൾ മുംബെയിൽ വച്ചു മൌലവി ഇനായത്തുല്ലാഹ് സാഹിബിനെ കണ്ടുമുട്ടിയപ്പോൾ സംസാരമദ്ധ്യേ ഫൗസുൽ കബീറിന്റെ കാര്യം പരാമർശിക്കപ്പെട്ടു. അപ്പോൾ അതിവിടെ കിട്ടാനുണ്ടെന്നും വില അമ്പതു രൂപയാണെന്നും അദ്ദേഹം അറിയിച്ചു. പിറ്റെ ദിവസം മൗലവി ഇനായത്തുല്ലാഹ് സാഹിബ് ആ പുസ്തകവുമായി വന്നു. ആ കാലത്ത് അമ്പതു രൂപ എന്നതു വളരെ വലിയ സംഖ്യയാണ്. പുസ്തകം ഹദ്റത്ത് മൌലവി സാഹിബിനു നൽകിയപ്പോൾ ഒരുനിമിഷം പോലും വൈകാതെ അമ്പതു രൂപാ നോട്ടെടുത്ത് മൗലവി ഇനായത്തുല്ലാഹ് സാഹിബിനു നൽകുകയും അവിടെ നിന്നു എഴുന്നേൽക്കുകയും ചെയ്തു. മൗലവി ഇനായത്തുല്ലാഹ് സാഹിബ് ചോദിച്ചു, എന്താണിത്ര ധൃതി? അപ്പോൾ ഹദ്റത്ത് നൂറുദ്ദീൻ സാഹിബ് പറഞ്ഞു ചില ഫുഖഹാക്കളുടെ അഭിപ്രായ പ്രകാരം രണ്ടു കക്ഷികൾ തമ്മിലുള്ള കച്ചവടം പ്രാബല്യത്തിൽ വരണമെങ്കിൽ അവർ കച്ചവടം നടത്തിയ ശേഷം വേർപിരിയണം. അതുകൊണ്ട് ഈ കച്ചവടം ദുർബലപ്പെട്ടു പോകാതിരിക്കാനാണു ഞാൻ വേഗം ഇവിടെ നിന്നും പോകുന്നത്. ഈ കച്ചവടം റദ്ദാക്കപ്പെട്ടു പോയാൽ തനിക്കു പുസ്തകം നഷ്ടപ്പെട്ടു പോയെങ്കിലോ എന്നാണു അദ്ദേഹത്തിന്റെ ഭയം. മൗലവി ഇനായത്തുല്ലാഹ് സാഹിബ് വളരെ സാത്വികനായ ഒരു വ്യക്തിയായിരുന്നു. ഹദ്റത്ത് നൂറുദ്ദീൻ സാഹിബിന്റെ മതഗ്രന്ഥങ്ങളോടുള്ള ഈ അമിതാവേശവും ചെറിയ പുസ്തകത്തിന്നായി ഇത്ര വലിയ തുക ചെലവഴിക്കുന്ന സ്വഭാവവും കണ്ടപ്പോൾ അദ്ദേഹത്തിന്റെ മനസ്സലിഞ്ഞു. ഈ പുസ്തകം തന്റെ വകയാണെന്നു പറഞ്ഞുകൊണ്ട് അദ്ദേഹം പണം തിരിച്ചു കൊടുത്തു. അപ്പോൾ ഹദ്റത്ത് മൌലവി സാഹിബ് അദ്ദേഹത്തോടു പറഞ്ഞു എന്റെ കൈയിൽ ആവശ്യത്തിനുള്ള പണമുണ്ട്. അങ്ങനെ കൂടുതൽ പണം കൈവന്നതിന്റെ അടിസ്ഥാനത്തിൽ ഹജ്ജ് തന്റെ മേൽ നിർബന്ധമായതു കൊണ്ടാണു താൻ മക്കയിലേക്കു പോകുന്നത് എന്നു കൂടി അദ്ദേഹത്തെ അറിയിച്ചു. പക്ഷേ, എത്ര പറഞ്ഞിട്ടും മൗലവി ഇനായത്തുല്ലാഹ് സാഹിബ് ചെവി കൊണ്ടില്ല. പണം തിരിച്ചു വാങ്ങാൻ കൂട്ടാക്കിയുമില്ല.

## ബൈത്തുല്ലാഹ് ദർശനവും ആദ്യ ദുആയും

മുംബെയിൽ നിന്നു കപ്പൽ കയറിയപ്പോൾ നാട്ടുകാരായ

അഞ്ചുപേർ കൂടെ ഉണ്ടായിരുന്നതു കാരണം യാത്ര വളരെ സുഖപ്രദമായി. കുറെ ദിവസത്തെ കപ്പൽ യാത്രയ്ക്കൊടുവിൽ ജിദ്ദയിലെത്തി. അവിടെ നിന്നു മക്കയിലേക്കുള്ള യാത്ര ഒട്ടകപ്പുറത്തായിരുന്നു. അല്ലാഹുവിന്റെ ഭവനം (ബൈത്തുല്ലാഹ് ശരീഫ്) ആദ്യമായി ദൃഷ്ടിയ്ക്കു ഗോചരമാകുന്ന മാത്രയിൽ ചെയ്യപ്പെടുന്ന ഏതു ദുആയും അല്ലാഹു സ്വീകരിക്കുമെന്നു ഹദ്റത്ത് മൗലവി നൂറുദ്ദീൻ സാഹിബ് ധാരാളം കേട്ടിട്ടുണ്ടായിരുന്നു. മക്കയുടെ അടുത്ത് ഒരു ഉയർന്ന പ്രദേശത്തെത്തിയപ്പോൾ കഅബ ദൃശ്യമായി. അപ്പോൾ അദ്ദേഹം ദുആ ചെയ്തു.

എന്റെ നാഥാ, ഞാൻ എല്ലായിപ്പോഴും നിന്റെ സഹായത്തിനു ആവശ്യക്കാരനാണ്.ഞാൻ നിന്നോടു ഇപ്പോൾ ഏതുകാര്യത്തിനു വേണ്ടിയാണു ദുആ ചെയ്യേണ്ടതെന്നെനിക്കറിയില്ല. അതുകൊണ്ട് എന്റെ ആവശ്യത്തിനു ഞാൻ ദുആ ചെയ്യുമ്പോഴെല്ലാം തന്നെ നീ അതു സ്വീകരിക്കേണമേ എന്നു ദുആ ചെയ്തു. ഹദ്റത്ത് നൂറുദ്ദീൻ സാഹിബ് പറയുകയാണ് കഅബ കാണുന്ന മാത്രയിൽ ചെയ്യപ്പെടുന്ന ദുആ അല്ലാഹു തീർച്ചയായും സ്വീകരിക്കുമെന്നു പറയപ്പെടുന്നുണ്ടെങ്കിലും അതിന്റെ ആധികാരികതയിൽ എനിക്കു വിശ്വാസമുണ്ടായിരുന്നില്ല. എന്നാൽ എന്റെ ജീവിതാനുഭവത്തിൽ നിന്നും ഇതു തികച്ചും സത്യമാണെന്നു എനിക്കു ബോധ്യമായി. കാരണം ഞാൻ ആദ്യമായി കഅബ കണ്ടപ്പോൾ ചെയ്ത ദുആ അല്ലാഹു സ്വീകരിച്ചിരിക്കുന്നു. ഞാൻ വളരെ പ്രശസ്തരായ വലിയ വലിയ ആലിംകളുമായും പ്രകൃതിവാദികളും തത്വജ്ഞാനികളുമായും നിരീശ്വരവാദികളുമായിട്ടുള്ളവരുമായി സംവാദത്തിലേർപ്പെട്ടിട്ടുണ്ട്. ഞാൻ അപ്പോഴെല്ലാം അല്ലാഹുവിനോടു സഹായം തേടിയിട്ടുമുണ്ട്. അതിന്റെ ഫലമായി അല്ലാഹു എനിക്കു മഹത്തായ വിജയം നൽകി അനുഗ്രഹിച്ചിട്ടുണ്ട്. ഇത് അല്ലാഹുവിലുള്ള എന്റെ വിശ്വാസത്തെ വളരെയധികം വർദ്ധിപ്പിച്ചിട്ടുമുണ്ട്.

## മക്കയിലെ പ്രശസ്തരായ അധ്യാപകരും ഹദീസ് പഠനവും

ഹദ്റത്ത് നൂറുദ്ദീൻ സാഹിബിനു മക്കയിൽ മഖ്ദൂം എന്നു പേരുള്ള ഒരാളുടെ വീട്ടിലാണു താമസം ലഭിച്ചത്. ആ വീട്ടിൽ അദ്ദേഹവും ഭാര്യയും മാത്രമേ ഉണ്ടായിരുന്നുള്ളു. അദ്ദേഹം നല്ലൊരു ഭക്തനും സാത്വികനുമായ ഒരു വൃദ്ധനായിരുന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ അധികം താമസിയാതെ തന്നെ ഹദീസ് പഠനത്തിനുള്ള ഏർപ്പാടുകൾ ശരിയായി. പ്രശസ്തരായ ഹദീസിന്റെ മൂന്ന് പണ്ഡിതരെ ഉസ്താദായി ലഭിച്ചു. ശേഖ് മുഹമ്മദ് ഖസ്റജി സാഹിബ്, സയ്യിദ് ഹുസൈൻ സാഹിബ്, മൗലവി റഹ്മത്തുല്ലാഹ് സാഹിബ് എന്നിവരായിരുന്നു ആ മൂന്ന് ഉസ്താദുമാർ. ഇവരിൽ നിന്ന് യഥാക്രമം ഹദീസ് ഗ്രന്ഥങ്ങളായ അബൂദാവൂദും, സ്വഹീഹ് മുസ്ലിമും, മുഅ്ത്ത ഇമാം മാലിക്കും പഠിക്കാൻ ആരംഭിച്ചു.

ഹദ്റത്ത് നൂറുദ്ദീൻ സാഹിബ് പറയുകയാണ്, ഇവരിൽ സയ്യിദ് ഹുസൈൻ സാഹിബിന്റെ കീഴിലാണു എനിക്കു ദീർഘകാലം പഠിക്കാൻ അവസരം ലഭിച്ചത്. അദ്ദേഹം വളരെ കുറച്ചു മാത്രമേ സംസാരിച്ചിരു ന്നുള്ളൂ. ചിലപ്പോൾ അത്യാവശ്യത്തിനു പോലും സംസാരിച്ചിരുന്നില്ല. പലകാര്യങ്ങളിൽ മാർഗ്ഗനിർദേശം തേടി ധാരാളം ആളുകൾ അദ്ദേഹത്തെ സമീപിക്കാറുണ്ടായിരുന്നു. അപ്പോൾ അദ്ദേഹം പറയും, നിങ്ങൾ ദൈവസ്മരണ എപ്പോഴും നിലനിർത്തണം. ചിലപ്പോൾ ചിലരോടു പറയും നിങ്ങൾ യാ ബാസിത് (അല്ലയോ വിശാലമായ അനുഗ്രഹദാതാവേ) എന്നു ഉരുവിട്ടുകൊണ്ടേയിരിക്കുക. ചിലരോടു യാ ഗനി (അല്ലയോ സ്വയം പര്യാപ്തനായവനേ) ചിലരോടു യാ ഹമീദ് (അല്ലയോ സ്തുത്യർഹനായവനേ) എന്നു ചൊല്ലിക്കൊണ്ടിരിക്കാൻ പറയും. ഇങ്ങനെ ചൊല്ലിക്കൊണ്ടിരിക്കുന്നതിലെ യുക്തി എന്താണെന്നു ചോദിക്കാൻ ഞാൻ പലപ്പോഴും ആലോചിച്ചിരുന്നു. എന്നാൽ അദ്ദേഹത്തിന്റെ മൗനശീലവും മൂകഭാവ ത്തോടുള്ള ആദരവും നിമിത്തം ഞാനതിനു ധൈര്യപ്പെട്ടില്ല. അദ്ദേഹത്തിന്റെ മറ്റൊരു പ്രത്യേകത അദ്ദേഹം സംസാരിക്കുമ്പോൾ ഹദീസിലുള്ള പദങ്ങളായിരുന്നു കൂടുതലായും ഉപയോഗിച്ചിരുന്നത്. എന്നെ മുഅ്ത്ത ഇമാം മാലിക് പഠിപ്പിച്ചിരുന്ന മൗലവി റഹ്മത്തുല്ലാഹ് സാഹിബ് പറയുകയാണ് എനിക്ക് സയ്യിദ് ഹുസൈൻ സാഹിബിനെ ഇരുപത് വർഷമായി പരിചയമുണ്ട്. എന്നാൽ ഇദ്ദേഹത്തിനു മറ്റാരോടെങ്കിലും ബന്ധമുള്ളതായോ ഇദ്ദേഹം എങ്ങനെയാണ് ഉപജീവനം നടത്തുന്നത് എന്നോ ഭക്ഷണം കഴിക്കുന്നത് എവിടെ നിന്നാണെന്നോ അറിയില്ല. (തുടരും)


കടപ്പാട് & അവലംബം

1. ഹയാത്തെ നൂർ By മൗലാനാ അബ്ദുൽ ഖാദർ സാഹിബ് സൌദാഗർ മൽ. റബ്വാ.

2. താരീഖെ അഹ്മദിയ്യത്ത് വാല്യം 3 By മൌലാനാ ദോസ്ത് മുഹമ്മദ് ശാഹിദ് സാഹിബ്, റബ്വാ.

3. മിർഖാത്തുൽ യഖീൻ ഫീ ഹയാതി നൂറുദ്ദീൻ By അക്ബർ ശാഹ് ഖാൻ സാഹിബ്, നജീബാബാദി.

4. ഹദ്റത്ത് മൌലവി നൂറുദ്ദീൻ സാഹിബ് (ഇംഗ്ലീഷ്) By ഹദ്റത്ത് സർ മുഹമ്മദ് സഫറുല്ലാഹ് ഖാൻ സാഹിബ് (റ)

5. സവാനിഹ് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ By റസിയ ദർദ് സാഹിബ കറാച്ചി.

6. അൽ ഫസ്ൽ ഉറുദു ദിനപത്രങ്ങൾ റബ്വാ.

കുറിപ്പുകൾ

# ആവർത്തിക്കുന്ന റേഡിയോ സ്പന്ദനം: അന്യഗ്രഹ ജീവികളുടേതോ?

മുസാഫിർ

പ്രപഞ്ചത്തിന്റെ വിദൂരകോണുകളിൽ നിന്നും നമ്മുടെ ഗ്രഹമായ ഭൂമിയിലേക്ക് വരുന്ന റേഡിയോ തരംഗങ്ങളെ കുറിച്ചുള്ള പഠനമാണ് റേഡിയോ അസ്ട്രോണമി. ഖഗോള ശാസ്ത്രത്തിന്റെ ഒരു ഉപശാഖയായി മാറിയ റേഡിയോ അസ്ട്രോണമി പ്രപഞ്ച വിസ്തൃതിയെക്കുറിച്ചുള്ള അറിവിന്നും പ്രപഞ്ച വിജ്ഞാനീയത്തിന്നും (Cosmology) നൽകിയ സംഭാവനകൾ വിലപ്പെട്ടതാണ്. നക്ഷത്രങ്ങൾ, പൾസാറുകൾ, ഗാലക്സികൾ മുതലായ പ്രകാശവർഷം അകലെയുള്ള ആകാശ വസ്തുക്കളിൽ നിന്നും അതിവിസ്തൃതമായ വാനമേഖലകളിൽനിന്നും വരുന്ന 10 kHz മുതൽ 300000 MHz വരെയുള്ള വിദ്യുത്കാന്തിക തരംഗങ്ങളെയാണ് റേഡിയോ തരംഗങ്ങൾ എന്ന് വിളിക്കുന്നത്. 1932 കാൾ ജാൻസ്കിയാണ് ഈ ശാസ്ത്ര ശാഖക്ക് തുടക്കമിട്ടത്.



പ്രപഞ്ചത്തിന്റെ വിദൂരകോണുകളിൽ നിന്നും ഭൂമിയിലെത്തുന്ന റേഡിയോ തരംഗങ്ങളിൽ പെട്ടതാണ് അതിവേഗ റേഡിയോ സ്ഫോടനങ്ങൾ FRB (Fast Radio Burst) എന്ന് അറിയപ്പെടുന്നത്. ഇത് ഒരു മില്ലി സെക്കന്റിന്റെ ഒരംശം മുതൽ ഒരു മില്ലിസെക്കന്റ് വരെ നീണ്ടു നിൽക്കുന്ന റേഡിയോ പൾസ് ആണ്. ആകാശ വിദൂരതയിൽ നടക്കുന്ന അത്യുന്നത ഉർജ്ജനിലകളുള്ള പ്രതിഭാസങ്ങളിൽ നിന്നാണ് ഈ ഊർജ്ജ തരംഗങ്ങൾ പ്രവഹിക്കുന്നത്. അതായത് നൂറ്ദശലക്ഷം സൂര്യന്മാർ ഒന്നിച്ച് പ്രവഹിപ്പിക്കുന്ന ഊർജ്ജത്തിന്ന് തുല്യമായ പ്രതിഭാസം മുതൽ മറ്റുപല പ്രാപഞ്ചിക പ്രതിഭാസങ്ങളിൽ നിന്നുവരെയുള്ള ഊർജ്ജ പ്രവാഹങ്ങളിൽ നിന്നാണ് അവ പ്രവഹിക്കുന്നത്. ഭൂമിയിൽ അവ എത്തുമ്പോൾ ചന്ദ്രനിലുള്ള ഒരു മൊബൈൽ ഫോണിൽ എത്തുന്ന സിഗ്നലുകളേക്കാൾ ആയിരത്തിലൊരംശം എന്ന രീതിയിൽ അത് ദുർബലമായിരിക്കും.

ഇങ്ങനെ പ്രപഞ്ചത്തിന്റെ അജ്ഞാതകോണുകളിൽ നിന്നും നമ്മുടെ കൊച്ചു ഗ്രഹമായ ഭൂമിയിലേക്ക് വരുന്ന റേഡിയോ തരംഗങ്ങളുടെ സ്റോതസ്സ് എവിടെ നിന്നാണ്? പ്രപഞ്ചത്തിന്റെ വിദൂരകോണുകളിലെവിടെയെങ്കിലും



ബുദ്ധി ഉപയോഗിക്കുന്ന നാഗരികതകളുണ്ടോ? അതിൽ വല്ല സന്ദേശങ്ങളുമുണ്ടോ? ഉണ്ടെങ്കിൽ അതിന്റെ പൊരുളെന്താണ്? അത്തരം റേഡിയോ സന്ദേശങ്ങൾക്കായി വൻ പരാബോളിക്ക് ഡിഷുകൾ സ്ഥാപിച്ച് വാനലോകത്തേക്ക് കാത് കൂർപ്പിച്ചിരിക്കുകയാണ് റേഡിയോ ആസ്ട്രോണമി ശാസ്ത്രജ്ഞന്മാർ. പല സ്രോതസ്സുകളിൽ നിന്നും വരുന്ന പല ഘടനയിലുമുള്ള ക്രമരഹിതമായ റേഡിയോ തരംഗങ്ങളാണ് ശേഖരിക്കപ്പെടാറ്. അത്തരം ക്രമരഹിതമായ റേഡിയോ സന്ദേശങ്ങളുടെ കൂട്ടത്തിൽ കനേഡിയൻ അസ്ട്രോണമി ശാസ്ത്രജ്ഞന്മാർക്ക് ലഭിച്ച വിചിത്ര രീതിയിലുള്ളതും ധിഷണാസ്പർശമുള്ളതുമായ ഒരു റേഡിയോ സന്ദേശമാണ് കുരുക്കഴിക്കാൻ കഴിയാത്ത ഒരു കുഴക്കുന്ന പ്രശ്നമായി തീർന്നത്. കാനഡയിലെ ടൊറന്റോ സർവ്വകലാശാലയിലെ നക്ഷത്ര ഭൗതിക ഗവേഷകയായ ഡോങ്ങ്സിലിയും സഹപ്രവർത്തകരുമാണ് ഭൂമിയിൽ നിന്നും 50 കോടി പ്രകാശ വർഷം അകലെയുള്ള ഒരു ഗാലക്സിയിൽ നിന്നുമുള്ള 16 ദിവസം പ്രതിക്രമമായ കാലദൈർഘ്യത്തിൽ ആവർത്തിക്കുന്ന ഈ FRB റേഡിയോ സ്പന്ദനം കണ്ടുപിടിച്ചത്. 2018 സെപ്തംബർ 16 മുതൽ 2019 ഒക്ടോബർ 26 വരെയുള്ള നിരീക്ഷണം വഴി ബ്രിട്ടീഷ് കൊളംമ്പിയയിൽ സ്ഥാപിച്ചിട്ടുള്ള ചിം/ എഫ് ആർ ബി (CHIME/FRB) റേഡിയോ ടെലസ്കോപ്പ് ഉപയോഗിച്ചാണ് ഇത് സാധിച്ചത്. സാധാരണ നിലയിൽ പ്രപഞ്ചത്തിലെ പല കോണുകളിൽ നിന്നും ലഭിക്കുന്ന ഇത്തരം റേഡിയോ തരംഗങ്ങൾ ക്രമരഹിതമായിരിക്കും എന്ന് പറഞ്ഞുവല്ലോ. ഈ FRB അങ്ങനെയല്ല ക്രമികമായി അവ ആവർത്തിക്കുന്നു. അതുകൊണ്ടാണ് ഇത് സ്വാഭാവിക പ്രകൃതിയിലുണ്ടാവുന്നതല്ല എന്നും മറിച്ച് ഒരു നിർമ്മിത കേന്ദ്രത്തിൽ ബോധപൂർവ്വമുള്ള ഏതോ പ്രക്രിയയിൽ നിന്ന് വരുന്നതാകാനാണ് സാദ്ധ്യത എന്നുമുള്ള ഊഹം ശക്തിപ്പെടാൻ കാരണം. ശാസ്ത്രരംഗത്തുള്ള ഇത്തരം ഊഹങ്ങൾ യാതൊരു അടിസ്ഥാനവുമില്ലാതെ വെറുതെയങ്ങ് നടത്താൻ സാദ്ധ്യമല്ല. നാം കാണുന്ന അല്ലെങ്കിൽ അനുഭവിക്കുന്ന വസ്തുതകൾക്കോ അനുഭവങ്ങൾക്കോ ഉള്ള യുക്തിസഹമായ വിശദീകരണം തേടുമ്പോൾ ലഭിക്കുന്ന സാദ്ധ്യതാ ഉത്തരങ്ങളാണ് ശാസ്ത്ര ചിന്തകരിൽ നിന്ന് ഉരുത്തിരിയുന്നത്. ഇതിനെയാണ് ശാസ്ത്രീയ പരികൽപനകൾ അല്ലെങ്കിൽ ശാസ്ത്രീയ നിഗമനങ്ങൾ എന്ന് പറയുന്നത്. അവ പൂർണ്ണ സത്യങ്ങളാകണമെന്നില്ല.



അവി ലോബ്

16 ദിവസം ഇടവിട്ടുള്ള ക്രമികമായ പ്രസ്തുത FRB തരംഗങ്ങൾ അന്യഗ്രഹ നാഗരികത സൃഷ്ടിക്കുന്നതാണെന്ന അഭിപ്രായം പ്രകടിപ്പിച്ചുകൊണ്ട് ഹാർഡ്വാർഡ് സർവ്വകലാശാലയിലെ ഗവേഷകനായ അവി ലോബ് ആണ് മുന്നോട്ട് വന്നിരിക്കുന്നത്. പ്രപഞ്ചത്തിലെ ഏതോ അതിവികസിത നാഗരികതയിലെ ജീവികൾ സ്പെയിസിലൂടെ ഒരു സ്ഥലത്ത് നിന്നും മറ്റൊരു സ്ഥലത്തേക്ക് വൻ ഊർജ്ജധാരകൾ സൃഷ്ടിച്ച് നടത്തുന്ന ചരക്കു നീക്കങ്ങളിൽ നിന്നും ചിതറി വരുന്ന ഊർജ്ജ തരംഗങ്ങളാകാം ഈ റേഡിയോ തരംഗങ്ങൾ എന്നാണ് അവിലോബ് വിവരിക്കുന്നത്! വൻ ഊർജ്ജ കിരണങ്ങളുടെ സഹായത്തോടെയുള്ള ഈ ചരക്ക് നീക്കത്തിന്ന് വമ്പിച്ച ഊർജ്ജം ആവശ്യമാണ്. ഈ പ്രക്രിയയിൽ നിന്നും ചിതറുന്ന ഊർജ്ജ പ്രവാഹമാണ് ഭൂമിയിൽ വളരെ ദുർബലമായി എത്തുന്നതെന്നാണ് ലോബിന്റെ ഊഹം!. അദ്ദേഹം അതിന്ന് പറയുന്ന വിശദീകരണം ഇപ്രകാരമാണ്. സ്പേസിലൂടെ വിഭവങ്ങൾ ഒരു സ്ഥലത്ത് നിന്നും മറ്റൊരു സ്ഥലത്തേക്ക് കൊണ്ടുപോകാൻ വൻ ഊർജ്ജം ആവശ്യമാണ്. അതായത് ഭൂമിയിൽ പതിക്കുന്ന മുഴുവൻ സൂര്യപ്രകാശത്തിന്റേയും അത്ര ഊർജ്ജമുള്ള കിരണങ്ങൾക്കേ അത് സാധിക്കൂ. ഓരോ മണിക്കൂറിലും 430 ക്വിൻറില്യൻ ജൂൾ (430 Quintillion Jule) ഊർജ്ജമാണ് സൂര്യനിൽ നിന്ന് ഭൂതലത്തിൽ പതിക്കുന്നത്. 430 കഴിഞ്ഞ് 18 പൂജ്യങ്ങൾ ചേർത്താൽ

ശേഷം പേജ് 42 ൽ

# അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ കേരള സംസ്ഥാന സമ്മേളനത്തിനുള്ള ഒരുക്കങ്ങൾ തുടങ്ങി

ആഗോള ആത്മീയ പ്രസ്ഥാനമായ അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ കേരള സംസ്ഥാന സമ്മേളനത്തിനുള്ള ഒരുക്കങ്ങൾ കോഴിക്കോട് തുടങ്ങിയതായി സംസ്ഥാന സമ്മേളന കമ്മിറ്റിയുടെ ജനറൽ കൺവീനർ എം. അബ്ദുസ്സമദ് സാഹിബ് അറിയിച്ചു. 2020 ഏപ്രിൽ 4, 5 (ശനി, ഞായർ) തീയതികളിൽ കോഴിക്കോട് കടപ്പുറത്ത് വെച്ചാണ് സമ്മേളനം നടക്കുന്നത്.

സംസ്ഥാന സമ്മേളനക്കമ്മിറ്റി ചെയർമാൻ ജനാബ് കെ. എം. അഹ്മദ് കോയ സാഹിബിന്റെ നേതൃത്വത്തിൽ കേരളത്തിലെ എല്ലാ ജില്ലാ അമീർമാരും ജില്ലാ ഇൻചാർജ്ജ് മുബല്ലിഗുമാരും മറ്റ് ജില്ലാ പ്രതിനിധികളുമടങ്ങുന്ന സ്വാഗതസംഘം സമ്മേളനത്തിന്റെ വിജയത്തിനായി വളരെ സജീവമായ പ്രവർത്തനങ്ങൾ തുടങ്ങിക്കഴിഞ്ഞു. സാമൂഹ്യ, സാംസ്കാരിക, രാഷ്ട്രീയ മേഖലകളിലുള്ള മഹത്‌വ്യക്തിത്വങ്ങളുടെ സാന്നിധ്യം ഉറപ്പാക്കിക്കൊണ്ട് ഈ സമ്മേളനം ബഹുസ്വരതയുടെയും സ്നേഹത്തിന്റേയും ഒരു വൈജ്ഞാനിക സംഗമവേദിയാക്കുവാനുള്ള പരിശ്രമത്തിലാണ് സമ്മേളനത്തിന്റെ സംഘാടകർ.

ഏപ്രിൽ നാലാം തീയതി കോഴിക്കോട് കടപ്പുറത്ത് ലയൺസ് പാർക്കിന് എതിർവശത്തുള്ള ആസ്പിൻ കോർട്ട് യാർഡിലെ പ്രഥമ സമ്മേളന വേദിയിൽ രാവിലെ 9.45നു അഹ്മദിയ്യാ ജമാഅത്തിന്റെ പതാക ഉയർത്തിക്കൊണ്ടാണ് സമ്മേളനത്തിന് തുടക്കം കുറിക്കുന്നത്. തുടർന്ന് രാവിലെ 10 മണിക്ക് കേന്ദ്രപ്രതിനിധി ഖിലാഫത്ത് പ്രതിജ്ഞ ചൊല്ലിക്കൊണ്ട് സമ്മേളനം ഉത്ഘാടനം ചെയ്യുന്നതാണ്. ആദ്യസമ്മേളനത്തിൽ കേരളത്തിലുള്ള എല്ലാ ജില്ലാ അമീർമാരും ജില്ലാ മുബല്ലിഗുമാരും നൂറുൽ ഇസ്ലാമിന്റെ മുബല്ലിഗുമാരും സംബന്ധിക്കുന്നതാണ്. ഉദ്ഘാടന സമ്മേളനം കൂടാതെ മറ്റ് നാല് സെഷനുകൾ കൂടി ഒന്നാം ദിവസത്തെ സമ്മേളനത്തിലുണ്ടാകും. ഒന്നാം ദിവസത്തെ മാനവീക ഐക്യ സമ്മേളനത്തിൽ ബഹുമാനപ്പെട്ട കോഴിക്കോട് മേയർ ശ്രീ തോട്ടത്തിൽ രവീന്ദ്രൻ, ബഹുമാനപ്പെട്ട കോഴിക്കോട് പാർലമെന്റ് അംഗം ശ്രീ. എം. കെ രാഘവൻ, ബഹുമാനപ്പെട്ട കോഴിക്കോട് നിയമസഭാംഗം ശ്രീ. എ. പ്രദീപ് കുമാർ, ഡോ. സെബാസ്റ്റ്യൻ പോൾ തുടങ്ങിയവർ പങ്കെടുക്കുന്നതാണ്. രണ്ടാം ദിവസം നടക്കുന്ന ആത്മീയ മൂല്യങ്ങളും വിശ്വശാന്തിയും എന്ന സെമിനാറിൽ ശ്രീ. രാഹുൽ ഈശ്വർ, ഫാദർ പോൾ തേലക്കാട്ട് തുടങ്ങിയവർ പ്രഭാഷകരായി സംബന്ധിക്കും.

രണ്ടാം ദിവസമായ ഏപ്രിൽ 5ാം തീയതി വൈകിട്ട് 5.30നു കോഴിക്കോട് കടപ്പുറത്തുള്ള സ്റ്റേജിലാണ് പൊതുസമ്മേളനം നടക്കുന്നത്. രണ്ട് ദിവസങ്ങളിലും വിവിധ വിഷയങ്ങളിൽ പ്രഗല്ഭ പണ്ഡിതന്മാരുടെ വൈജ്ഞാനിക ഭാഷണങ്ങൾ കൊണ്ട് അനുഗൃഹീതമായിരിക്കും.

ഖിലാഫത്തിന്റെ കീഴിലെ വിശ്വാസ സമൂഹം, ജ്ഞാനികളുടെ ആത്മീയ അനുഭൂതികളും അനുഭവങ്ങളും, പ്രപഞ്ച വിജ്ഞാനീയത്തിലെ ദൈവീക മുദ്രകൾ, ജനിതകശാസ്ത്രം അനുഗൃഹങ്ങളും അപകടങ്ങളും, വിജ്ഞാനലോകവും വിശ്വാസ സമൂഹവും, മനുഷ്യപരിണാമം ഖുർആന്റെ വെളിച്ചത്തിൽ, യുവതയുടെ ആശങ്കകളും പരിഹാരങ്ങളും, വിശ്വാസവും വിജ്ഞാനവും, അഹ്മദിയ്യാ ജമാഅത്തും ഭാവിലോകവും, ഇസ്ലാം ദേശീയത പൗരസമൂഹം, മുഹമ്മദ് നബി(സ) മാനവീകതയുടെ പ്രവാചകൻ എന്നിങ്ങനെ സമകാലിക ചിന്താലോകം ആവശ്യപ്പെടുന്ന വ്യത്യസ്ത വിഷയങ്ങളിലൂന്നിയ വൈജ്ഞാനിക പ്രഭാഷണങ്ങൾ, സംവാദങ്ങൾ, സെമിനാറുകൾ!

സമ്മേളനത്തിനെത്തുന്ന അതിഥികളെ ഏറ്റവും നല്ല രീതിയിൽ സ്വീകരിക്കുവാനും അവർക്ക് ഏറ്റവും സൗകര്യപ്രദമായ സംവിധാനങ്ങളൊരുക്കുവാനും ഊർജ്ജസ്വലരായ യുവാക്കളടങ്ങുന്ന സന്നദ്ധസംഘം, പ്രത്യേകം ലോഡ്ജുകളോ ഹോട്ടൽ മുറികളോ ആവശ്യമുള്ളവർക്ക് മുൻകൂട്ടി അറിയിച്ചാൽ കുറഞ്ഞ ചിലവിൽ അതെല്ലാമൊരുക്കുവാൻ പരിചയസമ്പന്നരായ സേവകന്മാർ, അതിഥികൾക്ക് ഏറ്റവും നല്ല

ഭക്ഷണമൊരുക്കണമെന്ന് നിർബ്ബന്ധമുള്ള സംഘാടകർ. ഈ സമ്മേളനം നമ്മുടെ ആത്മാഭിമാനമാക്കി മാറ്റുവാനും അതോടൊപ്പം ആത്മീയാനുഭൂതിയിലൂടെ സൗഹൃദം പുതുക്കുവാനും പുതിയ സൗഹൃദങ്ങൾ കെട്ടിപ്പടുക്കുവാനും പുതിയ പുതിയ ബന്ധങ്ങൾ കോർത്തിണക്കുവാനും ഈ സംഗമം നമുക്കൊരു നിമിത്തമാക്കി മാറ്റാം. ഇൻശാഹ് അല്ലാഹ്.

സമ്മേളനത്തിന്റെ വിജയത്തിനായി നാമോരോരുത്തരും നമ്മുടെ സമയവും സമ്പത്തും കൊണ്ട് ത്യാഗമനുഷ്ടിക്കുവാനും കൂടിയുള്ള സമയമാണിത്. ഭാരിച്ച ചിലവുകൾ നിവർത്തിക്കുവാൻ ഒരോരുത്തരും അവരവരുടെ വിഹിതങ്ങൾ മാൽ സെക്രട്ടറിമാരുടെ പക്കൽ എത്രയും വേഗം നൽകേണ്ടതാണ്. അതിഥികളുടെ സേവനാർഥം ബന്ധപ്പെടേണ്ട സംഘാടകരുടെ വിവരങ്ങൾ താഴെപ്പറയുന്നു.

അക്കോമഡേഷൻ/ ഹോട്ടൽ, ലോഡ്ജ്ജ് എന്നിവക്ക്
കെ. എൻ. മുഹമ്മദ് അഷ്റഫ് സാഹിബ് : ഫോൺ : 9633648367
എസ്. അക്ബർ അഹ്മദ് സാഹിബ് ഫോൺ : 9496383039

പൊതുവായ മറ്റ് കാര്യങ്ങൾക്ക്
**എം. അബ്ദുൽ സമദ്**
കൺവീനർ,
കേരള സംസ്ഥാന സമ്മേളന ക്കമ്മിറ്റി
ബൈത്തുൽ ഖുദ്ദൂസ്,
ജി.എച്ച് റോഡ്,
മുതലക്കുളം, കോഴിക്കോട് –673001
ഫോൺ; 94466 64741, 87148 34740
ഇമെയിൽ:
ameer.clt.dist@gmail.com

www.alislam.org

**പേജ് 40 ൽ നിന്ന് തുടർച്ച**

കിട്ടുന്ന സംഖ്യയാണ് 430 ക്വിൻറില്യൻ. മനുഷ്യർ മൊത്തം ഒരു വർഷം ഉപയോഗിക്കുന്നത് 410 ക്വിൻറില്യം ജൂൾ ആണെന്നോർക്കണം. അത്രയും ഊർജ്ജം ഉപയോഗിച്ചായിരിക്കും അവർ ചരക്ക് നീക്കം നടത്തുന്നത്. അപ്പോൾ ഭൂമിയിലേക്ക് പതിക്കുന്നതാണ് ഈ ഇടവിട്ടുള്ള ഊർജ്ജ പ്രാവഹം എന്നാണ് ലോബ് ഈ ക്രമികമായ റേഡിയോ തരംഗങ്ങൾക്ക് നൽകുന്ന വിശദീകരണം. മനുഷ്യന്ന് ഭാവിയിൽ അന്യഗ്രഹത്തിൽ നിന്നും വൻതോതിൽ വിഭവ സമാഹാരണം നടത്തണമെങ്കിൽ ഭൂമിയെ മാത്രം ആശ്രയിച്ച് ഇത്രയും ഊർജ്ജം സമാഹരിക്കാൻ സാധ്യമല്ല മറ്റുരീതികളിലുള്ള ഗോളന്തരീയമായ ഊർജ്ജ സ്റോതസ്സുകൾ കണ്ടു പിടിക്കുകയോ കണ്ടെത്തുകയോ വേണം എന്ന് ചുരുക്കം.

ക്രൈസ്തവ ഭൂകേന്ദ്രിത വിശ്വാസം പോലെ ആധുനിക കാലത്ത് ഭൂമിയിൽ മാത്രമേ ധൈഷണിക നാഗരികതയുള്ളൂ എന്ന് വിശ്വസിക്കുന്ന ഭൂകേന്ദ്രിത വിശ്വാസികളായ ഭൗതിക വാദികൾ പോലുമുണ്ട്. ആ വിശ്വാസത്തിന്ന് ഇളക്കം തട്ടിക്കൊണ്ടിരിക്കുന്നു എന്നതിന്റെ തെളിവുകളാണ് ശാസ്ത്ര ലോകത്ത് നിന്നും ഇത്തരത്തിലുള്ള ശാസ്ത്ര സങ്കൽപ്പങ്ങൾക്കും നിഗമനങ്ങൾക്കും പരികൽപ്പനകൾക്കും ലഭിക്കുന്ന സ്വീകാര്യത സൂചിപ്പിക്കുന്നത്. വിശുദ്ധ ഖുർആന്റെ പ്രപഞ്ച സങ്കൽപ്പം ഭൂകേന്ദ്രിത നാഗരികതാ വാദത്തെ നിരാകരിക്കുന്നു. പ്രപഞ്ചത്തിൽ ഭൂമിയല്ലാതെ ഇതര ഗോളങ്ങളിലും ദൈവത്തെ സ്തുതിക്കുന്ന അല്ലാഹുവിന്റെ സൃഷ്ടികളുണ്ടെന്ന് ഖണ്ഡിതമായും വ്യംഗ്യരൂപത്തിലും വിശുദ്ധഖുർആൻ സൂചിപ്പിക്കുന്നു. വിശുദ്ധ ഖുർആന്റെ ആധുനിക കാലത്തെ വ്യാഖ്യാതാവായ വാഗ്ദത്ത മസീഹ് ഹദ്റത്ത് അഹ്മദ് (അ) ഈ യാഥാർത്ഥ്യം ഊന്നി പറഞ്ഞിട്ടുണ്ട്.

# ന്യൂഡൽഹി കലാപം: ജനങ്ങളുടെ ജീവനും സ്വത്തും സംരക്ഷിക്കപ്പെടണം.

പൗരത്വനിയമ ഭേദഗതിയുമായി ബന്ധപ്പെട്ട് നടന്നു വരുന്ന പ്രക്ഷോഭങ്ങളോടുള്ള പ്രതികരണം എന്ന നിലക്ക് നമ്മുടെ രാജ്യതലസ്ഥാനമായ ഡൽഹിയുടെ വടക്ക് കിഴക്കൻ ഭാഗങ്ങളിൽ അരങ്ങേറിയ കലാപത്തിൽ 46 പേർ കൊല്ലപ്പെട്ടു എന്നത് അങ്ങേയറ്റം വേദനാജനകവും അപലപനീയവുമാണ്. കൊല്ലപെട്ടവരിൽ ബഹുഭൂരിപക്ഷവും ന്യൂനപക്ഷ വിഭാഗത്തിൽ പെട്ടവരാണ്. ജനങ്ങളുടെ ജീവനും സ്വത്തിന്നും സംരക്ഷണം നൽകുക എന്നത് ഭരണകൂടത്തിന്റെ പ്രാഥമിക ചുമതലയാണ്. അതിൽ കേന്ദ്രഭരണകൂടവും ഡൽഹി സംസ്ഥാന സർക്കാരും സ്വീകരിച്ച നിലപാടുകൾ ആശങ്കാജനകമാണ്. അമേരിക്കൻ പ്രസിഡന്റിന്റെ സന്ദർശന വേളയിൽ നമ്മുടെ തലസ്ഥാനത്തുണ്ടായ ഈ കലാപം അന്താരാഷ്ട്ര രംഗത്ത് തന്നെ നമ്മുടെ യശസ്സിന്ന് കളങ്കമുണ്ടാക്കുന്നതാണ്. ഡൽഹി കലാപത്തിൽ സത്യദൂതൻ അത്യധികം ഉത്ക്കണ്ഠ രേഖപ്പെടുത്തുകയും പൗരന്മാരുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകണമെന്ന് ഭരണകൂടത്തോട് അഭ്യർത്ഥിക്കുകയും ചെയ്യുന്നു.

# പുസ്തക പ്രകാശനം നടത്തി





അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് പ്രസിദ്ധീകരിച്ച രണ്ട് പുസ്തകങ്ങളുടെ പ്രകാശനം എറണാകുളം മറൈൻഡ്രൈവ് ഗ്രൗണ്ടിലെ കൃതി അന്താരാഷ്ട്ര പുസ്തകോത്സവ വേദിയിൽ വെച്ച് നടന്നു. അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് സ്ഥാപകൻ ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് മതങ്ങളും സമുദായങ്ങളും തമ്മിൽ ഐക്യത്തിൽ വർത്തിക്കേണ്ടതിന്റെ അനിവാര്യതയെക്കുറിച്ച് എഴുതിയ ***മൈത്രി സന്ദേശം*** എന്ന പുസ്തകത്തിന്റെ പ്രകാശനം പത്മശ്രീ എം.കെ.കുഞ്ഞോൽ ഫാദർ പോൾ തേലക്കാട്ടിന് നൽകിക്കൊണ്ട് നിർവഹിച്ചു. അഹ്മദിയ്യാ ഖലീഫ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് നടത്തിയ പ്രഭാഷണങ്ങളുടെയും വൻ രാഷ്ട്രത്തലവന്മാർക്ക് അയച്ച സമാധാന സന്ദേശങ്ങളുടെയും സമാഹാരമായ ***ആഗോള പ്രതിസന്ധിയും സമാധാനത്തിലേക്കുള്ള പാതയും*** എന്ന പുസ്തകത്തിന്റെ പ്രകാശനം പ്രമുഖ നിയമജ്ഞനായ അഡ്വ. കാളീശ്വരം രാജ് അഡ്വ. വി.ജെ. മാത്യുവിന് നൽകിക്കൊണ്ട് നിർവഹിച്ചു. ജില്ലാ അമീർ ടി.കെ. അബൂബക്കർ അദ്ധ്യക്ഷത വഹിച്ചു. ബി.ബി. അഹ്മദ് കബീർ, മൗലവി സുൽത്താൻ നസീർ, ഇ.എച്ച്. നജീബ് തുടങ്ങിയവർ സംസാരിച്ചു

# കണ്ണൂർ കൾച്ചറൽ ഫെസ്റ്റിവലിൽ ബുക്ക് സ്റ്റാൾ

ഫെബ്രുവരി 22 മുതൽ ഫെബ്രുവരി 24 വരെ കണ്ണൂർ ഇന്റർ നാഷണൽ കൾച്ചറൽ ഫെസ്റ്റിവെലിനോടനുബന്ധിച്ച് കണ്ണൂർ അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ ആഭിമുഖ്യത്തിൽ നടത്തിയ ബുക്ക് സ്റ്റാൾ ഇന്ത്യയിലെ പ്രമുഖരായ നിരവധി സാഹിത്യകാരന്മാരും സാംസ്കാരിക പ്രവർത്തകരും ബുദ്ധിജീവികളും രാഷ്ട്രീയ നേതാക്കന്മാരും സന്ദർശിച്ചു.

മുൻ കേന്ദ്രമന്ത്രിയും പ്രമുഖ പരിസ്ഥിതി ചിന്തകനും എഴുത്തുകാരനുമായ ജയറാം രമേശ് സന്ദർശിക്കുന്നു. കണ്ണൂർ ജമാഅത്ത് പ്രസിഡണ്ട് അബ്ദുൾ ഹമീദ് സാഹിബ് സമീപം.



Published on 7.03.2020
Pages 44
Vol: 92 Issue. 03
Price Rs. 30/-
RNI No. 3332/1957, Registered KL/EKM/726/2018-20
Licence No. KL/CR/EKM/WPP-09/2018-20. Licensed to post Without Prepayment
The Sathyadoothan Monthly

# അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത്

# സംസ്ഥാന സമ്മേളനം

**ഏപ്രിൽ 4,5**

**കോഴിക്കോട്**
കടപ്പുറം



**“ആത്മീയ മൂല്യങ്ങൾ വിശ്വശാന്തിക്ക്”**

എല്ലാവരേയും ഹാർദ്ദമായി സ്വാഗതം ചെയ്യുന്നു.

LOVE FOR ALL HATRED FOR NONE